
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

സമഗ്രവികസനറിപ്പോർട്ട്




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ചെന്നീർക്കര ഗ്രാമ പഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ



ചെന്നീർക്കര ഗ്രാമ പഞ്ചായത്ത്
ഭരണസമിതി



കെ. സദാശിവൻ (പ്രസിഡൻറ്)




പ്രൊഫ: ററി. കെ. ജി. നായർ
(വൈ: പ്രസിഡൻറ്)



കുഞ്ഞമ്മ വർഗ്ഗീസ്
(സ്റ്റാൻഡി: കമ്മിറ്റി ചെയർപേഴ്സൺ)

അംഗങ്ങൾ




അഡ്വ: സുരേഷ് കോശി



ബോധേശ്വര
പണിയ്ക്കർ



പാപ്പച്ചൻ ജോർജ്ജ്



എം.കെ. പുരുഷോത്തമൻ



ആലീസ് കോശി



ഓമനാ ഗോപിനാഥൻ



ഏലിയാമ്മ യോഹന്നാൻ

1

ആമുഖം

നമ്മുടെ മാതൃരാജ്യം കൊളോണിയൽ നുകത്തിൽനിന്നും മോചനം നേടിയതിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്നതിന്റെ തയ്യാറെടുപ്പിലാണ് നാം. കഴിഞ്ഞ 8 പഞ്ചവൽസര പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയതിനുശേഷമാണ് 9 ാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്താനും നടപ്പിലാക്കാനും കേരള സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചത്. 72–ാം ഭരണഘടന ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളും നിലവിൽ വന്നതും ഈ തീരുമാനത്തിനു പ്രചോദനമായി. കഴിഞ്ഞ 8 പഞ്ചവൽസര പദ്ധതികളിലൂടെ കുറെയേറെ പുരോഗതി കൈവരിക്കാൻ നമ്മുക്കു കഴിഞ്ഞുവെങ്കിലും ലക്ഷ്യമിട്ട നേട്ടങ്ങളുടെഅടുത്തൊന്നും നമുക്കെത്താൻ കഴിയാഞ്ഞത് പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മയിലേക്കാണു വിരൽ ചൂണ്ടിയത്. പ്രാദേശിക ആവിശ്യങ്ങളും സാദ്ധ്യതകളും കണക്കിലെടുക്കാതെയുള്ള കേന്ദ്രീകൃത ആസൂത്രണവും ഉദ്യോഗസ്തമേധാവിത്വവും അഴിമതിയിലേക്കും കെടുകാര്യസ്തതയിലേക്കും വഴിവച്ചു. ആസൂത്രണം വകുപ്പധിഷ്ടിതമാവുകയും വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാവാതിരിക്കുകയും ചെയ്തത് വിവിധ വകുപ്പുകൾ തമ്മിലുള്ള മൽസരത്തിലാണ്ചെന്നെത്തിയത്. അതുകൊണ്ടുതന്നെ വികസിച്ചത് വകുപ്പുകളും ഉദ്യോഗസ്തൻമാരുമായി. വികസന, ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിച്ച തുകയുടെ 25% മൂല്യം പോലും ഉത്പാദിപ്പിക്കപ്പെട്ടില്ല. എന്നുവച്ച് നാം ഒന്നും നേടിയില്ലെന്നല്ല. കാർഷികരംഗത്ത് ദേശീയതലത്തിൽ നാം സ്വയം പര്യാപ്തത നേടി. വ്യാപസായികരംഗത്തും നിർണ്ണായക വളർച്ച നമുക്കുണ്ടായി. പക്ഷെ ഈ നേട്ടങ്ങൾ ഒരു ചെറിയ ന്യൂനപക്ഷത്തിനുവേണ്ടി വിനിയോഗിക്കപ്പെട്ടു. അഖിലേന്ത്യാതലത്തിൽ ചിത്രമിതാണെങ്കിൽ കേരളത്തിലെ സ്ഥിതി അത്യന്തം ശോചനീയമായി.

കാർഷികരംഗത്തും വ്യാവസായികരംഗത്തും കേരളത്തിൽ മുരടിപ്പും പിന്നോട്ടു പോക്കുമാണ് നമുക്ക് കാണാൻ കഴിയുന്നത്. ആവശ്യത്തിനുള്ള ഭക്ഷ്യോത്പന്നങ്ങളുടെ 50% പോലും ഉത്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. വ്യാവസായികരംഗത്തും നമ്മുടെ വളർച്ച അഖിലേന്ത്യാ തോതിനേക്കാൾ വളരെ പിന്നിലാണ്. നമ്മുടെ സംസ്ഥാനം എല്ലാ അർത്ഥത്തിലും ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുന്നു, സാക്ഷരത, പൊതുജനാരോഗ്യം, സാമൂഹ്യ സുരക്ഷ, ശുചിത്വം, ആയൂർദൈർഘ്യം തുടങ്ങി പല രംഗങ്ങളിലും അന്തർദേശീയ ശ്രദ്ധതന്നെ പിടിച്ചുപറ്റിയ കേരള മോഡൽ വികസനത്തിലൂടെ നാം ഇന്ത്യയിൽ ഒന്നാമതെത്തുകയും വികസിത രാജ്യങ്ങളോടൊപ്പം ചെന്നെത്തുകയും ചെയ്തപ്പോഴും തന്നെ പ്രതീക്ഷിച്ച ഉത്പാദനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലൊന്നെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളുടെയും പിന്നിലാണ്.ഉത്പാദന രംഗത്തെ ഈ മാന്ദ്യം അവസാനിപ്പിക്കാതെ നാം നേടിയ പുരോഗതി നിലനിർത്താൻ കഴിയില്ലെന്ന് സമീപകാല സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രധാന്യവും പ്രസക്തിയും.

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുതലങ്ങളിൽ തടയുന്ന വികസനപ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ജനപങ്കാളിത്തത്തോടെയാവുമ്പോഴും കേന്ദ്രീകൃത ആസൂത്രണത്തിന്റെ ശാപങ്ങളിൽനിന്നും നാം മുക്തരാവുന്നു. അഴിമതിക്കുള്ള സാദ്ധ്യതതന്നെ വിരളമാവുന്നു. പദ്ധതികളും സുതാര്യമാവുമ്പോഴും നടത്തിപ്പ് കുറ്റമറ്റതാകുന്നു. ഇതൊരുപരീക്ഷണമാണ് ഈ പരീക്ഷണത്തിൽ നാം വിജയിക്കുമെന്നു പ്രതീക്ഷിക്കാം. വിജയിച്ചില്ലെങ്കിൽ നമ്മുടെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടേക്കാം.

ചെന്നീർക്കര പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം10/9/'96ന് ചേർന്നുപഞ്ചായത്തുകമ്മിറ്റി തീരുമാനത്തിലൂടെ സമാരംഭിച്ചു. 19/9/'96ന് ലോക്കൽ റിസോഴ്സ്പേഴ്സൺമാരുടെ പരിശീലനം നടന്നു. 22/9/'96 ന് ഗ്രാമസഭകളും ആരംഭിച്ചു. 6/10/'96 നു മുഴുവൻ ഗ്രാമസഭകളും ചേർന്നുകഴിഞ്ഞു. ഗ്രാമസഭകളിൽ ഏല്ലാം 100 നും 300 നും ഇടയ്ക്ക് ജനങ്ങളും പങ്കെടുത്തു. സ്ത്രീകളുടെ പങ്കാളിത്തം എല്ലാ ഗ്രാമസഭകളിലും ശ്രദ്ധേയായിരുന്നു. രണ്ടാം ഘട്ട പരിശീലനത്തിനു ശേഷം വികസന റിപോർട്ട് തയ്യാറാക്കാനാരംഭിച്ചു. നമ്മുടെ പഞ്ചായത്തിന്റെ വരും കാലത്തേക്കുള്ള സമഗ്രവികസനറിപ്പോർട്ട് തയ്യാറക്കാൻ സഹകരിച്ച മുഴുവനാളുകളോടും നമുക്ക് കൃതജ്ഞരാവാം.നാടിന്റെ വികസനത്തിൽകൈമെയ് മറന്ന് പങ്കാളികളാവുമെന്നു പ്രതിജ്ഞയെടുക്കാം



2

ചെന്നീർക്കര ഗ്രാമപഞ്ചായത്ത്
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്..... .....ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ്..... .....ചെന്നീർക്കര

ബ്ലോക്ക്പഞ്ചായത്ത്..... ....ഇലന്തൂർ

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ..... ....ചെന്നീർക്കര, പ്രക്കാനം

താലൂക്ക്..... .....കോഴഞ്ചേരി

അസംബ്ലിമണ്ഡലം..... .....പത്തനംതിട്ട

വിസ്തീർണ്ണം..... .....19.5 ചതുരശ്ര കിലോമീറ്റർ

അതിരുകൾ.....കിഴക്ക്പത്തനംതിട്ട മുനിസിപ്പാലിറ്റി,
പടിഞ്ഞാറ് മെഴുവേലി കുളനട പഞ്ചായത്തുകൾ,
തെക്ക് അച്ചൻ കോവിലാറ്;വടക്ക് ഇലന്തൂർ പഞ്ചായത്ത്

ജനസംഖ്യ..... 19351

ജനസാന്ദ്രത..... .....992.35

വാർഡുകൾ.....10

പ്രസിഡൻറിന്റെ പേര്..... .....കെ. സാദാശിവൻ

വൈസ് പ്രസിഡൻറിന്റെ പേര്..... .....റ്റി. കെ. ജി. നായർ

സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ.....ശ്രീമതി കുഞ്ഞമ്മവർഗ്ഗീസ്

ശരിയായ ഭാരതീയ പരിഷ്ക്കാരം

ഭാരതീയ ഗ്രാമങ്ങളിലാണ്,

....മഹാത്മാഗാന്ധി



3

സാമൂഹിക-സാംസ്കാരിക ചരിത്രം.

A. D. ഒന്നു മുതൽ ഒൻപതാം ശതകം വരെ കേരള ചരിത്രത്തെക്കുറിച്ചുള്ള അറിവ് ഇരുൾ മൂടിക്കിടക്കുമ്പോഴും, ഈ കാലഘട്ടത്തിലെ ചെന്നീർക്കരയുടെ ചരിത്രവും അവ്യക്തതയുടെ നിഴലും വെളിച്ചവും നിറഞ്ഞ ചരിത്രാതീത കാലഘട്ടമെന്ന് നമുക്കു വിശേഷിപ്പിക്കാവുന്നതാണ്.

ചെന്നീർക്കരയെക്കുറിച്ചു പരാമർശിക്കുന്ന ചരിത്ര രേഖകളിൽ പ്രാമാണ്യം അർഹിക്കുന്നത് റോബർട്ട് സീവെല്ലി (Robert Sewell) ന്റെ ദക്ഷിണേന്ത്യൻ ലിഖിതങ്ങളാണ് (South Indian Inscriptions). കൊടുമൺ ഭൂവിഭാഗം ഉൾപ്പെടുന്ന ചെന്നീർക്കര സ്വരൂപം ''ശക്തി ഭദ്രൻ'' എന്ന സ്ഥാനപ്പേരോടുകൂടിയ രാജാക്കൻമാരാണ് ഭരണം നടത്തിയിരുന്നതെന്ന് റോബർട്ട് സീവെൽ രേഖപ്പെടുത്തിയിരുന്നു. ചെന്നീർക്കര രാജകുടുംബം ചെന്നീർക്കരയിൽ നിന്നും കൊടുമണ്ണിൽ ഏതു കാലത്ത് ആസ്ഥാനം ഉറപ്പിച്ചു എന്നു സമർത്ഥിക്കുന്നതിനുള്ള ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും ചെന്നീർക്കര രാജകുടുംബത്തിന്റെ 'മൂലഗൃഹം' ചെന്നീർക്കരയിൽ ഇന്നു കാണുന്ന പുരാതന തറവാടായ 'വലിയതറ' യാണെന്ന് അനുമാനിക്കാൻ കഴിയുന്ന രീതിയിൽ, പൗരാണിക തച്ചുശാസ്ത്ര പ്രകാരം നിർമ്മിച്ചിരിക്കുന്ന വലിയതറ ഗൃഹവും ക്ഷേത്രവും, വിസ്തൃതമായ കാവുകളും ചരിത്ര മുഹൂർത്തങ്ങളിലെ രജതരേഖയായി ഇന്നും നിലകൊള്ളുന്നു. കാലപ്രവാഹത്തിൽ ചെന്നീർക്കര രാജകുടുംബം അന്യം നിന്നു പോവുകയും പാണ്ഡ്യരാജവംശമായ പന്തളത്ത് നാട്ടുരാജ്യത്തിൽ ലയിക്കുകയും ചെയ്തു. തിരുവിതാംകൂറിന്റെ മഹാരാജാവായിരുന്ന അനിഴംതിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവിതാംകൂറിന്റെ യുദ്ധ ചെലവിലേക്കായി 'കപ്പം' കൊടുക്കാനുള്ള ആസ്തി ഇല്ലാതിരുന്നതിനാൽ ഈ നാട്ടുരാജ്യം പിന്നീട് തിരുവിതാംകൂറിന്റെ ഭാഗമായ് തീരുകയും ചെയ്തു.

A. D. ഒൻപതാം ശതകത്തിൽ ചെന്നീർക്കര സ്വരൂപത്തിൽ ജനിച്ച മലയാള ബ്രാഹ്മണനായിരുന്ന 'ശക്തി ഭദ്രൻ' എന്ന സംസ്കൃത കവിയാണ് തെക്കേ ഇന്ത്യയിലെ തന്നെ ആദ്യത്തെ നാടകമായ 'ആശ്ചര്യ ചൂഡാമണി' യുടെ കർത്താവെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം ശങ്കരാചാര്യരുടെ സമകാലീകനായിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ചെന്നീർക്കര എന്ന സ്ഥലനാമത്തിന് ഭാഷാപരമായ വ്യാഖ്യാനം ഒന്നിലധികം പറഞ്ഞുകേട്ടിട്ടുണ്ടെങ്കിലും ഇതിൽ പ്രാമാണ്യം അർഹിക്കുന്നത് 'ചെമന്ന നീർ' (ചെം + നീർ) ചെന്നീർ എന്ന അർത്ഥം കൽപ്പിച്ച് യുദ്ധങ്ങൾ നടന്ന സ്ഥലം ചെന്നീർക്കര എന്ന വ്യാഖ്യാനത്തിനാണ്. ചെന്നീർക്കര പടയാളികൾക്ക് യുദ്ധമുറകൾ അഭ്യസിക്കുന്നതിനുള്ള സ്ഥലമായിരുന്ന മുറിപ്പാറ മൺ മൈതാനം എന്ന ചരിത്രപരാമർശനത്തിൽ നിന്നും മേൽ പറഞ്ഞ വാദഗതിക്ക് പ്രസക്തി യേറുന്നു.

ചെന്നീർക്കരയുടെ ആധുനീക ചരിത്രം.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ രാജ്യത്തെങ്ങും അലയടിച്ചുയർന്ന സ്വാതന്ത്ര്യ ദാഹത്തിന്റെ മാറ്റൊലി ചെന്നീർക്കരയിലും ശക്തമായിരുന്നു. 1932 ലെ നിവർത്തന പ്രക്ഷോഭത്തിന്റെ ഭാഗമായി മുറിപ്പാറമണ്ണിൽ നടന്ന മഹാസമ്മേളനത്തിലും, 38-ലെ നിയമലംഘന സമരത്തിന്റെ ഭാഗമായി അമ്പലത്തുംപാട്ട് നടന്ന നിയമലംഘന പ്രഖ്യാപനത്തിലും ഈ പ്രദേശത്തു നിന്നും നിരവധി ദേശസ്നേഹികൾ പങ്കെടുത്തിട്ടുണ്ട്.

നല്പാനിക്കുന്ന് വെട്ടിനിൽക്കുന്നതിൽ അഡ്വ: വി. കെ. വർഗീസ് സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃനിരയിൽ തന്നെ ഉണ്ടായിരുന്ന മാന്യദേഹമാണ്. ശ്രീമാൻ പട്ടം താണുപിള്ള, T. M. വർഗീസ്. C. കേശവൻ എന്നിവർ അറസ്റ്റു വരിച്ചു കഴിഞ്ഞപ്പോൾ സ്റ്റേറ്റു കോൺഗ്രസിന്റെ പ്രസിഡന്റു സ്ഥാനമേൽക്കുകയും അറസ്റ്റു വരിക്കുകയും ചെയ്ത ഇദ്ദേഹം പിന്നീട് തിരു-കൊച്ചി നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. സർക്കാർ ജോലി ലഭിച്ചതിനെ തുടർന്ന് സമരത്തിൽ നിന്ന് പിൻമാറേണ്ടി വന്നെങ്കിലും ചെന്നീർക്കര വൃന്ദാവനത്തിൽ ശ്രീമതി ഗൗരിക്കുട്ടി സ്റ്റേറ്റു കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള തിരുവിതാംകൂർ സ്വാതന്ത്ര്യ സമരത്തിൽ ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട്. ക്ഷേത്ര പ്രവേശന വിളംബരത്തെ തുടർന്നു വടക്കുംനാഥ ക്ഷേത്രത്തിൽ പട്ടിക ജാതിക്കാരെ പ്രവേശിപ്പിക്കുന്നതിന് അവരുടെ ജാഥ നയിച്ച് നേതൃത്വം നൽകിയ പുത്തേഴത്ത് ശ്രീ. പി. എൻ. മാധവൻ നായരും സ്മരിക്കപ്പെടേണ്ട ഒരു മഹത്വ്യക്തിയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മറ്റൊരു സ്മര്യപുരുഷനാണ് കണ്ണമ്പാറ മാനേജർ എന്നറിയപ്പെടുന്ന ശ്രീ. നാരായണൻ. ഇദ്ദേഹത്തിന് സ്വാതന്ത്ര്യസമര പോരാളികൾക്കുള്ള പെൻഷനും ലഭിച്ചിരുന്നു.

വിമോചന പ്രസ്ഥാനത്തിന്റെ ഭാഗമായി ശ്രദ്ധേയമായ സമരങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ലെങ്കിലും പല വിപ്ലവകാരികളും ഇവിടങ്ങളിലെ ഭവനങ്ങളിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. ശ്രീമാൻമാർ തോപ്പിൽ ഭാസി, കാമ്പിശേരി കരുണാകരൻ, കായംകുളത്തു നിന്നുള്ള കൊച്ചുസ്മാൻ, പനത്തഴ രാഘവൻ എന്നിവർ ഇവിടെ ഒളിവു ജീവിതം നയിച്ചിട്ടുണ്ട്. ശ്രീ. പി. കെ. കമലാസനൻ, കുറിയ്ക്കാട്ട് ശ്രീ. ദാമോദരൻ എന്നിവർ ഇവരുടെ സംരക്ഷകരായി വർത്തിച്ചിട്ടുണ്ട്.

1953-ൽ ചെന്നീർക്കര പഞ്ചായത്തു രൂപീകരിക്കുന്നതിനുമുൻപ് ഓമല്ലൂർ വില്ലേജ് യൂണിയന്റെ ഭാഗമായിരുന്നു ഈ പ്രദേശം. പഞ്ചായത്തു രൂപീകരണത്തെ തുടർന്നു നടന്ന 6 വാർഡുകളിൽ നിന്നും 7 മെമ്പർമാർ തെരഞ്ഞെടുക്കപ്പെട്ടു. പ്രക്കാനം കിഴക്കു വാർഡ് ഒരു ദ്വയാംഗ വാർഡായിരുന്നു. ഒരു ജനറൽ സീറ്റും, ഒരു പട്ടികജാതി സംവരണ സീറ്റും. ശ്രീമാൻമാർ കൊച്ചിട്ടി ഏബ്രഹാം കരീപ്പുഴ, പി. എൻ. മാധവൻ നായർ പുത്തേഴത്ത്, ജോർജ് കൊച്ചുകോശി പുളിവാലിൽ. T. K. കുഞ്ഞുമ്മൻ തെക്കേതിൽ, റവ: ഫാദർ വി. റ്റി. തോമസ് വെട്ടിക്കൂട്ടത്തിൽ, തോമസ് കോശി പാലനിൽക്കുന്നതിൽ, എം. എൻ. കുട്ടി ആലനിൽക്കുനതിൽ എന്നിവരാണ് വിജയിച്ച മെമ്പർ-മാർ സ്വതന്ത്ര സ്ഥാനാർത്ഥിയായി വിജയിച്ച ഫാദർ വി. റ്റി, തോമസാണ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടത്.

അന്നത്തെ പ്രസിഡൻറ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് തനിക്കനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളെ സംബന്ധിച്ച് പട്ടിക ജാതി മെമ്പർ ശ്രീ. എം. എൻ. കുട്ടിക്കു പറയാനുള്ള കഥകളും നിരവധിയാണ്. സർക്കാർ ജോലി ലഭിച്ചതിനെ തുടർന്ന് മെമ്പർ സ്ഥാനം രാജിവെച്ച ശ്രീ. ജോർജ് പുളിവാലിൽ, ശ്രീ. തോമസ് കോശി പാലനിൽക്കുന്നതിൽ എന്നിവരുടെ ഒഴിവുകളിലേക്ക്

ഇട്ടിച്ചെറിയാൻ കിരിയാൻ, ശ്രീ. ഇ. ജി. സ്കറിയ ഇലവിനാൽഎന്നിവരെ നാമനിർദ്ദേശംചെയ്തു. അധികം താമസിയാതെ റവ. ഫാദർ വി. റ്റി. തോമസ് പ്രസിഡൻറ് സ്ഥാനം രാജിവെക്കുകയും തൽസ്ഥാനത്ത് ശ്രീ. റ്റി. കെ. കുഞ്ഞുമ്മൻ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു അടുത്ത തെരഞ്ഞെടുപ്പ് 1963 ൽ നടക്കുന്നതുവരെ ഈ കമ്മിറ്റി തുടർന്നു.


1963 ൽ നടന്ന തെരഞ്ഞെടുപ്പിൽ സർവ്വശ്രീ. റ്റി.പി.കോശിചെറിവില്ല,ഭാനിയൽ എം.തോമസ് തോമയ്ക്കൽ, കെ. എം. ചാക്കോ കച്ചിറ പി. ഉണ്ണികൃഷ്ണൻ നായർ മാന്തമഠത്തിൽ, പി. ജെ. ഏബ്രഹാം പുലിവാരത്തിൽ, എൽ. കുഞ്ഞുപണിക്കർ മണ്ണടിയത്തിൽ, എൻ. എം. കുര്യൻ നെല്ലിമൂട്ടിൽ കെ. കെ. ആദിച്ചൻ കാവിനാൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ദ്വയാംഗവാർഡായ പ്രക്കാനം കിഴക്കു വാർഡിൽ നിന്നാണ്. ശ്രീ. എൻ. എം കുര്യനും, ശ്രീ. കെ. കെ. ആദിച്ചനും വിജയിച്ചത്. ശ്രീ. റ്റി. പി. കോശി പ്രസിഡൻറും, ശ്രീ. എൻ. എം. കുര്യൻ വൈസ് പ്രസിഡൻറുമായി തെരഞ്ഞെടുക്കപ്പെട്ടും. ശ്രീമതി ചിന്നമ്മയോഹന്നാൻ പുതിയത്ത് വനിത അംഗമായി നോമിനേറ്റുചെയ്യപ്പെട്ടു. ശ്രീ.എൻ. എം. കുര്യൻ രാജിവെച്ച ഒഴിവലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ വി. എൻ. രാഘവൻനായർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ശ്രീ. പി. ഉണ്ണികൃഷ്ണൻനായർ വൈസ് പ്രസിഡൻറായും നിയോഗിക്കപ്പെട്ടു ഈ കമ്മിറ്റി 1979 വരെ തുടർന്നു.

1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി. ഉണ്ണികൃഷ്ണൻനായർ, ശ്രീ. എം. കെ. പുരുഷോത്തമൻ, ശ്രീ സി. ജെ. ജോർജ്ജ്, ശ്രീ. പി. റ്റി. തോമസ്, ശ്രീ. എം. എ. ജോൺ, ശ്രീമതി വി. എൻ. കുഞ്ഞമ്മ, ശ്രീ എ. റ്റി. ജോൺ, ശ്രീ, ഇ. വി. ശാമുവൽ, ശ്രീ. റ്റി. പി. അച്ചുതൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. പി. ഉണ്ണികൃഷ്ണൻ നായർ പ്രസിഡൻറായും ശ്രീ. എം. കെ. പുരുഷോത്തമൻ വൈസ് പ്രസിസൻറായും സേവനമനുഷ്ടിച്ചു.

1984 മുതൽ 1988 വരെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടായിരുന്നില്ല. ഈ നാലുവർഷം കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഉദ്യോഗസ്ഥഭരണത്തിലായിരുന്നു.

1988 മുതൽ 1995 വരെ ശ്രീ, റ്റി, ജെ. ജോർജ്ജ പ്രസിഡൻറ് ശ്രീ. പി. കെ. രാജൻകുട്ടി വൈസ് പ്രസിഡൻറുമായുള്ള കമ്മിറ്റിയാണ് ഭരണം നടത്തിയത് പൊന്നമ്മ സുകുമാരൻ, ശ്രീ. ചാർലി പി. കോശി, ശ്രമതി ജസികോശി, ശ്രീ. സി, എൻ, കുഞ്ഞുപിള്ള, ശ്രീ, എൻ, ധർമ്മപാലപണിക്കർ, ശ്രീ, അജയൻ ഉഴുവത്ത് എന്നിവരായിരുന്നു മറ്റുമെമ്പർമാർ ഇതിൽ ശ്രീമതി ജസികോശിയുടെ അംഗത്വം വിദേശത്തുപോയതിനെ തുടർന്നു നഷ്ടപ്പെട്ടു,

ഇപ്പോഴം നിലവിലുള്ള കമ്മിറ്റി 1995 ഗാന്ധിജയന്തി ദിനത്തിൽ സ്ഥാനമേറ്റു ശ്രീ. കെ, സദാശിവൻ (പ്രസിഡൻറ്) പ്രൊഫ: ടി. കെ, ജി, നായർ (വൈസ് പ്രസിഡൻറ്) ശ്രീ, സുരേഷ് കോശി, ശ്രീ എം കെ, പുരുഷോത്തമൻ, ശ്രീ, പാപ്പൻ ജോർജ്, ശ്രീമതി ആലീസ്കോശി, ശ്രീ. കെ. ആർ ബോധേശ്വരപണിക്കർ, ശ്രീമതി ഓമന ഗോപിനാഥ്, ശ്രീമതി കുഞ്ഞമ്മവർഗ്ഗീസ്, ശ്രീമതി ഏലിയാമ്മയോഹന്നാൻ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് ഇപ്പോഴം പഞ്ചായത്തുഭരണം നിർവ്വഹിക്കുന്നത്,



4

ഭൂപ്രകൃതി

ചെന്നീർക്കര പഞ്ചായത്തിന്റെ കിഴക്കേ അതിര് ഓമല്ലൂർപഞ്ചായത്തും പടിഞ്ഞാറ് മെഴുവേലി, കുളനടപഞ്ചായത്തുകളും തെക്ക് അച്ചൻകോവിലാറും, വടക്ക് ഇലന്തൂർപഞ്ചായത്തും പത്തനംതിട്ട മുൻസിപ്പാലിറ്റിയുമാണ്. ഈ പഞ്ചായത്ത് പൊതുവേ തെക്കോട്ട് ചരിഞ്ഞപ്രദേശമാണ്. തെക്കുനിന്ന് വടക്കോട്ട് പോകുന്തോറും തീരപ്രദേശം പീഠഭൂമി, ചെറിയ കുന്നുകൾ, താഴ്വര (നിലങ്ങൾ) ഉയർന്ന കുന്നിൻ പ്രദേശങ്ങൾ എന്നിങ്ങനെയാണ് ഭൂമിയുടെ കിടപ്പ്. മൊത്തം ഭൂമിയുടെ ഏകദേശം5% വരുന്ന ഭാഗം ആറുതീരവും 30% പ്രദേശം ചെറിയ ചരിവുപ്രദേശവും 10% കുന്നിൻ മുകൾപ്പരപ്പും 7% കുത്തനെയുള്ള ചരിവും 25% ഉയർന്ന പീഠഭൂമിയും 20% വയലും 2% ഭാഗം പാറക്കെട്ടും ബാക്കി സമതലപ്രദേശവുമാണ്. വടക്കോട്ടുചെല്ലുന്തോറും ജനസാന്ദ്രതയും കുറവാണ്

ഈ പഞ്ചായത്തിന് കിഴക്ക് - പടിഞ്ഞാറ് നീളം കുറവും തെക്കു-വടക്ക് നീളം കൂടുതലുമാണ് കൂടുതൽ വിവരങ്ങൾ നേരിട്ട് മനസിലാക്കാൻ രണ്ട് പഠന പര്യടന പരിപാടികൾ നടത്തുകയുണ്ടായി. ആദ്യത്തെ പര്യടനം 4-ാം വാർഡിലെ മാത്തൂർ മാളികയ്ക്കൽ കടവിൽ നിന്നും ആരംഭിച്ച് 5-ാം വാർഡിൽ കുന്നത്തേത്തു കോളനി, 6-ാം വാർഡിൽ വെട്ടോലിമല, 7,-ാംവാർഡിൽ വാളയാനിക്കുഴി, 8-ാം വാർഡിൽ കലതിമുരുപ്പുവഴി പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറൻ അതിർത്തിയിൽ എത്തുകയുണ്ടായി ഏകദേശം 6½ K.M. ദൂരം പ്രസ്തുത പഠനസംഘം യാത്ര ചെയ്തു.

2-ാംപഠന പര്യടനസംഘം പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ ഭാഗമായ മുട്ടത്തുകോണം തെക്ക് (ആറുതീരം) നിന്ന് ആരംഭിച്ച് ഒന്നാം വാർഡിൽ മുട്ടത്തുകുഴിക്കാവും പൊങ്ങൻപാറ, പമ്പുമല 2-ാംവാർഡിൽ S.N.D.P. H.S Govt. I.T.I. മുളമൂട്ടിൽപടി. 3-ാം വാർഡിൽ പൂതേത്തുപടി പന്നിക്കുഴി 6-ാം വാർഡിലെ പനയ്ക്കൽ വയൽ, ചെല്ലാകുളഞ്ഞി ഏല, ഉമ്മിണിക്കാവ്, 8-ാംവാർഡിൽ കൂടികടന്ന് 9-ാംവാർഡിലെ നിരന്നനിലം 10-ാം വാർഡിലെ തോട്ടുപുറം ഏലായും കടന്ന് പഞ്ചായത്ത് അതിർത്തിയായ കരിമ്പുകണ്ടത്തിൽ എത്തി. ഉദ്ദേശം 8 K.M ദൈർഘ്യം ഈ പഠന സംഘം യാത്ര ചെയ്തു.

ഈ രണ്ടു പഠനയാത്രയിലും മനസിലാക്കാൻ സാധിച്ചത്, ആറുതീരത്തോടടുത്ത പ്രദേശത്ത് എക്കലും മണലും ചേർന്ന മണ്ണും, സമതലപ്രദേശത്ത് ചരൽ മണ്ണും, വയലിൽ കളിമണ്ണും ചെറിയ കുന്നിൻചരുവുകളിൽ ചെങ്കല്ലുചേർന്ന മണ്ണും, കുന്നിൻമുകളിൽ ഉരുളൻ കല്ലും വെട്ടുകല്ലുകളും വലിയകുന്നുകളിൽ വെട്ടുകല്ലും പാറയും കാണുവാൻ സാധിച്ചു. ഒന്നാമത്തെ സംഘം 4-ാം വാർഡിൽ പുൽപാറമലയിലും രണ്ടാമത്തെ സംഘം 2,9,10, വാർഡുകളിലെ ചില പ്രദേശങ്ങളിലും പാറകെട്ടുകൾ കണ്ടു.

രണ്ടു പഠന യാത്രയിലും കൃഷിയെ സംബന്ധിച്ച വിശകലനത്തിൽ മുഖ്യ കൃഷി റബർ ആണെന്നുകണ്ടു. തെങ്ങും കമുകും എണ്ണത്തിൽ

കുറവാണ്. കായ്ഫലവും വളരെ മോശമായി കാണുന്നു. ചേന, കാച്ചിൽ, കിഴങ്ങുകൾ ഇവ അപൂർവ്വമാണ്. വയലുകളിൽ പ്രധാനമായും നെല്ലും ചില പ്രദേശങ്ങളിൽ വെറ്റിലകൃഷിയുമുണ്ട്. മരച്ചീനി, വാഴ, എന്നിവയും കാണപ്പെടുന്നു. പൊതുവെ കർഷകർക്ക് റബ്ബർ കൃഷിയിലാണ് താത്പര്യം. തരിശുഭൂമികൾ കുറവാണ്. തെങ്ങ് സംരക്ഷിക്കപ്പെടുന്നില്ല. ഒന്നാം വാർഡിൽ കടകുളം ഏലായിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുകയും വേനൽക്കാലത്ത് ജല ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നതുകൊണ്ടും ഒരുപ്പുകൃഷി മാത്രമേ നടക്കുന്നുള്ളു.

കുത്തനെയുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനു വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യണം. പച്ചക്കറി കൃഷിയും വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ പച്ചക്കറിയുടെ 5% പോലും ഇവിടെ ഉത്പാദിപ്പിക്കുന്നില്ല. പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കണം. തെങ്ങു കൃഷി നാംക്കുറ്റി നാം അധഃപ്പതിച്ചുകൊണ്ടിരിക്കുന്നു. വയലുകളുടെ വരമ്പുകൾ വീതി കൂട്ടി തെങ്ങു കൃഷി നടത്തി ഈ കൃഷി പ്രോത്സാഹിപ്പിയ്ക്കാവുന്നതാണ്. സമതല പ്രദേശങ്ങളിലെ റബ്ബർ കൃഷിയ്ക്ക് പകരം തെങ്ങു കൃഷി ചെയ്യാൻ പ്രേരിപ്പിയ്ക്കണം. തെങ്ങു കൃഷിയ്ക്ക് ഉദാരമായ സഹായങ്ങൾ കൃഷി ഡിപ്പാർട്ടുമെൻറ് വഴി നൽകണം.

4-ാം വാർഡിൽ പുൽപ്പാറമല ക്ഷേത്രത്തിനു സമീപമുള്ള വലിയ പാറയിലെ ഒരിക്കലും വറ്റാത്ത വെള്ളകെട്ട് 8-ാം വാർഡിലെ ആത്രപ്പാടിനടുത്തും 10-ാംവാർഡിലെ ഒരിക്കൊമ്പിൽ പള്ളിക്കു സമീപമുള്ള ഒരിക്കലും വറ്റാത്ത നീരുറവകളും പ്രത്യേകം ശ്രദ്ധേയമാണ്. ഈ നീരുറവകൾ വികസിപ്പിച്ചെടുത്താൽ ആ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിയ്ക്കാം. പുൽപ്പാറക്കുഴിയിൽ കെട്ടിനിൽക്കുന്ന വെള്ളത്തിൽ മത്സ്യം വളർത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പല ഭാഗത്തും കാവുകൾ ഉണ്ട്. അവ ഇപ്പോൾ ശരിയായ വിധത്തിൽ സംരക്ഷിയ്ക്കപ്പെടുന്നില്ല.

ഈ പഠനയാത്രയുടെ 2 രേഖാചിത്രങ്ങൾ അടുത്ത പേജിൽ ചേർത്തിരിയ്ക്കുന്നത് ശ്രദ്ധിക്കുക.

ഭൂപ്രകൃതി	മൺതരം	സസ്യാവരണം	പരിസ്ഥിതി പ്രശ്നങ്ങൾ
തീരസമതലം	എ. മ.	റ-ഇ	
ഉയർന്ന പീഠഭൂമി	ചരൽ ക ചു. മ.	റ-തെ-ഇ	
നിലം	ചെ. മ.	നെ-വെ	
ചെറിയ ചരിവ്	വെട്ടുകൽമണ്ണ്	റ.	
പാറ കെട്ടുകൾ	കരിങ്കൽ പാറ	തരിശ്	പാറ പൊട്ടിക്കൽ
ചെറിയ ചരിവ്	വെട്ടുകൽ	വിവിധ കൃഷികൾ	
മണ്ണ് നിലം	പ. മ.	കപ്പ-വാഴ	
ചരിഞ്ഞ പ്രദേശം	ചരൽകലർന്ന ചു മ.	ക-റ	മണ്ണൊലിപ്പ്
കുന്നിൻമണ്ട	ഉരുളൻ കല്ല് ചു.മ	റ.	
ചെറിയ ചരിവ്	ച. മ.	റ-തെ	
നിലം	ചെ. മ.	തരിശ് വാ-തെ	വെള്ളകെട്ട്
കുത്തനെ ചരിവ്	വെട്ടുകല്ല് ഉരുളൻകല്ല്	റ	മണ്ണൊലിപ്പ്
കുന്നിൻമണ്ട	വെട്ടുകല്ല്	റ	
കുത്തനെ ചരിവ്	ക. മ.	വിവിധ കൃഷികൾ	

ചിത്രം 5 - 1

ക. മ—കരിമ്പാറ മണ്ണ്
റ. —റബ്ബർ
തെ. —തെങ്ങ്
പ. മ—പശിമരാർന്ന മണ്ണ്
ഗ. മ—ഗ്രാനൈറ്റ്
വാ. —വാഴ
ഇ. ഞ—ഇടകലർന്ന മണ്ണിനങ്ങൾ
ക. വ—കരിമ്പാറ മണ്ണ്
ചെ. മ—ചെമ്മണ്ണ്
ച. മ—ചരൽ കലർന്ന മണ്ണ്
ചു. മ—ചുവന്ന മണ്ണ്
എ. മ—എക്കൽ മണ്ണ്
ച. മ—ചരൽ മണ്ണ്
ചെ. മ—ചെമ്മണ്ണ്
ച. മ—ചരൽ കലർന്ന മണ്ണ്
ചു. മ—ചുവന്ന മണ്ണ്

പരിസ്ഥിതി പ്രശ്നങ്ങൾ	സസ്യാവരണം	മൺതരം	ഭൂപ്രകൃതി
	റ-തെ-ഇ ഫ	എ. മ.	തീരസമതല
	റ-തെ-ഇ	ചാൽ ച.മ.	ഉയർന്നപീഠഭൂമി
വെള്ളക്കെട്ട്	നെ-വാ-വെ	ചെ മ	നിലം
	റ-ഇ-തെ	ച.മ,പാറ വെട്ടുകല്ല്	ചെറിയ ചരിവ്
	റ-ഇ-തെ	ച.മ, പ. മ.	ഉയർന്ന ഭൂമി
	റ-തെ-ക	ച മ.	ചെറിയ ചരിവ്
	റ	ചരൽ പ മ.	കുന്നിൻമണ്ട
	റ	ച.മ	ചെറിയചരിവ്
	വെ.പ.	ചെ.മ	നിലം
	റ-പലകൃഷി	ച മ. പ.മ,ച.മ	ചെറിയ ചരിവ്
	റ-തെ-ഫ	പ മ.	കുന്നിൻമണ്ട
	റ-ഇ	ച.മ. വെട്ടുകല്ല്	ചെറിയ ചെരിവ്
	നെ-വാ-വെ	ചെ മ.	നിലം
മണ്ണൊലിപ്പ്	റ	ഉരുളൻകല്ലു ള്ള ക.മ	കുത്തനെ ചരിവ്
	റ	do	കുന്നിൻമണ്ട
മണ്ണൊലിപ്പ്	റ-ക-തെ-ഫ	ചീക,ഉരുളൻ കല്ലുള്ളപ.മ.	കുത്തനെ ചരിവ്
വെള്ളകെട്ട്	വെ-കപ്പ-വാ പ-നെ	ചെ.മ.	നിലം
മണ്ണൊലിപ്പ്	റ-തെ-ഇ	ഉരുളൻകല്ലുള്ള ക മ.	കുത്തനെ ചരിവ്
	റ-തെ-ഇ	do	കുന്നിൻമണ്ട
മണ്ണൊലിപ്പ്	റ-തെ	do	കുത്തനെചരിവ്
	വെ-വാ-നെ.	ചെ.മ.	നിലം
മണ്ണൊലിപ്പ്	റ	കല്ലുള്ള ക.മ.	കുത്തനെചരി:
	റ	do	കുന്നിൻമണ്ട
മണ്ണൊലിപ്പ്	റ	പാറ ക.മ	കുത്തനെചരി:
	വെ-കപ്പ-വാ	ചെ.മ.	നിലം
മണ്ണൊലിപ്പ്	റ-തെ	പാറ ക.മ	ചെറിയ ചരിവ്
	റ-ഇ	do	കുന്നിൻമണ്ട

പുരുഷക്കുറുത്തി:-
ക,ഖ,ഗ—കുഴക്കുത്തി
ച,ഛ,ജ—പുഴക്കുത്തി
ട,ഠ,ഡ—വെള്ളിക്കുത്തി
ത,ഥ,ദ—പുഴക്കുത്തി
പ,ഫ,ബ—പുഴക്കുത്തി

ക.ഖ—കുഴക്കുത്തി
ഗ.ഘ—ഉണ്ണിക്കുത്തി
ങ.ച—പുഴക്കുത്തി
ഛ.ജ—ഉണ്ണിക്കുത്തി
ഝ.ഞ—പുഴക്കുത്തി

ട.ഠ—വാഴ
ഡ.ഢ—വെള്ളിക്കുത്തി
ണ.ത—കുഴക്കുത്തി
ഥ.ദ—പുഴക്കുത്തി
ധ.ന—ഉണ്ണിക്കുത്തി



5

സാമൂഹിക സാമ്പത്തിക മേഖലകൾ

ഓരോരുത്തരും അവരവരുടെ നെറ്റി

വിയർക്കെ പണിയെടുത്തു

ജീവിച്ചിരുന്നെങ്കിൽ ഭൂമി

സ്വർഗ്ഗമായി മാറുമായിരുന്നു.

....മഹാത്മാഗാന്ധി



5.1

കൃഷിയും ജലസേചനവും

സമുദ്ര നിരപ്പിൽനിന്നും 10 മുതൽ 80 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചെന്നീർക്കര പഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷിക ഗ്രാമമാണ്. താഴ്വാരങ്ങളിൽ 10 മീറ്ററും ഏറ്റവും ഉയർന്ന IX, X വാർഡുകളിലെ തോട്ടുപുറം ഭാഗത്ത് 80 മീറ്ററും ആകുന്നു. ഈ വ്യത്യാസം കുന്നുകളും, ചരിവുകളും, സമതലപ്രദേശങ്ങളും നദീതടങ്ങളുംഉൾക്കൊള്ളുന്ന ഈ ഗ്രാമ പ്രദേശത്തെ മണ്ണിന്റെ ഘടനയും വ്യത്യസ്ഥപ്പെട്ടിരിക്കുന്നു. കുന്നുകളിലും, ചരിവുകളിലും, സമതലങ്ങളിലും, ചെങ്കൽമണ്ണും, താഴ്വാരങ്ങളിൽ പശിമരാശിമണ്ണും, നദീതടങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണും ആണ്. പ്രധാനമായും കാണുന്നത്. പി. എച്ച്. 5. 5 മുതൽ 6 വരെയുള്ള ഇവിടുത്തെ മണ്ണിന് അമ്ലതാ ഗുണമാണുള്ളത്. പഞ്ചായത്തിന്റെ1,2,4 എന്നീവാർഡുകളുടെ തെക്കേഅതിർത്തിയിലൂടെ ഒഴുകുന്ന അച്ചൻ കോവിലാറിന്റെ തീരപ്രദേശങ്ങളാണ് നദീതടങ്ങളായി രൂപാന്തരപ്പെട്ടിരിക്കുന്നത്. ഈ നദീതടങ്ങളുടെ മൂന്നിൽ രണ്ട് ഭാഗവും നാലാം വാർഡിലാണ്. വർഷം തോറും ഉണ്ടാകുന്ന വെള്ളപ്പൊക്കം ഈ പ്രദേശത്തെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നുണ്ടെങ്കിലും,കൃഷിനാശം, മണ്ണൊലിപ്പ് റോഡുകൾക്ക് വരുത്തുന്ന ഹാനികരം എന്നിവ ഇവിടുത്തുകാരുടെ പേടിസ്വപ്നങ്ങളാണ്. വർഷകാലത്ത് വെള്ളപ്പൊക്കവും വേനൽ കാലത്ത് കുടിവെള്ളക്ഷാമവും ഇവിടെ സാധാരണമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ പ്രക്കാനം, തോട്ടുപുറം, മുട്ടുകുടുക്ക എന്നീ ഭാഗങ്ങളിലാണ് കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത്.

മഴയെമാത്രം ആശ്രയിച്ചു കൃഷിചെയ്യുന്ന ഈ പ്രദേശത്തെ കർഷകർ അദ്ധ്വാനശീലരാണ്. താഴ്വാരങ്ങളിൽ മുഖ്യ കൃഷി നെല്ലുതന്നെ എന്നാൽ ഇവിടങ്ങളിൽ വാർഷീക വിളകളായ വാഴ, ഇഞ്ചി, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, വെറ്റില, എന്നിവയും കൃഷിചെയ്തുവരുന്നു.

പഴയകാലത്ത് വേണ്ടത്ര ശ്രദ്ധയും പരിചരണവും നൽകി കൃഷിചെയ്തിരുന്ന നെൽപ്പാടങ്ങൾ ഇന്ന് മറ്റു കൃഷികൾക്ക് വഴിമാറികൊടുത്തുകൊണ്ടിരിക്കുന്നു. നെൽപ്പാടങ്ങൾ നികത്തി വീടുവയ്ക്കുന്നതിനും ദീർഘകാല വിളകളായ തെങ്ങ്, റബർ, എന്നിവയും കൃഷിചെയ്യുന്നതിനായി ഉപയോഗിക്കുന്നതും എവിടെയും കാണാം. കൃഷി ചിലവുകൾ വർദ്ധിച്ചതും ആവിശ്യത്തിനു കർഷകത്തൊഴിലാളികളെ സമയാസമയങ്ങളിൽ ലഭ്യമല്ലാത്തതും നെൽകൃഷിയോടു കർഷകർക്കുള്ള താല്പര്യം ദിവസേന കുറഞ്ഞുവരുന്നതിനു കാരണങ്ങളായി ചൂണ്ടികാണിക്കപ്പെടുന്നു. മിക്കവാറും എല്ലാ വീടുകളിൽ നിന്നും ചെറുപ്പക്കാരും മദ്ധ്യവയസ്ക്കരുമായ ആളുകൾ അന്യസംസ്ഥാനങ്ങളിലോ, വിദേശനാടുകളിലോ, തൊഴിൽ തേടിപ്പോകുന്നതും. കൃഷിയിൽ പൊതുവേ കാണുന്ന താല്പര്യക്കുറവും, പ്രായമായവരും, ആരോഗ്യം കുറഞ്ഞവരുമായ ആളുകളുടെ കൈയ്യിൽ കൃഷി ഏല്പിച്ചിരിക്കുന്നു എന്നുതന്നെ പറയാം. ഗംഘട്ട് പ്രദേശത്തുനിന്നും ഈ പ്രദേശത്തേയ്ക്ക് ഒഴുകുന്ന വിദേശപണത്തിന്റെ ഭൂരിഭാഗവും ഒട്ടും ഉല്പാദനക്ഷമമല്ലാത്ത കെട്ടിട നിർമ്മാണത്തിനു പയോഗിക്കുന്നതു മൂലം കാർഷീകവൃത്തിയിലേർ

പ്പെട്ടിരുന്ന കർഷകതൊഴിലാളികളും മറ്റു കൂടുതൽ കൂലി ലഭ്യമാകുന്ന കെട്ടിട നിർമ്മാണ മേഖലയിലേക്കു ആകർഷിക്കപ്പെടുന്നത് കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെന്നു നിസംശയം പറയാം. ഈ പ്രതിഭാസം പൊതുവേയും പ്രത്യേകിച്ച് മദ്ധ്യതിരുവതാംകൂറിനെ ആകെ ബാധിച്ചിരിക്കുന്നതാകയാൽ കർഷകർ പുതിയ പരിതസ്ഥിതിയുമായി ഇണങ്ങിചേർന്നു ഉള്ള ഭൂമിയിൽനിന്നും കൂടുതൽ വരുമാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഭൂരിഭാഗം കർഷകരും ഒരു ഏക്കറിൽ മാത്രം താഴെ കൈവശ ഭൂമിയുള്ളവരാണ്. ഇതു സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

ഭൂപരിധി	ഉടമസ്ഥരുടെ എണ്ണം
10 സെൻറിനു താഴെ	2799
10—25 സെൻറ് വരെ	2220
25—50 സെൻറ് വരെ	2443
50—100 സെൻറ് വരെ	3812
1 — 2 ഏക്കർ വരെ	1005
2 — 5 ഏക്കർ വരെ	138
5 ഏക്കറിനു മുകളിൽ	42

(വില്ലേജ് റിക്കാർഡുകൾ)

പഞ്ചായത്തിന്റെ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 1950 ഹെക്ടറാണ്. ആളോഹരി ഭൂമി സംസ്ഥാനത്തിനേതു 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേത് 0.09 ഹെക്ടറാണ്. ഭൂമിയുടെ വിസ്തീർണം ഹെക്ടർ കണക്കിൽ താഴെ പട്ടികയിൽ ചേർക്കുന്നു.

പുരയിടം	നിലം	പുറംമ്പോക്ക്	തരിശ്	ആകെ
1666	219	63	2	1950

(വില്ലേജ് റിക്കാർഡുകൾ)

ഏകദേശം 63 ഹെക്ടറോളം പുറംമ്പോക്കു ഭൂമി ഉണ്ടെങ്കിലും അവ കാർഷികാവശ്യത്തിനു പയുക്തമല്ല എന്നു താഴെ കൊടുക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

	ഇനം	വിസ്തീർണ്ണം (ഹെക്ടർ)
1	റോഡുകൾ	14.17
2	തോട്, ഇടവഴി	20.26
3	കുളം, ചാല്	1.05
4	പുഴ	17.86
5	കാവ്	1.14
6	പാറ	1.50
7	ഗവ: സ്കൂളുകൾ	1.90
8	ഗവ: ഐ. റ്റി. ഐ. ഫാമിലി വെൽഫയർസെൻറർ	1.45
9	റവന്യൂ, മറ്റിനങ്ങൾ	3.84

(വില്ലേജ് റിക്കാർഡുകൾ)

ഭൂഉടമസ്ഥരുടെ എണ്ണം കൂടി കണക്കാക്കുമ്പോൾ കൃഷിചെയ്യുന്ന ഭൂമിയുടെ ആളോഹരി 0.15 ഹെക്ടറാണ്. ആകെ ഭൂമിയുടെ 11.18 ശതമാനം നിലങ്ങളും 85.44 ശതമാനം പുരയിടങ്ങളുമാണ്. നാണ്യവിളയായ റബർ തെങ്ങുകൃഷിയേക്കാൾ മൂന്നിരട്ടിയിലധികം സ്ഥലത്തു വ്യാപിച്ചിട്ടുണ്ട്.

മുൻ പ്രസ്താവിച്ചപോലെ താഴ്വാരങ്ങളിലുള്ള നിലങ്ങളിൽ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നു.

നിലങ്ങളായി 219 ഹെക്ടർ ഭൂമിയുണ്ടെങ്കിലും നെൽകൃഷി മാത്രംചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 120 ഹെക്ടറാണ്. ഇതിൽ വായ്പേലിൽ പുഞ്ച, രാമൻചിറ പുഞ്ച എന്നിവ 40 ഹെക്ടറും ബാക്കി രണ്ടു കൃഷിചെയ്യുന്ന സ്ഥലങ്ങളുമാണ്. ഹെക്ടറിന് 2150 കിലോ നെല്ല് ശരാശരി വിളയായികണക്കാക്കുന്നു. ഇരിപ്പുകൃഷി ചെയ്യുന്ന നിലങ്ങളിൽ ഏകദേശം 25 ഹെക്ടർ, പച്ചക്കറികൾ വാഴ, ഇഞ്ചി, വെറ്റില എന്നിവ കൃഷിചെയ്യാൻ ഉപയോഗിക്കുന്നു. വയലുകളിൽ സ്വയം അദ്ധ്വാന ശീലരായ കർഷകർ വെറ്റിലകൃഷി ആദായകരമായി നടത്തിവരുന്നു. മറ്റു വിളകളുടെ കൃഷിയിടങ്ങളുടെ ഏകദേശ കണക്കും ശരാശരി വിളവും ചുവടെ ചേർക്കുന്നു.

വിളകൾ	വിസ്തീർണ്ണം ഹെക്ടർ	ശരാശരി വിളവ്
തെങ്ങ്	320	35 എണ്ണം തെങ്ങ് 1 ന്
റബർ	1030	1500 Kg. ഹെക്ടർ
കുരുമുളക്	40	900 Kg. ,,
വാഴ	55	16 ടൺ ,,
മരച്ചീനി	50	20 ടൺ ,,
ഇഞ്ചി	50	20 ടൺ ,,
വെറ്റില	10	
പച്ചക്കറികൾ	40	
കൊക്കോ	7	
കമുക്	70	
മറ്റുകിഴങ്ങു വർഗ്ഗങ്ങൾ (ചേന, കാച്ചിൽ, മുതലായവ)	37	30 ടൺ ഹെ:

1945 മുതൽ 1975 വരെ കാലഘട്ടങ്ങളിൽ താഴ്ന്ന പ്രദേശങ്ങളിലും നദീതടങ്ങളിലും കാണുന്ന ഒരിപ്പുനിലങ്ങളിൽ കരിമ്പുകൃഷി വളരെ വ്യാപകമായി പ്രചരിച്ചിരുന്നു. പന്തളത്ത് സഹകരണാടിസ്ഥാനത്തിൽ 1965 ൽ തുടങ്ങിയ മന്നം ഷുഗർ മില്ലിന് ഈ പ്രദേശത്തുല്പാദിപ്പിച്ചിരുന്ന കരിമ്പു നൽകി സാമ്പത്തികാഭിവൃദ്ധി നേടിയിരുന്ന കാര്യം ഇപ്പോഴും പല കൃഷിക്കാരും ഓർക്കുന്നു. ആവശ്യത്തിനു കരിമ്പു ലഭിക്കാതിരുന്നകാരണം കമ്പനി നഷ്ടത്തിലാവുകയും പ്രവർത്തനം നിലയ്ക്കുകയും ചെയ്തതുമൂലം കൃഷി കുറഞ്ഞുവരികയും ചെയ്തു. എന്നിരുന്നാലും ശർക്കരയുല്പാദനത്തിനുവേണ്ടി കുറെയേക്കെ കരിമ്പുകൃഷി അടുത്തകാലംവരെ നിലനിന്നിരുന്നു. ഭാരിച്ച കൂലിവർദ്ധനയും തൊഴിലാളികളുടെ അഭാവവുംമൂലം കരിമ്പുകൃഷി ഇപ്പോൾ നാമാവശേഷമായി. ഇവിടം ഇപ്പോൾ റബർ തോട്ടങ്ങളായി മാറിയിരിക്കുകയാണ്.

നെൽകൃഷി

മഴയെ മാത്രം ആശ്രയിച്ചു കൃഷിചെയ്യുന്ന ഈ പ്രദേശത്ത് ജലസേചനത്തിനും ജലനിർഗമനത്തിനും തോടുകളും ആച്ചൻകോവിൽനദിയും ചിറകളും ഉപയോഗിച്ചുവരുന്നു. നാലാം വാർഡിലെ പെരുന്താർ ഏലായിൽ നെൽകൃഷി ചെയ്യുന്നതിന് അച്ചൻകോവിൽ നദിയിൽ പഞ്ചായത്തുവക ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് തുടക്കമിട്ടിരുന്നത് വർഷങ്ങളോളമായി പ്രവർത്തനരഹിതമാണ്. പഞ്ചായത്തിന്റെ മറ്റുപ്രദേശങ്ങളിലും ജലസേചനസൗകര്യങ്ങളുള്ള കുളങ്ങളും തോടുകളും മണ്ണിടിഞ്ഞ് നികരുന്നതും അശാസ്ത്രീയമായ റോഡുനിർമ്മാണവും വയലുകൾ നികത്തുന്നതുമൂലമുണ്ടാകുന്ന നീർക്കെട്ടിന്റെയും പരിസ്ഥിതി പ്രശ്നങ്ങളുടെയുംഫലമായിഉല്പാദനംകുറഞ്ഞുകൊണ്ടിരിക്കുകയാണ്. കൃഷിചെയ്യുന്നസ്ഥലം കൃഷിഭവൻ രേഖകൾപ്രകാരം താഴെ കൊടുക്കുന്നു.

മൊത്തം നെൽകൃഷിചെയ്യുന്ന സ്ഥലങ്ങൾ	200 ഹെക്ടർ
പുഞ്ചപ്പാടങ്ങൾ (ഒരു കൃഷിമാത്രം)	40 ഹെക്ടർ
രണ്ടുകൃഷിചെയ്യുന്ന പാടങ്ങൾ	80 ഹെക്ടർ
നെൽപ്പാടങ്ങൾ	80 ഹെക്ടർ

പഞ്ചായത്തിൽ ഒരിടത്തും മൂന്നാം വിളകൃഷി ചെയ്യുന്നതായി കാണുന്നില്ല.

പണ്ടൊക്കെ പാട്ടവും പാതിവാരവും നെൽകൃഷിയിൽ പതിവായിരുന്നെങ്കിലും സംസ്ഥാനത്ത് ഭൂനിയമംവന്നതോടുകൂടി ഈ വ്യവസ്ഥിതി ഇല്ലാതായി എന്നുതന്നെപറയാം. തങ്ങളുടെ ഭൂമി ആർക്കെങ്കിലും പാട്ടത്തിനോ പാതിവാരത്തിനോ നൽകിയാൽ തിരികെ കിട്ടില്ലെന്ന ആശങ്ക ചില കൃഷിക്കാരെയെങ്കിലും നെൽവയലുകൾ തരിശിടുന്നതിനും വാഴ, വെറ്റിലക്കൊടി എന്നീ കൃഷികൾക്ക് കരാർ വ്യവസ്ഥയിൽ നൽകുന്നതിനും ഇടയാക്കുന്നു. ഈ പ്രവണതയും നെല്ലുല്പാദനത്തെ ബാധിച്ചിട്ടുണ്ട്. നാടൻ നെല്ലിനങ്ങളായ കൊച്ചുവിത്ത്, പടനവെള്ള, മുണ്ടകൻ, ചോറാടി എന്നീ ഇനങ്ങൾ കൃഷിചെയ്തിരുന്ന പാടങ്ങളിൽ സങ്കരഇനങ്ങളായ ഉല്പാദനശേഷികൂടിയ ജ്യോതി പവിഴം, ചുവന്നത്രിവേണി എന്നീ ഇനങ്ങളാണ്

ഇപ്പോഴും കൃഷിചെയ്യുന്നത്. ഒന്നാം വിളയ്ക്കു പൂർണ്ണമായും സങ്കര ഇനങ്ങളും കൃഷിചെയ്യുമ്പോഴും വെള്ളക്കെട്ടുള്ള നിലങ്ങളിലും പൂന്തൽ പ്പാടങ്ങളിലും ചേറാടി PTB 20 കൂരികുറുവാലൻ എന്നീ ഇനങ്ങളുംക്കാണ്. മുണ്ടകൻ കൃഷിയ്ക്ക് കർഷകർ കൂടുതൽ താല്പര്യം കാണിക്കുന്നത്.

വളപ്രയോഗത്തിന്റെ കാര്യത്തിൽ രാസവളങ്ങളുംക്ക് മുൻഗണന നൽകുന്നതായികാണുന്നു. ജൈവവളങ്ങളുടെ ലഭ്യതകുറവായതുകൊണ്ടും ലഭ്യമായതുതന്നെ കൈകാര്യം ചെയ്യുന്നതിന് തൊഴിലാളികളെ കിട്ടാത്തതുകൊണ്ടും കർഷകർ കൂടുതലായി രാസവളങ്ങളെ ആശ്രയിക്കുന്നു. അസന്തുലിതവും അശാസ്ത്രിയവുമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ അംല സ്വഭാവം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണപ്പെടുന്നത്. കർഷകരുടെ പാടങ്ങളിലെ മണ്ണ് പരിശോധിച്ച് ശരിയായ വളപ്രയോഗനിർദ്ദേശങ്ങളും പഞ്ചായത്തിൽ എവിടെയും നടത്തുന്നതായി കർഷകർ അഭിപ്രായപ്പെട്ടുകാണില്ല.

രാസവളങ്ങളുടെ തുടർച്ചയായ പ്രയോഗം മൂലം മണ്ണിന്റെ രാസ പ്രക്രിയ കാലാന്തരത്തിൽ മാറ്റം വരുന്നതുകൊണ്ട് ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതുണ്ട്. കമ്പോസ്റ്റ്, ചാണകം, പച്ചിലവളച്ചെടികൾ എന്നിവ ഉപയോഗിച്ച് മണ്ണിന്റെ ആരോഗ്യം (Soil health) നിലനിർത്തുന്നതിനുള്ള പരിപാടികൾ തീവ്രമായി ആരംഭിക്കേണ്ടിയിരിക്കുന്നു.

നെല്ലിനുണ്ടാകുന്ന മിഖ്യകീടബാധ തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു, ചാഴി എന്നിവയും രോഗബാധയായി പുള്ളിക്കുത്ത്, പോളരോഗം, കുലവാട്ടം എന്നിവയും പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കാണുന്നു. ഇവയെ നിയന്ത്രിക്കുന്നതിന് രാസകീടരോഗനാശിനികൾ മാത്രമേ ഉപയോഗിയ്ക്കുന്നുള്ളൂ. ജൈവകീടനാശികൾ ഉപയോഗിയ്ക്കുന്നതേയില്ല.

നെൽ കർഷകരെ യോജിപ്പിച്ചുകൊണ്ട് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ (8) എട്ടു ഗ്രൂപ്പ് ഫാമിംഗ് സമതികൾ പ്രവർത്തിയ്ക്കുന്നുണ്ട്. കടകുളം, കണിയാംകുളം, വായ്പേലിൽ, പൊരുതല, മുട്ടത്തുകോണം, പ്രക്കാനം, തോട്ടുപുറം പെരുന്തർ എന്നവിയാണ്. ഈ സമതികൾ പലതും വേണ്ടത്ര ഫലപ്രദമായ രീതിയിൽ പ്രവർത്തിയ്ക്കുന്നില്ല എന്ന അഭിപ്രായവും കർഷകർക്കുണ്ട്.

തെങ്ങുകൃഷി

കരപ്രദേശങ്ങളിൽ തെങ്ങുകൃഷി വ്യാപകമായി നടത്തിയിരുന്നെങ്കിലും ചെറുകിട റബർ കൃഷിയുടെ പ്രോൽസാഹനത്തോടു കൂടി തെങ്ങുകൃഷിയുടെ വിസ്തൃതി സാരമായി കുറഞ്ഞുവരികയാണ്. പഞ്ചായത്തിൽ മൊത്തം 320 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ടെന്ന് കൃഷിഭവൻ കണക്കുകൾ കാണിക്കുന്നുണ്ടെങ്കിലും ഈ വിസ്തൃതി ആണ്ടുതോറും കുറഞ്ഞുകൊണ്ടിരിയ്ക്കുകയാണ്. മാരകരോഗങ്ങളായ കാറ്റുവീഴ്ച, ഓലചീയൽ, കൂമ്പുചീയൽ എന്നിവയും, തെങ്ങിന് ഏറ്റവും നാശം വിതയ്ക്കുന്ന ചെമ്പൻ ചെല്ലിയും ഇവിടങ്ങളിലെ തെങ്ങുകൃഷിയ്ക്കു വലിയ ഭീഷണിയായിതീർന്നിട്ടുണ്ട്. സങ്കര ഇനം തെങ്ങിനങ്ങൾക്ക് താല്പര്യം കാണിക്കുന്നുണ്ടെങ്കിലും രോഗകീട ഭീതിമൂലം കർഷകർ തെങ്ങുകൃഷിയിൽ ആഭിമുഖ്യം പുലർത്തുന്നില്ല. ശരിയായ വളപ്രയോഗമോ സസ്യസംരക്ഷണ പ്രവർത്തനങ്ങളോ തെങ്ങിന്റെ മറ്റുപരിചരണങ്ങളോ നടത്തുന്നതിൽ കർഷകർ ഉൽസുകരല്ല. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഒരു കേരകർഷകസമിതി രൂപംകൊണ്ട് പ്രവർത്തിയ്ക്കുന്നു. തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പ്രവർത്തനം നടത്തിവരുന്നു. സൊസയിറ്റീസ് ആക്ട് അനുസരിച്ചു രൂപീകരിക്കപ്പെട്ട കേരകർഷകസമിതി തെങ്ങുകൃഷിയുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ കേരകർഷകർക്ക് ഇതിന്റെ ഗുണം ലഭിയ്ക്കുന്നില്ല.

റബർകൃഷി

ചെറുതും വലുതുമായ എല്ലാത്തരം കർഷകരും റബർകൃഷിയിൽ താല്പര്യം കാണിച്ചുവരുന്നതിന്റെ ഫലമായി തെങ്ങുകൃഷിയുടെ മുന്നിരട്ടിയിൽ കൂടുതൽ സ്ഥലത്ത് ഇപ്പോൾ റബർകൃഷിയുണ്ട്. റബർബോർഡിൽനിന്നും നൽകുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങളും റബറിന്റെ ന്യായമായ വിലയും കർഷകരെ റബർ കൃഷിയിലേക്ക് ആകർഷിക്കുന്നു. റബർബോർ

ഡിന്റെ ആഭിമുഖ്യത്തിൽ രൂപീകൃതമായിട്ടുള്ള 4) നാല് റബർ ഉല്പാദക സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രക്കാനം റബർ ഉല്പാദക സംഘം, ചെന്നീർക്കര റബർ ഉല്പാദക സംഘം, മാത്തൂർ റബർ ഉല്പാദക സംഘം, ഊന്നുകൽ റബർ ഉല്പാദകസംഘം എന്നിവയാണ് ഇങ്ങനെ രൂപീകൃതമായ സംഘങ്ങളും. ഈ സംഘങ്ങളും വഴി റബർകൃഷിക്കാർക്ക് ഉല്പാദനോപാധികളും പരിശീലനങ്ങളും, സാങ്കേതികോപദേശങ്ങളും നൽകിവരുന്നു. റബർ വിപണനം നടത്തി കൃഷിക്കാർക്ക് ന്യായമായവില ലഭ്യമാക്കുന്നതിലും ഈ സംഘങ്ങളും പ്രവർത്തിയ്ക്കുന്നതിനാൽ മറ്റുവിളകളെ അപേക്ഷിച്ചു റബർ കൃഷിയിൽ കർഷകർതാല്പര്യം കാണിയ്ക്കുന്നത് സ്വാഭാവികം മാത്രം.

മറ്റുകൃഷികൾ

വാഴ, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങളും, പച്ചക്കറികളും, എന്നിവ വയലേലകളിലും, റബർ പുതിയതായിനട്ടസ്ഥലങ്ങളിൽ ഇടവിളയായും കൃഷി ചെയ്തുവരുന്നു. താഴ്ന്ന പ്രദേശങ്ങളിൽ ജലസേചനസൗകര്യം കണക്കാക്കിവെറ്റില കൃഷിയും വാഴകൃഷിയും കൃഷിക്കാർ ആദയകരമായി നടത്തിവരുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർ പാട്ട വ്യവസ്തയിലാണ് ഈ കൃഷികളും നടത്തുന്നത്.

കാർഷികോപകരണങ്ങൾ

പഞ്ചായത്തിൽ അഗ്രോ ഗ്രോത്ത് സെൻറിന്റെ വകയായി ഒരു ട്രാക്ടർ ഉണ്ടെങ്കിലും അത് പഞ്ചായത്തിലെ കൃഷിക്കാർക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. രണ്ടു പവർടില്ലറുകളും മാത്രമാണ് ഈപഞ്ചായത്തിലുള്ളത്. സസ്യസംരക്ഷണത്തിന് മൊത്തം 25 നാപ്സാക്ക്സ്പ്രേയറുകളും 15 റോക്കർ സ്പ്രയറുകളും ഉണ്ട്. പാടങ്ങളും ഉഴുന്നതിന് അടുത്ത പ്രദേശങ്ങളിൽനിന്നും ട്രക്ടറുകളും പവർടില്ലറുകളും ഇവിടെ ഉല്ലാളന്മാർ വഴി എത്തുന്നു കർഷകർ ഉഴുവുകാളകളെ സംരക്ഷിച്ചും തൊഴിലാളികളും കൂലിയ്ക്കു ഉഴുതും കാർഷികാവശ്യങ്ങളും നിറവേറ്റുന്നു. കൂടുതൽ ട്രാക്ടറുകളും പവർടില്ലറുകളും പഞ്ചായത്തിന് ആവശ്യമുണ്ട്.

വളം കീടനാശിനി ഡിപ്പോകൾ

പഞ്ചായത്തിൽ മൊത്തം 14 രാസവള ഡിപ്പോകളും ഉണ്ടെങ്കിലും 7 എണ്ണം മാത്രമേ ശരിയായി പ്രവർത്തിക്കുന്നുള്ളൂ. 96-ാം നമ്പർ ചെന്നീർക്കര സർവീസ് കോ. ഓപ്പറേറ്റീവ് ബാങ്കും, 677-ാം നമ്പർ പ്രക്കാനം കോ-ഒപ്പറേറ്റീവ് ബാങ്കും വളം വിതരണത്തിൽ മുഖ്യ പങ്കു വഹിക്കുന്നു. കീടനാശിനി ഡിപ്പോകളും മൂന്ന് എണ്ണം ഉണ്ടെങ്കിലും വ്യക തികളുംനടത്തുന്ന ഒരെണ്ണം മാത്രമേകാര്യമായി പ്രവർത്തിക്കുന്നുള്ളു. കീടനാശിനികൾക്കുവേണ്ടി കർഷകർ കൂടുതലായും ആശ്രയിക്കുന്നത് ഓമല്ലൂർ, പത്തനംതിട്ട, പന്തളം എന്നീ കേന്ദ്രങ്ങളാണ്.

കാർഷീക വായ്പ

രണ്ട് സഹകരണ സ്ഥാപനങ്ങളുടക്കം നാലു ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നത്. 96-ാം നമ്പർ ചെന്നീർക്കര സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, 677-ാം നമ്പർ പ്രക്കാനം സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക്, ഊന്നുകല്ലിൽ പ്രവർത്തിയ്ക്കുന്ന ഫെഡറൽ ബാങ്ക്, തുമ്പമണ്ണിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവയാണ് ഈ സ്ഥാപനങ്ങൾ.

ഇങ്ങനെ വാങ്ങുന്ന കാർഷീക വായ്പ കാർഷീകാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതായി കാണുന്നില്ല. കാർഷീകാവശ്യങ്ങൾക്കു മാത്രമാണ് കർഷകർ ഈ തുകകളും ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജലസേചനം

മഴയെ ആശ്രയിച്ചു കൃഷിചെയ്യുന്ന ഈ പ്രദേശത്ത് ജൂൺ മുതൽ ആഗസ്റ്റുവരെ തെക്കുപടിഞ്ഞാറൻ കാലവർഷം മൂലം ..... സെൻറിമീറ്റർ മഴയും, സെപ്റ്റംബർ മുതൽ നവംബർ വരെ വടക്കുകിഴക്കൻ കാലവർഷംമൂലം ..... സെൻറിമീറ്റർ മഴയും ലഭിക്കുന്നു. വേനൽ മഴയായി മാർച്ച് ഏപ്രിൽ മാസങ്ങളിൽ ശരാശരി ..... സെൻറിമീറ്റർ മഴ ലഭിയ്ക്കുന്നത്. കരകൃഷികൾക്ക് അനുഗ്രഹം തന്നെ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കകെടുതികളും കുറയ്ക്കു

ന്നതിനും വേനൽ കാലത്തുവെള്ളം ഒഴുക്കുന്നതിനും ചെറുകിട ജലസേചന വകുപ്പ് പഞ്ചായത്തിൽ പല പ്രവർത്തികളും നടത്തിയിട്ടുണ്ട്. ഈ പ്രവർത്തികളുടെ കഴിഞ്ഞ 5 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവർത്തിയുടെപേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കട്ട് വിസ്തീർണ്ണം
1	വായ്പേലിൽ ഏലായുടെ ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ	1990	1996	407188.00	40 ഹെക്ടർ
2	എന്തരത്തിൽ ഏലായുടെ ബണ്ടിന്റെ സംരക്ഷണം	1991	1993	108207 00	
3	വെള്ളപ്പൊക്ക കെടുതി പൊരുതല താഴെ ഭാഗത്ത് താല്ക്കാലിക ബണ്ട്	1995	1995	4841 00	
4	കളപ്പുമൺ ഏലാഭാഗത്ത് താല്ക്കാലീക ബണ്ട്	1995	1995	3315 00	
5	ചേലപ്പുറത്ത് ഏലാ താല്ക്കാലീക ബണ്ട്	1995	1995	4696 00	
6	തോട്ടുപുറത്ത് ഏലായുടെ മടവീണഭാഗം നന്നാക്കൽ	1995	1995	20569 00	
7	താമരകുളഞ്ഞി ഏലായുടെ സംരക്ഷണം	1994	1995	40312 00	
8	ചേലപ്പുറത്ത് ഏലായുടെ മടവീണഭാഗം സംരക്ഷണം	1995	1995	35866 00	

പ്രക്കാനത്ത് ചേലപ്പുറത്ത് ഏലായിലെ വിലങ്ങിനേത്തുപടി –ചേലപ്പുറത്തു തോടിന്റെ സംരക്ഷണത്തിനുവേണ്ടി185000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തെങ്കിലും ഇതുവരെയും പ്രവർത്തി അവാർഡ്ചെയ്യാൻ സാധിയ്ക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്തു പ്രവർത്തിതുടങ്ങാൻ ആലോചനയുണ്ട്.

പഞ്ചായത്തിൽ ചെറുതും വലുതുമായി 17 കുളങ്ങളും 22 തോടുകളും ഉള്ളതായി കണക്കാക്കിയിരിയ്ക്കുന്നു. ഇവയൊന്നും യഥാസമയങ്ങളിൽ സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്ക് ശരിയായി ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ ഈ കുളങ്ങളും തോടുകളും കർഷകർ സംരക്ഷിച്ചിരുന്നതായും ജലസേചന നിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നതായും പഴമക്കാർ പറയുന്നു. കുളങ്ങളിൽ ഭൂരിഭാഗവും വേനൽ കാലത്ത് വറ്റുന്നവയാണ്.

മണ്ണു സംരക്ഷണം

ചെന്നീർക്കര പഞ്ചായത്തിലെ 2,3,4,5, വാർഡുകൾ ഭാഗികമായിചേർത്ത് കേന്ദ്ര ഗവൺമെൻറിന്റെ 100% സഹായ പദ്ധതിയിൻകീഴിൽ നീർമറി പ്രദേശമായി (Water shed) പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 430 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താനാണ് പരിപാടി. പദ്ധതി പ്രദേശത്തെ നീർചാലുകൾ 10. കി. മീറ്റർ നീളത്തിൽ ഉള്ളതായി കണക്കാക്കിയിരിയ്ക്കുന്നു. 1992–'93ൽ തുടങ്ങിയ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക688000/ രൂപയും ഇതുവരെ ചിലവായ തുക 603869 രൂപയുമാണ്. 1996 – '97 ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിയ്ക്കപ്പെടുന്ന ഈ പദ്ധതിമൂലം ഇതുവരെ 183 ഹെക്ടർ സ്ഥലം സംരക്ഷിക്കപ്പെട്ടതായി മണ്ണു സംരക്ഷണവകുപ്പിന്റെ റിക്കാർഡുകളിൽ കാണുന്നു.

നഴ്സറികൾ

പഞ്ചായത്ത് അതൃത്തിയ്ക്കുള്ളിൽ രണ്ട് സ്വകാര്യ വ്യക്തികളും നഴ്സറികളും നടത്തുന്നുണ്ട്. നല്ലൂർ കാലായിൽ നഴ്സറിയും നല്ലാനിക്കുന്നു നഴ്സറിയും നടീൽ വസ്തുക്കൾ പ്രചരിപ്പിയ്ക്കുന്നതിൽ സഹായകമായിട്ടുണ്ട്.

വിപണനം

തികച്ചും കാർഷിക പ്രധാനമായഈ പഞ്ചായത്തിൽ കർഷകരുടെ ഉല്പന്നങ്ങൾ ശരിയായ വിലയ്ക്കു വിറ്റഴിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നു രക്ഷപ്പെടുന്നതിനും ഒരു വിപണന കേന്ദ്രം നാളിതുവരെ ഇല്ലന്നുള്ള ദുഃഖ സത്യം നിലനില്ക്കുന്നു. മുറിപ്പാറ, ഊന്നുകൽ, അമ്പലത്തുംപാട്ട് എന്നീമൂന്നു മാർക്കറ്റുകളെപ്പറ്റി പറഞ്ഞുകേൾക്കുന്നുണ്ടെങ്കിലും ഊന്നുകൽ ചന്തമാത്രമാണ് പ്രവർത്തിക്കുന്നത്. ഇവിടുത്തെ കർഷകരുടെ പ്രധാന വിപണനകേന്ദ്രം ചരിത്ര പ്രസിദ്ധമായ ഓമല്ലൂർ ചന്തയാണ്. എല്ലാ ബുധനും. ശനിയും ഈ മാർക്കറ്റ് പ്രവർത്തിക്കുന്നതുമൂലം കർഷകർ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിയ്ക്കുന്നു. കർഷകർ ആശ്രയിക്കുന്ന മറ്റു മാർക്കറ്റുകളും പന്തളം, ഇലവുംതിട്ട കുളനട, കോഴഞ്ചേരി, പത്തനംതിട്ട എന്നീ കേന്ദ്രങ്ങളാണ്.

കൃഷിഭവൻ

വളരെ പ്രതീക്ഷയോടുകൂടി 1987 ആഗസ്റ്റിൽ ആരംഭിച്ച കൃഷിഭവൻ പഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്നു. കൃഷിക്കാർക്ക് അവരുടെ ആവശ്യങ്ങളുമായി എത്തിച്ചേരുവാൻ യാത്രാ സൗകര്യങ്ങളില്ലാത്ത കൃഷിഭവൻ സ്ഥിതിചെയ്യുന്ന സ്ഥലം തീരെ അനുയോജ്യമല്ല. പഞ്ചായത്തിന്റെ വസ്തൃതി അനുസരിച്ച് കൂടുതൽ യാത്രാ സൗകര്യമുള്ളതും ഏകദേശം മദ്ധ്യഭാഗത്തുമായി കൃഷിഭവൻ മാറ്റി സ്ഥാപിക്കുന്നതു കർഷകർക്കു വളരെ സൗകര്യപ്രദമായിരിക്കും. ഒരു കൃഷി ഓഫീസറും മൂന്നു കൃഷി അസിസ്റ്റന്റുമാരും നീർമറിപദ്ധതിയിൽ ഒരു അപ്രൻറിസ് അസിസ്റ്റന്റും ഉള്ള കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല എന്നു കർഷകർക്ക് അഭിപ്രായമുണ്ട്. കൃഷഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള ഊർജ്ജിത നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥർ കർഷകരുടെ കൃഷ്ടുയിടങ്ങളും സന്ദർശിക്കുകയും കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങളും യഥാസമയം നൽകുകയും ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും നൽകുകയും വേണമെന്നാണ് കർഷകരുടെ ആവശ്യം.

കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറയുന്നതനുസരിച്ച് കൂലിനിരക്കു നിത്യേനയെന്നോണം വർദ്ധിച്ചു വരികയാണ്. കർഷക തൊഴിലാളികളുടെ ഇപ്പോഴത്തെ കൂലി പുരുഷന്മാർക്ക് 85 മുതൽ 100 രൂപ വരെയും സ്ത്രീകൾക്ക് 60-65 രൂപ വരെയുമാണ്.

പ്രശ്നങ്ങൾ

7.53 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും ഇരുപതിനായിരം ജനസംഖ്യയുമുള്ള വിസ്തൃതമായ ഈ പഞ്ചായത്ത് കാർഷികാധിഷ്ടിതമാണ്. അതുകൊണ്ടുതന്നെ ഇവിടുത്തെ കർഷകരുടെ പ്രശ്നങ്ങളും ഏറിയിരിക്കുന്നു,നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ജലസേചന ജലനിർഗമന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. പഞ്ചായത്തിൽ ഇപ്പോഴും ഉള്ള തോടുകളും കുളങ്ങളും താഴ്ത്തി വശങ്ങൾ കെട്ടി ബലപ്പെടുത്തേണ്ടതുണ്ട്.

കൂലികൂടുതൽ, കർഷക തൊഴിലാളികളുടെ എണ്ണക്കുവ്, വളത്തിന്റെയും കീടനാശിനികളുടെയും വിലക്കൂടുതൽ, ഉല്പന്നങ്ങൾ വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള അധികരിച്ച ചിലവ്, ഉല്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കാത്തത്, ഇടത്തട്ടുകാരുടെ ചൂഷണം, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം മൂലമുള്ള കൃഷിപ്പിഴവുകൾ, കീടരോഗ ബാധകൾ, ഇളം തലമുറയ്ക്ക് കൃഷിയിലുള്ള വൈമുഖ്യം എന്നിവയൊക്കെ കാർഷികരംഗത്ത് ഉല്പാദനത്തെ ബാധിച്ചിരിക്കുകയാണ്. നെൽകൃഷിയാണ് ഇന്നു ഏറ്റവും അധികം വൈഷമ്യങ്ങളെ നേരിടുന്നത്. കാർഷിക യന്ത്രങ്ങളുടെ ആഭാവം അവപാടങ്ങളിൽ ഇറക്കുന്നതിനുള്ള സൗകര്യക്കുറവുകൾ ഉഴവുമാടുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിളവെടുപ്പു സമയത്ത് കർഷകത്തൊഴിലാളികളുടെ ലഭ്യതയില്ലായ്മ മുതലായ കാര്യങ്ങൾ പല കർഷകരേയും നെൽകൃഷിയിൽനിന്നും അകറ്റി മറ്റു വിളകളിലേക്ക് തിരിച്ചുവിടുന്നു.

കരപ്രദേശങ്ങളിൽ മുഖ്യകൃഷിയായരുന്ന തെങ്ങ് കാറ്റുവീഴ്ച, ഓലചീയൽ, കൂമ്പുചീയൽ, ചെംവണ്ടിന്റെ ആക്രമണം, തേങ്ങയിടുന്നതിനുപോലും തൊഴിലാളികളെ കിട്ടാത്ത അവസ്ഥ എന്നിവമൂലം നാശോന്മുഖമായികൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങൾതെങ്ങിൻതോപ്പുകളായ്പ്പോഴും

ഉണ്ടയാനീർവാർച്ചാ പ്രശ്നങ്ങളും ഒരളവുവരെ തെങ്ങുകൃഷിയെ ബാധിച്ചിട്ടുണ്ട്. നാളികേരത്തിന്റെ വിലയിലുണ്ടാകുന്ന അസ്ഥിരത കർഷകർക്ക് എന്നും പ്രശ്നങ്ങളുണ്ടാക്കുന്നു.

റബർ കൃഷി ഇപ്പോഴും ലാഭകരമാണെങ്കിലും പരിശീലനം സിദ്ധിച്ച ടാപ്പിംഗ് തൊഴിലാളികളുടെ അഭാവവും വർദ്ധിച്ച കൂലിനിരക്കും പിങ്ക്രോഗവും പട്ടമരവിപ്പും ഉല്പാദനോപാധികളുടെ അമിതവിലയും റബർകൃഷിക്കാരെ വ്യാകുലരാക്കുന്ന ഘടകങ്ങളാണ്.

മറ്റു വിളകളായ വാഴ, ഇഞ്ചി, പച്ചക്കറികൾ, വെറ്റിലകൊടി എന്നിവയ്ക്കു ചെറിയതോതിലാണെങ്കിലും അവയുടെതായ പ്രശ്നങ്ങളുണ്ട്. വാഴയുടെ മണ്ടയടപ്പ്, ഇഞ്ചിയുടെ മൂടുചീയൽ പച്ചക്കറികൾക്കുണ്ടാകുന്ന കീടരോഗബാധകൾ, വെറ്റിലക്കൊടിയുടെ വാട്ടരോഗവും പുള്ളിക്കുത്തുരോഗം എന്നിവ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളാണ്. കുരുമുളകിന്റെ വാട്ടരോഗവും കമുകിന്റെ മാഹാളിരോഗവും ഈ പ്രദേശത്തു വ്യാപകമായികണ്ടുവരുന്നു.

അശാസ്ത്രീയമായ രാസവളപ്രയോഗം കീടനാശിനികളുടെ അമിതമായ ഉപയോഗം ജൈവവളങ്ങളുടെ ഉപയോഗക്കുറവ് എന്നിവ മണ്ണിന്റെ ഫലഭൂയിഷ്ഠത നശിപ്പിക്കുന്നതിനും രാസമാറ്റങ്ങൾക്കും കാരണമായിതീരുന്നു. അനിയന്ത്രിതമായ കീടനാശിനി പ്രയോഗം ഭക്ഷ്യ വസ്തുക്കളിൽ വിഷാംശംകലരുന്നതിനും ഗുണമേന്മ നഷ്ടപ്പെടുന്നതിനും ഇടയാകുന്നു, കൃഷിഭവന്റെ ആഭിമുഖ്യത്തിൽ മണ്ണുപരിശോധന നടത്തുന്നു എന്ന് അവകാശപ്പെടുന്നു എങ്കിലും കർഷകരുടെ കൃഷിയിടങ്ങളിൽ അതിന്റെ പ്രയോജനം എത്തുന്നില്ല.

പഞ്ചായത്തിലെ കുറെപ്രദേശങ്ങൾ നീർമറി പ്രദേശങ്ങളായി പ്രഖ്യാപിച്ച് പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രയോജനം മുഴുവൻ കൃഷിക്കാർക്കും കിട്ടുന്നില്ല. മണ്ണൊലിപ്പ് തടയുന്നതിനുള്ള ഒരു ബൃഹത്പദ്ധതി പഞ്ചായത്തൊട്ടാകെ നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ തെക്കേ അതിർത്തിയുലൂടെ ഒഴുകുന്ന അച്ചൻകോവിൽ നദിയിൽനിന്നു അനിയന്ത്രിതമായി മണൽ നീക്കംചെയ്യുന്നതുമൂലം ജലനിരപ്പുവളരെ താണുപോകുകയും അതു നദീതടത്തിലെ കൃഷികളെ സാരമായിബാധിക്കുകയും ചെയ്തിട്ടുണ്ട്. വേനൽക്കാലമാകുന്നതോടുകൂടി തന്നെ വരൾച്ചയും കുടിവെള്ളക്ഷാമവും രൂക്ഷമായി അനുഭവപ്പെടാൻ തുടങ്ങുന്നു. അടുത്ത മഴക്കാലം വരുന്നതോടുകൂടി ആറ്റുതിട്ടകൾ ഇടിഞ്ഞ് വളരെ വിലപിടിപ്പുള്ളതും ഫലഭൂയിഷ്ഠമായതുമായപ്രദേശങ്ങൾനഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു മേജർഇറിഗേഷൻഡിപ്പാർട്ടുമെന്റിൽ നിന്നും വൻതുകമുടക്കി നദിയുടെ കര കരിങ്കൽ ഭിത്തികെട്ടി സംരക്ഷിച്ചിരുന്നത് ഇടിഞ്ഞ് തകർന്ന് വലിയനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇടിഞ്ഞ് തകർന്ന കരിങ്കൽ ഭിത്തികൾ പുനർനിർമ്മിക്കുകയും നദിയ്ക്കു കുറുകെ 500 മീറ്ററെങ്കിലും ഇടവിട്ട് തടയണ കെട്ടുകയും മണൽ വാരൽ വരുന്ന അഞ്ചു കൊല്ലത്തേക്കെങ്കിലും നിരോധിക്കുകയും വേണം.

ഭൂമി തുണ്ടുകളാക്കി ചെറിയ ചെറിയ കൃഷി സ്ഥലങ്ങളാക്കി മാറ്റിയതുമൂലം കൃഷിയിൽ യന്ത്രവല്കരണം സാദ്ധ്യമല്ലാതായിരിക്കുകയാണ്. തൊഴിലാളികളുടെ അഭാവം കൃഷിയിൽ യന്ത്രവല്കരണത്തിന്റെ ആവശ്യകതയിലേക്കു നയിക്കുന്നു. സാധ്യമായ ഇടങ്ങളിലെല്ലാം കർഷകരെ യോജിപ്പിച്ച് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടത്തി യന്ത്രവല്കരണം നടത്തേണ്ടതുണ്ട്.

ആവശ്യമായ സന്ദർഭങ്ങളിൽ നല്ലയിനം വിത്തുംതൈകളും ലഭിക്കാതിരിക്കുക, സാങ്കേതിക ഉപദേശങ്ങൾ സമയാസമയങ്ങളിൽ നൽകാതിരിക്കുക, സർക്കാരിൽനിന്നുമുള്ള സഹായപദ്ധതികളുടെ അജ്ഞത വളം ഡിപ്പോകളുടെ അഭാവം വളങ്ങളുടെ അമിതവില എന്നിവയൊക്കെയും കൃഷിയുടെ പുരോഗതിക്ക് തടസമായി നിൽക്കുന്നു.

നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ പൊതുവേ കാർഷികാഭിവൃദ്ധിക്കായി പല പരിപാടികളും നടപ്പാക്കാവുന്നതാണ്. അവയിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

യന്ത്രവല്ക്കരണം

1 നെൽകൃഷിക്ക് ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തി ട്രാക്ടർ, പവർടില്ലർ, പവർ സ്പ്രേയറുകൾ, മെതിയന്ത്രങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തുക.

15 പഞ്ചായത്തിൽ ഔഷധ സസ്യങ്ങളുടേയും സുഗന്ധവിളകളുടെയും കൃഷിവ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകളും ധാരാളംഉണ്ട്. ഇതിലേക്കാവശ്യമായ നടീൽ വസ്തുക്കളും, സാങ്കേതിക സഹായങ്ങളും, സാമ്പത്തിക സഹായങ്ങളും എന്നിവലഭ്യമാക്കണം.

16 ഇപ്പോളും നിലവിലുള്ള നഴ്സറികളുംതീരെ അപര്യാപ്തമാണ്, കൃഷിഭവന്റെ മേൽനോട്ടത്തിൽ പുതിയ നഴ്സറികളും സ്ഥാപിക്കണം ഓർക്കിഡ്സ്, ആന്തൂറിയം, പൂന്തോട്ടചെടികളും, കുറ്റിമുല്ല എന്നിവയ്ക്കെല്ലാം ധാരാളം വിപണന സാധ്യതഉണ്ട്. പുതിയ നഴ്സറികളും തുടങ്ങുമ്പോളും അവകൃഷിഭവനിൽ രജിസ്റ്റർ ചെയ്തു സാങ്കേതിക സഹായങ്ങളും തേടുകയും ഗുണനിലവാരമുള്ളവമാത്രം വിപണനം ചെയ്യുകയും വേണം.

17 കൂടുതൽ കൃഷി പ്രചരിപ്പിക്കുവാൻ ധാരാളം സാധ്യതകളുള്ളതാണ് ഈ പഞ്ചായത്ത്. തൊട്ടടുത്തുള്ള പത്തനംതിട്ട, പന്തളം മുതലായ നഗര പ്രദേശങ്ങളിലും നാട്ടിൻ പുറങ്ങളിലും ഇതിന്റെ വിപണി കണ്ടെത്താം. വളരെ എളുപ്പത്തിലും ചിലവുകുറഞ്ഞും ചെയ്യാവുന്ന കൂൺകൃഷി പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും പ്രചരിപ്പിക്കണം. കാർഷീക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളുടെ സാങ്കേതിക സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

18 പഞ്ചായത്തുതലത്തിൽ കർഷകരെ അംഗീകരിക്കുന്നതിനുള്ള വിള മത്സരങ്ങളും, മരമടി ഉത്സവങ്ങളും, അവാർഡുകളും എന്നിവ ഏർപ്പെടുത്തണം.

19 കർഷക തെഴിലാളികളുടെ മുന്നറിയിപ്പില്ലാത്തതും അടിക്കടിയാണ്ടാകുന്നതുമായ കൂലി വർദ്ധനവ് കർഷകരെ വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടിലാക്കുന്നതും ഉല്പാദനത്തെ സാരമായി ബാധിക്കുന്നതുമാണ്. കാർഷിക മേഖലയിൽ സേവനവേതന നിരക്കുകളും നിശ്ചയിക്കുന്നതിനു പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കമ്മീഷൻ രൂപികരിച്ച് (wages revison committee) പ്രവർത്തനം ആരംഭിക്കുന്നത് ആശ്വാസകരമായിരിക്കും.

20 കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കേണ്ട അഗ്രോക്ലിനിക്കുകളും പഞ്ചായത്തിൽ എവിടെയും ശരിയായി പ്രവർത്തിക്കുന്നതായി കാണുന്നില്ല ജില്ലാ ഉദ്യോഗസ്ഥർ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ച് അഗ്രോക്ലീനിക്കുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

21 പരമ്പരാഗത കൃഷിരീതികളും നിലനിർത്തുന്നതിനുവേണ്ടി കർഷകത്തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുവേണ്ടി പരിശീലന കേന്ദ്രങ്ങളും ആരംഭിക്കണം.

ജലസേചനം

ഗ്രമസഭകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനം ജലസേചന ജലനിർഗമന പദ്ധതികളെക്കുറിച്ചാണ്. ഓരോ വാർഡിലെയും കർഷകർ ഉന്നയിച്ച പ്രധാന നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

വാർഡ് 1

a) കടക്കുളം ഏലായിലെ തോടുകെട്ടി വെള്ളം കൊണ്ടുവരാനുള്ള തോമ്പിൽകടവും പദ്ധതി പൂർത്തിയാക്കണം.

b) കടക്കുളം ഏലായുടെ മുകളിൽനിന്നും മണ്ണിക്കടവ് വലിയ തോടുവരെ വരമ്പുകെട്ടി സൗകര്യങ്ങളും കൂട്ടണം.

c) അടുത്ത പഞ്ചായത്തിൽ കൂടി പമ്പാ ജലസേചനപദ്ധതിയുടെ കനാൽ പോകുന്നുണ്ട്. അതിൽനിന്നും തേവരംകുളത്തുഭാഗത്ത് ഒരു വാൽവ് നിർമ്മിച്ച് വാർഡിലെ ഏകദേശം 1500 പറനിലം കൃഷി ചെയ്യാവുന്നതാണ്. ഇതിനുവേണ്ടിയുള്ള പദ്ധതികളും തയ്യാറാക്കണം. 1-ാംവാർഡിലെ താഴയിൽ ഏലാഇരിപ്പൂവിനുപയോഗിക്കത്തവിധം തോടുകളും നന്നാക്കണം

വാർഡ് 2

2-ാംവാർഡിൽ മധുരക്കൊമ്പിൽ ഏലായിലെ ചിറക്കടിവശത്തുമുതൽ മുറിപ്പാറക്കടവുവരെ തോടുവീതികൂട്ടി സൈഡുകെട്ടി കൃഷി സംരക്ഷിക്കുക.

a) ചേന്നൻവേലിപ്പടി മുറിപ്പാറത്തോടും അതോടുചേർന്നുള്ള ഉപതോടുകളും ആവശ്യമായ ഭാഗങ്ങളിൽ വീതികൂട്ടി വശങ്ങളും കെട്ടുകയും ചീർപ്പിനു ഫലപ്രദമായി പലകയിടുകയും ചെയ്യുക

b) വാർഡിലെപൊതു കുളങ്ങളും കുഴിച്ച് സൂര്യതാപത്തിൽ പ്രവർത്തിക്കുന്ന അനർട്ടിന്റെ പമ്പുസെറ്റുകളും സ്ഥാപിക്കുക.

c) കടകുളം ഏലായിലേയ്ക്കു വെള്ളം കൊണ്ടുവരാനുള്ള പദ്ധതി പൂർത്തിയാക്കാൻ ഓടകെട്ടിപദ്ധതി പൂർത്തിയാക്കുക.

2 പാടശേഖരങ്ങളിലും ട്രാക്ടറുകളും, പവർ ടില്ലറുകളും എന്നിവ ഇറങ്ങുന്നതിനുള്ള സൗകര്യങ്ങളില്ല. ആവശ്യമായ റോഡുകളും വഴികളും നിർമ്മിക്കുക.

3 രാസവള വില്പന കേന്ദ്രങ്ങളും ഇല്ലാത്ത പ്രദേശങ്ങളിൽ കൃഷിക്കാർക്കു എളുപ്പം രാസവളങ്ങളും ലഭ്യമാക്കാവുന്ന തരത്തിൽ ഡിപ്പോകളും സ്ഥാപിക്കുക. രാസവളങ്ങളുടെ ഉപയോഗം കുറച്ച് ജൈവ കൃഷിയിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നതിന് ആവശ്യമായ പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കണം. പാടങ്ങളുടെ വരമ്പുകളും പൊതുസ്ഥലങ്ങളും എന്നിവിടങ്ങളിൽ ശീമക്കൊന്ന മുതലായ പച്ചിലച്ചെടികളും വച്ചുപിടിപ്പിക്കാവുന്നതാണ്. തെങ്ങിൻ തോപ്പുകളിൽ കൊഴിഞ്ഞിലുക്കി മുതലായവയും നെൽപാടങ്ങളിൽ പയർ കൃഷി നടത്തുന്നത്, വീടുകളും തോറും കമ്പോസ്റ്റു നിർമ്മാണവും ജൈവ കൃഷിയെ പ്രോൽസാഹിപ്പിക്കാൻ ഉപകരിക്കും,

4 തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും ഉല്പാദനവർദ്ധനവിനു വേണ്ടി സങ്കരയിനം തൈകളുടെ ലഭ്യത ഉറപ്പുവരുത്തുക. രോഗം ബാധിച്ചവയും ഉല്പാദനശേഷി കുറവുള്ളതുമായ തെങ്ങുകളും വെട്ടിമാറ്റി പകരം സങ്കര ഇനം തൈകളും നടുക. ഈ പദ്ധതി പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും ഏർപ്പെടുത്തുക.

5 രോഗകീടനിയന്ത്രണങ്ങളും കൃത്യമായി നടത്തുന്നതിന് തൊഴിലാളികളെ പരിശീലിപ്പിക്കുകയും തൊഴിലാളികളുടെചെറിയസംഘടനകൾരൂപീകരിച്ച് മരുന്നുതളികൂലി നിജപ്പെടുത്തുകയും ചെയ്യുക. ഇങ്ങനെ രൂപീകരിക്കുന്ന സംഘടനകളിലെ തൊഴിലാളികൾക്ക് തേങ്ങ ഇടൽ കൂലിയും നിജപ്പെടുത്താം.

6 പച്ചക്കറികളും, ഫലവർഗ്ഗങ്ങളും, എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നല്ലയിനം വിത്തുകളും തൈകളും ലഭ്യമാക്കണം. ഹോർട്ടികൾച്ചറൽ ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

7 റബർകൃഷി ധാരാളം ഉള്ള പ്രദേശങ്ങളിൽ തേനീച്ചകൃഷിയും ലാഭകരമായി ചെയ്യാവുന്നതാണ്. തേനീച്ചകൂടുകളും, തേൻശേഖരിക്കാനുള്ള ഉപകരണങ്ങളും നല്ലഇനം തേനീച്ചകളും എന്നിവ ഖാദിബോർഡിന്റെ സഹായത്തോടുകൂടി താല്പര്യമുള്ള കർഷകർക്കു ലഭ്യമാക്കുക. തേനീച്ചവളർത്തുന്നതിനുള്ളസാങ്കേതിക പരിശീലനം വിദഗ്ധരുടെ സഹായത്തോടെ ഏർപ്പാടാക്കുക.

8 ജൈവകൃഷിഊർജിതപ്പെടുത്തുന്നതിനുവേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങളും നൽകി രാസവളങ്ങളുടേയും രാസകീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് മണ്ണിന്റെ സ്ഥായിയായ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുക.

9 എല്ലാ വിളകൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

10 വെറ്റില കൃഷി വളരെ ആദായകരമായി നടത്താവുന്നതാണ്. എന്നാൽ വളളികളും പടർത്തുന്നതിനുള്ള ഈറ അടുത്തൊന്നും ലഭ്യമല്ലാത്തതിനാൽ കർഷകർ വളരെ ദൂരെനിന്നും വലിയ വില കൊടുത്ത് ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ടു വരേണ്ടിയിരിക്കുന്നു. ബാംബു കോർപ്പറേഷന്റെ വകയായി പഞ്ചായത്തിൽ ഒരു ഡിപ്പോ തുറക്കണമെന്നാണ് വെറ്റിലകർഷകരുടെ ശക്തിയായ ആവശ്യം.

11 കൃഷിയെ ഒരു വ്യവസായമായി അംഗീകരിച്ച് അർഹമായ ആനുകൂല്യങ്ങളും എല്ലാ കർഷകർക്കും നൽകുക.

12 വെള്ളപ്പൊക്കം, മടവീഴ്ച, മണ്ണൊലിപ്പ് മുതലായ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനഷ്ടങ്ങൾക്ക് ശരിയായ കണക്കുകളും ഉണ്ടാക്കി സാമ്പത്തിക സഹായം നൽകുക.

13 ചെന്നീർക്കര പഞ്ചായത്തിൽ എവിടെയും ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനും വാങ്ങുന്നതിനുമുള്ള വിപണന കേന്ദ്രങ്ങളും ഇല്ല കർഷകരുടെ ഉല്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും വേണ്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ (കുറഞ്ഞത് മൂന്ന് സ്ഥലത്തെങ്കിലും) റഗുലേറേഡ് മാർക്കറ്റുകളും സ്ഥാപിക്കുക.

14 വിസ്തൃതിയേറിയ ഈ പഞ്ചായത്തിൽ കൃഷിഭവന്റെ സേവനങ്ങളും എല്ലാഭാഗത്തും എത്തുന്നില്ല. കൃഷിഭവന്റെ പ്രവർത്തനങ്ങളും എല്ലാഭാഗത്തും എത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രക്കാനത്ത് ഒരു കൃഷിഭവൻ തുടങ്ങണമെന്നാണ് 7, 8, 9, 10 വാർഡുകളിലെ കർഷകരുടെ ആവശ്യം.

d) മുറിപ്പാറകടവിൽ പമ്പുസെറ്റു സ്ഥാപിച്ച് വായ്പേലിൽ ഏലായിൽ നെൽകൃഷിക്ക് ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

വാർഡ് 3

3-ാം വാർഡിൽ കുറ്റിക്കാട്ട് ഏലായിലെ കുറ്റിയ്ക്കാട്ടു മുതൽ പൊരുതല വരെയുള്ള തോടു വീതികൂട്ടി വശങ്ങൾ കെട്ടണം. നെടുംകുളം ഏലായിൽ നെടുംകുളം മുതൽ പെരുതല വരെയുള്ള തോടു വീതികൂട്ടി.

വാർഡ് 4

സൈഡ്കെട്ടിപൊരുതലപ്പടിയിൽ ചീർപ്പും നടപ്പാലവും നിർമ്മിക്കുക.

a) നദീതീരത്തെ ജലനിരപ്പ് ഇനിയും താഴാതിരിയ്ക്കാൻവേണ്ടി മണൽവാരൽ നിരോധിക്കുകയും നദിയിൽ 500 മീറ്ററെങ്കിലും ഇടവിട്ട് തടയണകൾ നിർമ്മിക്കുകയും ചെയ്യുക.

b) ഇപ്പോൾ പ്രവർത്തനം ഇല്ലാതിരിക്കുന്നതും പഞ്ചായത്തിൽനിന്നും പണ്ടു സ്ഥാപിച്ചതുമായ ലിഫ്റ്റ് ഇറിഗേഷൻ സ്കീം വീണ്ടും പ്രവർത്തനക്ഷമമാക്കി പെരുന്താറു പാടശേഖരം ഇരിപ്പു കൃഷിക്ക് യോജിച്ചതാക്കുക.

c) മാത്തൂർ, പ്രക്കാനം, വലിയതോട് അച്ചൻകോവിൽ നദിയുമായി ബന്ധിച്ചു കിടക്കുന്നു. ഈ തോട്ടിൽ താണാവട്ടംപാടത്തിന്റെ മദ്ധ്യഭാഗത്തും വശത്തുംകൂടി ഒഴുകുന്ന തോടിന്റെ ആഴം കൂട്ടി വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കണം, പ്രസ്തുത വലിയ തോട്ടിൽ നദിയുമായി ചേരുന്ന ഭാഗത്ത് ചീർപ്പുകെട്ടി മഴക്കാലത്തു വെള്ളപ്പൊക്കം നിയന്ത്രിച്ചും വേനൽക്കാലത്ത് പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തി ഇരിപ്പുകൃഷി നടത്താം.

d) കാരിക്കാട്ട് ഏലായിലെ കൈത്തോടുതാഴ്ത്തി വശങ്ങൾ കെട്ടി ജല നിർഗമന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. വിരിപ്പൻകുഴി ഏലായിലും ജല നിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്തണം

e) മാത്തൂർ ഊന്നുകൽ റോഡിലെ കലുങ്ക്വലുതാക്കി ജല നിൻഗമന സൗകര്യങ്ങൾ ഏർപ്പെടുത്തി കരപ്രദേശങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കണം.

f) കാരാവള്ളിപ്പടിയിൽനിന്നും തുമ്പുംപടിയിലേക്കുള്ള റോഡിന്റെ വശങ്ങൾ കെട്ടിമടവീഴ്ചതടയണം.

g തെറ്റിക്കുഴി ഏലായിൽ മഴക്കാലത്തുകെട്ടികിടക്കുന്ന വെള്ളം തോടുതാഴ്ത്തി പെരുന്താർ ഏലായിലേക്കുള്ള ജല നിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

h) 1980 ൽ അനുവദിച്ച മേജർ ഇറിഗേഷൻ പദ്ധതി മാത്തൂർനിന്നും വായ്പേലിൽ ഏലാ-പെരുന്താർ ഏലാ എന്നിവിടങ്ങളിലേയ്ക്കും കരകൃഷിക്കും പ്രയോജനപ്പെടുന്ന പദ്ധതി നടപ്പിലാക്കണം.

വാർഡ് 5

1 പഞ്ചായത്ത് പടിമുതൽ റോഡിൽകൂടി മഴമൂലം മൺകണ്ടത്തിൽ മറിയുന്ന വെള്ളം സൈഡുകെട്ടി കൃഷി സംരക്ഷിക്കണം.

2 താണാവട്ടം ഏലായിൽ വേലംപടിക്കലുള്ള ചീർപ്പു ആറ്റകുറ്റപണി നടത്തി ജലസേചന സൗകര്യം ഉണ്ടാക്കണം.

a) പൂക്കോട്ടു ഏലായിലെ ജലനിർഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം.

വാർഡ് 6

1 വലിയ പടവ്-ഏലാതോട് സംരക്ഷണഭിത്തികൾ ഇരുവശവും കെട്ടിബലപ്പെടുത്തി തോട് ആഴംകൂട്ടണം.

2 പനയ്ക്കൽ-കൊച്ചേത്തുപടി ഏലാ മുതൽ തോളൂരുത്തിൽ ഏല, കമ്പുത്തറയിൽ ഏല, മുണ്ടുവരമ്പിൽ ഭാഗംവരെയുള്ള വരമ്പുകൾകെട്ടി മടവീഴ്ച തടയണം. പാലോലിത്തറ ഏലായുടെ വരമ്പുകളും കെട്ടി മടവീഴ്ച തടയണം.

വാർഡ് 7

a) പാറപ്പാട്ടു തച്ചൻകുളഞ്ഞി തോട് പടിഞ്ഞാറേറപടിമുതൽ മേടമൂലവരെ, മരുതും മൂട്, പുത്തയംതോട്, ഇരുന്നകുഴിയ്ക്കൽ-മൈലമൂട്ടിൽ തോട് എന്നിവ ആഴംകൂട്ടി ചീർപ്പു സ്ഥാപിച്ച് കൃഷിയ്ക്കുപയുക്തമാക്കണം.

b) ഇരുന്നകുഴിയ്ക്കൽ കുളം വലുതാക്കി ജല സേചനത്തിനുപയുക്തമാക്കണം.

വാർഡ് 8

a) പമ്പാ ജലസേചന പദ്ധതിയുടെ കീഴിൽ വരുന്ന ഇലന്തൂർ ബൈകനാലിൽനിന്നും ജലസേചന സൗകര്യങ്ങൾ ചെന്നീർക്കര പഞ്ചായത്തിലും ലഭ്യമാക്കുക. വെള്ളംകെട്ടിനില്ക്കുന്ന പ്രദേശങ്ങളിൽ ജലനിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് 7-ാംവാർഡിൽ (നല്ലാനിക്കുന്ന്) ആണ് സ്ഥിതി ചെയ്യുന്നത്. മൃഗാശുപത്രി പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്നതുകൊണ്ട് 10, 9, 8, 6, 5, 4 എന്നീ വാർഡുകളിലുള്ള കാലികർഷകർക്ക് യഥാസമയം ആശുപത്രിയുമായി ബന്ധപ്പെടുന്നതിനും വേണ്ടവൈദ്യസഹായം ലഭ്യമാക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എന്നാൽ പഞ്ചായത്തിലുള്ള രണ്ട് ഐ. സി. ഡി. പി. സബ് സെന്ററുകളും, പ്രക്കാനത്തും, മുറിപ്പാറയുമായിട്ടാണ് പ്രവർത്തിക്കുന്നത്. അവിടെ ഇപ്പോൾ കുന്നുകാലികൾക്ക് ബീജധാരണത്തിനുള്ള സൗകര്യം മാത്രമാണുള്ളത്.

മേൽപ്പറഞ്ഞസബ്സെൻററുകളിൽ മൃഗഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും, മരുന്ന് ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്താൽ ഇപ്പോഴുള്ള ബുദ്ധിമുട്ട് ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. അതിനുപരിയായി പഞ്ചായത്തിന്റെ വടക്കുഭാഗം കേന്ദ്രമാക്കി ഒരു ആശുപത്രി അനുവദിയ്ക്കേണ്ടത് ഏററവും അത്യാവശ്യമാണ്.

നിലവിലുള്ള ആശുപത്രി (നല്ലാനിക്കുന്ന്)യിൽ വേണ്ടത്ര മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കുകയും, ആശുപത്രിയുടെ അററകുറപ്പണികളും ചെയ്തുതീർക്കുകയും വേണം. മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്ത് വിപുലീകരിക്കേണ്ടതും അത്യാവശ്യമാണ്.

മൃഗാശുപത്രിയുടെ ഇപ്പോഴത്തെ പ്രവർത്തനസമയംമൂലം പൊതുജനങ്ങൾക്ക് വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. മുൻകാലങ്ങളിൽ ആശുപത്രിയുടെ പ്രവർത്തനസമയം രാവിലെ 8 മുതൽ 12 വരെയും ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെയും ഒഴിവുദിവസങ്ങളിൽ രാവിലെ 8 മുതൽ 12 വരെയും ആയിരുന്നപ്പോൾ പൊതുജനങ്ങൾക്ക് യഥാസമയം ചികിൽസാസൗകര്യം ലഭ്യമായിരുന്നു. ഇപ്പോഴത്തെ പ്രവർത്തനസമയം ഒരു തരത്തിലും പൊതുജനങ്ങൾക്ക് ഗുണകരമല്ല. കാരണം ഇപ്പോഴത്തെ പ്രവർത്തനസമയം രാവിലെ 8 മുതൽ ഉച്ചക്ക് 2 മണിവരെ മാത്രമാണ്. ഉച്ചക്കുശേഷം കന്നുകാലികൾക്ക് രോഗം അനുഭവപ്പെട്ട് ചികിൽസയ്ക്കുവേണ്ടി ആശുപത്രിയെ സമീപിച്ചാൽ വേണ്ട വൈദ്യസഹായം ലഭ്യമല്ല. അതിനാൽ ആശുപത്രിയുടെ പ്രവർത്തനസമയം പഴയ രീതി [8 മുതൽ 5 വരെ] യിലാക്കാൻ സത്വര നടപടികൾ ഗവൺമെൻറ്തലത്തിൽ ഉണ്ടാകണം.

കന്നുകാലികളിൽ പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, മുടന്തൻപനി എന്നിവയാണ്. രോഗപ്രതിരോധ നടപടികൾ പഞ്ചായത്തിൽ ഉടനീളം കാലാകാലങ്ങളിൽ വിശദമായി നടത്തുന്നുണ്ട്. എങ്കിലും പകർച്ചവ്യാധികളെ ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടില്ല.

ചെന്നീർക്കര പഞ്ചായത്തിൽ 19 ഗോബർ ഗ്യാസ് പ്ളാൻറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രദേശത്തു് കൂടുതൽ പ്ളാൻറുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഉപഭോക്താക്കളെ കണ്ടെത്തി ശരിയായ ബോധവൽക്കരണം ആവശ്യമാണ്.

മുൻകാലങ്ങളിൽ കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ നല്ല ഒരു പങ്ക്, കാലിവളർത്തലിലൂടെ കണ്ടെത്താൻ കഴിയുമായിരുന്നു. എന്നാൽ ഇന്ന് പൊതുവെ കൃഷി, വിശിഷ്യാ നെൽ കൃഷി ലാഭകരമല്ലാതായതോടെ കാലി വളർത്തലിനും മാന്ദ്യം സംഭവിച്ചു.

പഞ്ചായത്തിലെ മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തലുണ്ട്. ഇവയിലധികവും മുട്ടക്കോഴികളാണ്. ഇറച്ചിക്കോഴികളെ അന്യപ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്താണ് വളർത്തുന്നത്. കാലാകാലങ്ങളിലുണ്ടാകുന്ന വസന്തരോഗം മൂലം വംശനാശം സംഭവിക്കുന്നുണ്ട്. അതിനാൽ വ്യാപകമായ പ്രതിരോധ നടപടികൾ കൈക്കൊള്ളണം. പഞ്ചായത്തിലുടനീളം വിശാലമായ പാടശേഖരങ്ങളും കുളങ്ങളുമുള്ളതുകൊണ്ട് താറാവുവളർത്തലിനും സാധ്യതയുണ്ട്.

പഞ്ചായത്തിൽ പലയിടത്തും ഇറച്ചിയ്ക്കുവേണ്ടിയും കൗതുകത്തിനുവേണ്ടിയും മുയലുകളെ വളർത്തുന്നുണ്ട്. പ്രത്യുല്പാദനശേഷി കൂടുതലുള്ളതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലുകളെ വളർത്തിയാൽ ലാഭകരമായിരിക്കും. അതിനാൽ മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതോടൊപ്പം വ്യാപകമായി പന്നിവളർത്തലിനും സാധ്യതയുണ്ട്.

പഞ്ചായത്തിൽ വളർത്തുന്ന നായ്ക്കൾക്ക് പേവിഷബാധ സാധാരണയായി കാണാറുണ്ട്. ഇതിനു പ്രതിവിധിയായി പ്രതിരോധകുത്തിവെയ്പ് നടത്തുന്നു എങ്കിലും രോഗബാധയെ പൂർണ്ണമായും

നിർമ്മാർജനം ചെയ്യാൻ സാധിക്കുന്നില്ല. ആയതിനാൽ അലഞ്ഞുനടക്കുന്നതും ലൈസൻസ് ഇല്ലാത്തതുമായനായ്ക്കളെ കണ്ടെത്തി നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കണം.

മത്സ്യബന്ധനം

പഞ്ചായത്തിന് ഏകദേശം 3 കി. മീ. നീളം പുഴയോരമുണ്ട്. സ്വകാര്യ വ്യക്തികളുടെ തരിശ്ശു നിലങ്ങൾ കണ്ടെത്തി മത്സ്യകൃഷിയ്ക്ക് ഉപയോഗപ്രദമാക്കാനുള്ള നടപടി ഉണ്ടാകണം. പഞ്ചായത്തിൽ 2-ാംവാർഡിൽ നാംകുളത്തും 1-ാംവാർഡിൽ ഊവർകോട്ടും, ഏത്തരത്തിലും വെള്ളംവറ്റാത്ത 4-ാംവാർഡിലെ പുൽപ്പാറ പാറമടയിലും മത്സ്യകൃഷി ചെയ്യുന്നതിന് സാധ്യതയുണ്ട്. ആയതിനാൽ സ്വകാര്യ വ്യക്തികളെ പ്രോത്സാഹിപ്പിക്കയും വേണ്ടത്ര സാമ്പത്തിക സഹായവും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം.



5. 3

വ്യവസായം.

ചെന്നീർക്കര പഞ്ചായത്തിന് വ്യവസായ മേഖലയിൽ പുരോഗതി നേടാൻ ഇതേ വരെ സാധിച്ചിട്ടില്ല. മുമ്പ് ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൈത്തറി നെയ്ത്തും, എണ്ണയാട്ടുവ്യവസായവും, നാടൻചക്കുകളിൽ കരിമ്പാട്ടി ശർക്കരനിർമ്മാണവും ഉണ്ടായിരുന്നു. യന്ത്രവൽക്കരണത്തോടുകൂടി ഇവയെല്ലാം ഇന്നു നിന്നിരിക്കുകയാണ്. പരമ്പരാഗത വ്യവസായമായിരുന്ന മൺപാത്ര നിർമ്മാണവും ഇന്ന് ഇല്ലാതായി. പൊതുമേഖലയിൽ ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളും ഒന്നും തന്നെയില്ല. ചെന്നീർക്കര പഞ്ചായത്തിലെ ഏക വൻകിട വ്യവസായശാല സഹകാര്യ മേഖലയിലുള്ള എ. കെ. ഫ്ളൈവേഴ്സ് ആൻഡ് ആരോമാറ്റിക്സ് ആണ്. കേരളാ ഖാദി വ്യവസായ ബോർഡിന്റെ മാത്തൂരിൽ സ്ഥാപിച്ചിട്ടുള്ള നൂൽ നൂൽപ്പു കേന്ദ്രത്തിൽ 25 ഓളം സ്ത്രീകളും ജോലിചെയ്തുവരുന്നു. ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ചെറുകിട വ്യവസായ മേഖലയിൽ ആകെ 20 യൂണിറ്റുകളും ഉണ്ട്. അതിൽ ആകെ 308 പേർ ജോലി ചെയ്തുവരുന്നു. ഇതിൽ 215 പേർ പുരുഷൻമാരും 93 പേർ സ്ത്രീകളുമാണ്. നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക I-ൽ ചേർത്തിരിക്കുന്നു. പട്ടിക II-ൽ നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളും ചേർത്തിരിക്കുന്നു.

പട്ടിക - 1

ക്ര: നമ്പർ.	വിഭാഗം.	പു:	സ്ത്രീ.	ആകെ
1	സ്വർണ്ണാഭരണം	2	—	2
2	ചെറുകിട വ്യവസായം	100	30	130
3	എ. കെ. ഫ്ളൈവേഴ്സ്	59	3	62
4	ഗാർമെന്റ് മേക്കിംഗ്	—	20	20
5	കേറ്ററിംഗ്	20	10	30
6	ഖാദി	—	25	25
7	റൈസ് മിൽ	10	—	10
8	മെഴുകുതിരി	4	—	4
9	ബാഗ് നിർമ്മാണം	10	—	10
10	പ്ലാസ്റ്റിക്	10	5	15
	ആകെ.	215	93	308

പട്ടിക — II.

ക്ര: ന.	ചെറുകിട വ്യവസായങ്ങൾ. ഇനം	ആകെ.	പു.	സ്ത്രീ.	ആകെ.
1	സോമിൽ	3	9	—	9
2	ഫർണിച്ചർ	4	8	—	8
3	ആയുർവ്വേദ മരുന്ന്	1	4	—	4
4	അച്ചടി പ്രസ്	2	4	—	4
5	പ്ലാസ്റ്റിക്	1	4	3	7
6	ഇഷ്ടിക നിർമ്മാണം	2	10	5	15
7	ബാഗുനിർമ്മാണം	2	4	2	6
8	അപ്ഹോൾസ്റ്ററി	1	2	—	2
9	കേബിൾ T V	2	4	—	4
10	റെഡിമെയ്ഡ് വസ്ത്രം	1	—	7	7
11	ഫൈബർ ഗ്ലാസ്	1	2	3	5
	ആകെ.	22	114	23	137

പ്രശ്നങ്ങൾ

വ്യവസായ വളർച്ചാഘടകങ്ങളായ സാക്ഷരത, ആരോഗ്യമുള്ള തൊഴിലാളികൾ, വാർത്താവിനിമയ സൗകര്യങ്ങൾ. ഗതാഗതം എന്നിവയെല്ലാം നമുക്ക് ഉണ്ടെങ്കിലും വ്യാവസായികമായി വളരാൻ കഴിയാത്തത് താഴെപ്പറയുന്ന കാരണങ്ങളാലാണ്.

1 നമ്മുടെ മുഖ്യമായ ഉൽപന്നം റബ്ബറാണെങ്കിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

2 കൂടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാൻ ഏജൻസികളോ, ഉപാധികളോ ഇല്ല.

3 ഖാദിമേഖലയിൽ കൂലിക്കുറവു മൂലം സ്ത്രീ തൊഴിലാളികൾ കുറയുന്നു.

4 സഹകരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

5 വൈദ്യുതി എല്ലാ പ്രദേശങ്ങളിലും ലഭ്യമല്ല. നിരന്തരമായി ഉണ്ടാകുന്ന കറൻറ് കട്ടും, വൈദ്യുതി തകരാറും, വോൾട്ടേജ് കുറവും വ്യവസായങ്ങളെ ബാധിക്കുന്നു.

6 വായ്പകൾക്കുള്ള വർദ്ധിപ്പിച്ച പലിശ നിരക്ക്.

7 വ്യവസായ രംഗത്ത് വനിതകൾ മുമ്പോട്ടു വരുന്നില്ല. അതിനു കാരണം സാങ്കേതിക പരിജ്ഞാനക്കുറവും, കൂലിക്കുറവും ആണ്.

വ്യവസായ സാദ്ധ്യതകൾ

പഞ്ചായത്തിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ധാരാളം ഉണ്ട്. സാങ്കേതിക പരിജ്ഞാനം ഉള്ളവരും കുറവല്ല. വ്യവസായത്തിനാവശ്യമായ ജലം, വൈദ്യുതി, ഗതാഗതം എന്നിവ സുലഭമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി ജോലി ചെയ്യുന്നവരുടെ എണ്ണം ഉദ്ദേശം 500 പേർ എന്നു കണക്കാക്കപ്പെടുന്നു. വ്യവസായങ്ങൾക്ക് മുതൽ മുടക്കാൻ പ്രാപ്തിയുള്ളവർ ധാരാളമുണ്ട്. ജില്ലയുടെ അടുത്ത പ്രദേശമാകയാൽ വ്യവസായത്തിനു സാദ്ധ്യത ഏറെയുണ്ട്.

പരമ്പരാഗത മേഖലയായ മൺപാത്ര നിർമ്മാണത്തിനു വിദഗ്ധ തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ സംഘം രൂപീകരിച്ച് വ്യവസായം ആരംഭിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ ഉപയോഗിച്ച് വ്യവസായം തുടങ്ങാം.

പഴ സംസ്കരണം, സ്റ്റാർച്ചു നിർമ്മാണം ഇവയ്ക്ക് സാദ്ധ്യതയുണ്ട്.

റബ്ബർ തടി ഉപയോഗിച്ച് വീട്ടുപകരണങ്ങളും, ഫർണിച്ചർ നിർമ്മാണവും നടത്താം.

വനിതകൾക്ക് സഹകരണ സംഘങ്ങൾ രൂപീകരിച്ച് നടത്താവുന്ന വ്യവസായങ്ങളാണ് കറി പൗഡർ, അച്ചാർ, ശീതളപാനീയങ്ങൾ, സ്ക്കൂൾ കുട്ടികൾക്കുള്ള ബാഗുനിർമ്മാണം, ഗാർമെന്റ് മേക്കിംഗ്, പ്ലാസ്റ്റിക് ഐറ്റങ്ങൾ എന്നിവ.

ഖാദി മേഖലയിൽ കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്. (നെയ്ത്ത്, എണ്ണയാട്ട്, സോപ്പുനിർമ്മാണം തുടങ്ങിയവ) കൂടാതെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗപ്പെടുത്തി കുടിൽ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ് — സിമൻറ് ഇഷ്ടിക നിർമ്മാണം മുതലായവ.

വൻകിട വ്യവസായം എന്ന് പറയാവുന്ന ഏ. കെ. ഫ്ളൈവേഴ്സ് ആൻഡ് ആരോമാറ്റിക്സ് ഏകദേശം 9 കോടി രൂപയോളം മുതൽ മുടക്കുള്ളതാണ്. ഏതാണ്ട് 70 പേർക്ക് നേരിട്ടും 150_ൽ പരം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന ഈ ഫാക്ടറിയുടെ വാർഷിക ടേൺ ഓവർ പത്തുകോടിയിൽ അധികമാണ്. കുരുമുളക്, വറൽമുളക്, ഇഞ്ചി, മഞ്ഞൾ, അയമോദകം, ജാതിക്ക, ഗ്രാമ്പൂ എന്നിവയുടെ സത്തും എണ്ണയും വേർതിരിച്ചെടുത്ത് പൂർണ്ണമായും കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണിത്. വെറ്റില, മുല്ലപ്പൂ മുതലായവ ദിനംപ്രതി 500 കിലോ വീതം ലഭിക്കുകയാണെങ്കിൽ ആ രംഗത്തും ഉൽപാദനം ആരംഭിക്കുവാൻ കമ്പനിക്ക് ഉദ്ദേശം ഉണ്ട്. വൈദ്യുതിക്ഷാമം ഈ ഫാക്ടറിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. കമ്പനിയിൽ ഒരു റിസേർച്ച് ആൻഡ് ഡെവലപ്പ്മെൻറ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭ്യമായ മറ്റ് അസംസ്കൃത വസ്തുക്കളിൽ നിന്നും സത്തും എണ്ണയും വേർതിരിച്ചെടുക്കുന്നതിനാവശ്യമായ റിസേർച്ച് ചെയ്യുന്നുണ്ട്. എന്നാൽ ഫണ്ടിൻറെ കുറവ് അനുഭവപ്പെടുന്നുണ്ട്. സർക്കാരിൻറെ ഭാഗത്തുനിന്നും കഴിയുന്നത്ര R S D ഗ്രാൻറ് ലഭ്യമാക്കിയാൽ കൂടുതൽ മേഖലകളിൽ ഉൽപാദനം ആരംഭിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സാധിക്കും.

വൻകിട വ്യവസായങ്ങൾ

1 റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ.
2 റബ്ബർ തടി സംസ്കരണം
3 കാലിത്തീറ്റ നിർമ്മാണം.
4 ഇലക്ട്രിക് മോട്ടോറും അവയുടെ പാർട്ട് സുകളും.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 ഓമയ്ക്ക (പപ്പയ്ക്ക) യിൽ നിന്നും ഔഷധ നിർമ്മാണം.
2 ഇലക്ട്രോണിക് ഉപകരണങ്ങൾ.
3 റബ്ബർ തടിയിൽ നിന്നും അലങ്കാര ഫർണിച്ചറുകൾ.
4 തടിയിൽ നിന്നും കളിപ്പാട്ടങ്ങൾ
5 ഓട്ടുപാത്ര നിർമ്മാണം
6 ഇഷ്ടിക നിർമ്മാണം
7 കളിമൺ പാത്രനിർമ്മാണം.
8 ചെരുപ്പ് (ഹവായ്) നിർമ്മാണം
9 പൂച്ചട്ടികളും പൂന്തോട്ട നിർമ്മാണവും.
10 ബാഗു നിർമ്മാണം. (റെക്സിൻ)
11 പ്ലാസ്റ്റിക് പൈപ്പുകൾ മുതലായവ.
12 കർപ്പൂര നിർമ്മാണം
13 വിവിധയിനം വനിതാ വ്യവസായ സംരംഭങ്ങൾ.

മറ്റു നിർദ്ദേശങ്ങൾ.

1 വ്യവസായ സംരംഭകർക്കുവേണ്ടി ജില്ലാ വ്യവസായ കേന്ദ്രത്തിൻറെ സഹായത്തോടുകൂടി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക,

2 ഒരു ക്രാഫ്റ്റ് ഡെവലപ്പ്മെൻറ് സെൻറർ പഞ്ചായത്തിൽ സ്ഥാപിക്കുക.

3 റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പരിശീലനം നൽകുക.

4 വ്യവസായത്തിന് വൈദ്യുതി കണക്ഷനു ള്ള കാലതാമസം ഒഴിവാക്കുക.

5 വനിതാ വ്യവസായ സംരംഭകർക്ക് പരിശീല നം നൽകുക.

6 വ്യവസായികൾക്കും സംരംഭകർക്കും പഠന യാത്രകൾ സംഘടിപ്പിക്കുക.

7 വൻകിട വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കാൻ ഗവൺമെൻറിൽ സമ്മർദം ചെലു ത്തുക.

8 വ്യവസായ സംരംഭകരെ സഹായിക്കാൻ ഒരു മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കുക.

9 ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക.

10 വിവിധ ഏജൻസികൾ, ജില്ലാ വ്യവസായ കേന്ദ്രം, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വർഷത്തിലൊരിക്കൽ ഉൽപ്പ ന്നങ്ങളുടെ പ്രദർശനമേള സംഘടിപ്പിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കിയാൽ ഏതാനും വർഷങ്ങൾക്കകം നമ്മുടെ പഞ്ചായത്തിന് ഇപ്പോഴുള്ള വ്യാവസാ യിക മുരടിപ്പ് മാറ്റിയെടുക്കുവാൻ സാധിക്കും.

5.4

വിദ്യാഭ്യാസം

കേരളത്തിലെ ഏറ്റവും പ്രായംകുറഞ്ഞ ജില്ലകളിൽ രണ്ടാമത്തെതായ പത്തനംതിട്ട ജില്ലയുടെ ആസ്ഥാനത്തോട് തൊട്ടുകിടക്കുന്ന പഞ്ചായത്താണ് ചെന്നീർക്കര. എന്നാൽ ജില്ലാ ആസ്ഥാനവും പഞ്ചായത്ത് ആസ്ഥാനവും തമ്മിൽ 10 കി. മീറ്ററോളം അകലമുണ്ട്. ഈ മലയോര ജില്ലയുടെ സർവ്വതോമുഖമായ പിന്നോക്കാവസ്ഥ വിദ്യാഭ്യാസ കാര്യത്തിലും കാണാം. ജില്ലയുടെ മൊത്തത്തിലുള്ള വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഈ പഞ്ചായത്തിന്റെ കാര്യത്തിലും നിഴലിക്കുന്നുണ്ട്.

ക്രിസ്ത്യൻ മിഷണറിമാരും സ്വകാര്യ ഏജൻസികളുമാണ്, കേരളത്തിൽ പൊതുവെ എന്ന പോലെ ഈ പഞ്ചായത്തിലും ആധുനിക രീതിയിലുള്ള വിദ്യാലയങ്ങളുടെ സ്ഥാപകർ. അതിനു മുമ്പ് പഴയമട്ടിലുള്ള ആശാൻ കളരികളും, സംസ്കൃത വിദ്യാഭ്യാസ സമ്പ്രദായങ്ങളും നില നിന്നിരുന്നു. അവയൊക്കെയും ഇന്ന് അന്യം നിന്നിരിക്കുകയാണ്.

19.5 ച. കിലോമീറ്റർ വിസ്തീർണ്ണവും 21000 ജനങ്ങളുമുള്ള ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിർവ്വഹണത്തിന് ഇന്നുള്ളത് മൂന്നു ഹൈസ്കൂളും, 5യു.പി. സ്കൂളും, 7എൽ.പി. സ്കൂളുകളുമാണ്. ഇവയിൽ സർക്കാർ ഉടമയിലുള്ളത് ഒരു ഹൈസ്കൂളും, ഒരു യു. പി. സ്കൂളും, രണ്ട് എൽ. പി സ്കൂളുകളുമാണ്. യു. പി. സ്കൂളിൽ രണ്ടെണ്ണം ക്രിസ്തീയ സഭകളുടേയും, രണ്ടെണ്ണം സ്വകാര്യവ്യക്തികളുടേയും ഉടമസ്ഥതയിലാണ്. എൽ. പി. സ്കൂളുകളിൽ നാലെണ്ണം ക്രിസ്തീയ സഭകളുടേയും, ഒരെണ്ണം S.N.D.P. യോഗത്തിന്റേയും മാനേജ്മെന്റിലാണ്.

ലഭ്യമായ വിവരങ്ങൾവെച്ചു നോക്കുമ്പോൾ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയം പ്രക്കാനം C.M.S.L.P. സ്കൂളാണെന്ന് കാണുന്നു. 1875-ൽ C.M.S. (ചർച്ച് മിഷണറി സൊസൈറ്റി) മിഷണറിമാരാണ് ഈ സ്കൂൾ സ്ഥാപിച്ചിട്ടുള്ളത്. പ്രാരംഭകാലത്ത് വിസ്തൃതമായ പ്രദേശത്ത് പ്രാഥമിക വിദ്യാഭ്യാസ വ്യാപനം നടത്തിയിരുന്ന ഈ സ്ഥാപനത്തിന്റെ ഇന്നത്തെ സ്ഥിതി ഖേദകരമാണ്. നാലു ക്ലാസ്സുകളിലായി ആകെ 63 കുട്ടികളും 3അദ്ധ്യാപകരുമാണ് ഇന്ന് ഉള്ളത്. നൂറിലേറെ വർഷങ്ങൾ പഴക്കമുള്ള നല്ലാനിക്കുന്ന് U.P. സ്കൂളാണ് പ്രായത്തിൽ തൊട്ടടുത്ത് നിൽക്കുന്നത്. മലയാളം സ്കൂളെന്ന് പരക്കെ പറയപ്പെട്ടിരുന്ന അന്നത്തെ മലയാളം മീഡിയം മിഡിൽ സ്കൂളായിരുന്നു ഈ സ്ഥാപനം. അന്നത്തെ പാഠ്യപദ്ധതിയനുസരിച്ച് വിദ്യാഭ്യാസത്തിന്റെ നിർണ്ണായകമായ ഒരു ഘട്ടം പൂർത്തിയാക്കുന്ന 7-ാം ക്ലാസ്സുവരെ ഈ സ്കൂളിൽ നടന്നിരുന്നു. സുദീർഘമായ പാരമ്പര്യമുള്ള ഈ സ്കൂളിന്റെയും ഗതകാല പ്രൗഢിക്ക് ഇന്ന് മങ്ങലേറ്റിട്ടുണ്ട്. ആകെ 96 കുട്ടികളും 8അദ്ധ്യാപകരുമാണ് അവിടെയുള്ളത്. ഏതാണ്ട് അത്രത്തോളം തന്നെ പഴക്കമുള്ള സ്കൂളാണ് ചെന്നീർക്കര M.T.L.P. സ്കൂൾ.

പ്രക്കാനം (തോട്ടുപുറം) കരയിൽ കാഞ്ഞിരപ്പാറ C.S. ഗോവിന്ദൻ നായർ എന്ന കരപ്രമാണിയുടെ നേതൃത്വത്തിൽ പെൺ പള്ളിക്കൂടമായി 1914-ൽ ആരംഭിച്ച് 1948–ൽ സർക്കാരിന് വിട്ടുകൊടുത്ത പ്രക്കാനം ഗവ: എൽ. പി. ജി. സ്കൂളാണ് പഞ്ചായത്തിലെ മറ്റൊരു പ്രാഥമിക വിദ്യാലയം. 1914-ൽ തന്നെ സർക്കാർ നേരിട്ട് ആരംഭിച്ച പ്രക്കാനം ഗവ: എൽ. പി. സ്കൂളിൽ ഇപ്പോൾ നാലു ക്ലാസ്സുകളിലായി 129 വിദ്യാർത്ഥികളും നാല് അദ്ധ്യാപകരും ഉണ്ട്. C M S. സഭയുടെ തന്നെ ഉടമസ്ഥതയിലുള്ള ഏറത്തുമ്പമൺ C.M.S. L.P.S., M. E. U.P.S. മണ്ണനിക്കര (1983) ഗവ: യു.പി. സ്കൂൾ ഏറത്തുമ്പമൺ, M.G. U.P. സ്കൂൾ പ്രക്കാനം (1957) പ്രക്കാനം യു.പി.എസ്. (1953) SNDP L P S. മുട്ടത്തുകോണം വടക്ക് എന്നിവയാണ് മറ്റ് പ്രാഥമിക വിദ്യാലയങ്ങൾ. ഇവയിൽ വിദ്യാർത്ഥികളുടെഎണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് മുട്ടത്തുകോണംവടക്ക് S.N.D.P.L.P സ്കൂളാണ്. നാലു സ്റ്റാൻഡാർഡുകളിലായി 200 കുട്ടികളും 5 അദ്ധ്യാപികമാരും ആണ് ഈ സ്കൂളിൽ ഉള്ളത്.

സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണകാലത്ത് അദ്ധ്യാപക മേഘലയിലുണ്ടായ സമരത്തെ നേരിടുന്നതിനായി ബദൽ സംവിധാനമെന്ന നിലയിൽ ആരംഭിക്കപ്പെട്ട സ്കൂളുകളിലൊന്നാണ് മുൻപറഞ്ഞ മുട്ടത്തുകോണം SNDP L.P.S. കിണർ വിളയിൽ നീലകണ്ഠൻ തണ്ടാർ എന്ന ഈഴവ പ്രമാണിയുടെ നേതൃത്വത്തിൽ ആവേശപൂർവ്വം ഒത്തുകൂടിയ 80–ാം നമ്പർ SNDP ശാഖായോഗാംഗങ്ങളാണ് ഒരൊറ്റ രാത്രികൊണ്ട് രൂപം കൊടുത്തതാണ് ഈ സ്കൂൾ പഴമക്കാർ പറയുന്നു. ഈ സ്കൂൾ 1948–ൽ സർക്കാർ അംഗീകാരം നേടുകയും. 1955-ൽ യു.പി. സ്കൂളായും 1962-ൽ ഹൈസ്കൂളായും ഉയർത്തപ്പെടുകയുമാണ് ഉണ്ടായത്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ പഞ്ചായത്തിൽ ഒന്നാം സ്ഥാനമുള്ള ഈ സ്കൂളിൽ 576 കുട്ടികളും, 27 അദ്ധ്യാപകരുമുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി 40%-ലേറെ വിദ്യാർത്ഥികളും S.S.L.C. പരീക്ഷയിൽ വിജയം വരിക്കുന്നു (പട്ടിക 4). ഇവിടുത്തെ കുട്ടികളും പാഠ്യേതര വിഷയങ്ങളിലും മുൻപന്തിയിലാണ്. ദക്ഷിണമേഖലാചാമ്പ്യൻഷിപ്പു വരെ നേടിയ ഒരു വനിതാ വോളീബോൾ ടീമിനെ സംഭാവന ചെയ്യുവാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. ഈ സ്കൂളിലെ വിദ്യാർഥികളുടെ സാമ്പത്തികവും, സാമൂഹ്യികവുമായ പിന്നാക്കാവസ്ഥ പരിഗണിക്കുമ്പോൾ സ്കൂളിന്റെ ഈ നിലവാരം മെച്ചമാണെന്ന് പറയാം.

പഞ്ചായത്തിലെ മറ്റ് രണ്ട് ഹൈസ്കൂളുകളിൽ ഗവ:ഉടമയിലുള്ള തുമ്പമൺനോർത്ത് ഹൈസ്കൂളിൽ ഈ വർഷം ആകെ 424 കുട്ടികളും, 19 അദ്ധ്യാപകരും ഉണ്ട്. സർക്കാർ സ്കൂളുകളെക്കുറിച്ച് പൊതുവിലുള്ള ധാരണയിൽ നിന്നു വ്യത്യസ്തമായി മെച്ചപ്പെട്ട S.S.L.C. വിജയനിലവാരം ഈ സ്കൂൾ പുലർത്തി പോരുന്നു ആകെ 74 കുട്ടികളും SSLC പരീക്ഷ എഴുതിയ 1996 മാർച്ചിൽ 95% വിജയമുണ്ടായിരുന്നു (പട്ടിക 4) ആ വിദ്യാഭ്യാസ വർഷത്തിൽ പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ വിജയ ശതമാനത്തിൽ ഒന്നാം സ്ഥാനത്തെത്തിയ ഈ സ്കൂൾ ട്രോഫി നേടുകയും ചെയ്തു. പാഠ്യേതര വിഷയങ്ങളിലും ഈ വിദ്യാലയം മുൻപന്തിയിൽ തന്നെ. യുവജനോൽസവത്തിനും ജില്ലാതലത്തിലും ശാസ്ത്രപ്രദർശനത്തിൽ സംസ്ഥാനതലത്തിലും ഈ വിദ്യാലയത്തിലെ കുട്ടികളും സമ്മാനാർഹരായിട്ടുണ്ട്. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രവർത്തനത്തിലും ഈ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു ഈ മേഘലയിൽ രാഷ്ട്രപതിയുടെ പുരസ്ക്കാരം വരെ ലഭിച്ചിട്ടുണ്ട്.

89-ാം നമ്പർ S N D P ശാഖായോഗത്തിന്റെ നേതൃത്വത്തിൽ 1953-ൽ ആരംഭിച്ച ചെന്നീർക്കര S.N. Giri S N D P ഹൈസ്ക്കൂളാണ് കാലഗണനയിൽ ഈ പഞ്ചായത്തിലെ ഒന്നാമത്തെ ഹൈസ്കൂൾ. 1964-ൽ സ്കൂൾ മാനേജ്മെന്റ് S N D P കേന്ദ്രനേതൃത്വത്തിന് വിട്ടുകൊടുത്തെങ്കിലും 1969-ൽ മാനേജ്മെന്റ് ശാഖായോഗം തിരികെ വാങ്ങി. പ്രാരംഭകാലം മുതൽക്കേ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്കൂൾ കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി 50 ശതമാനം

വിദ്യാർത്ഥികളെ S.S.L.C. പരീക്ഷയിൽ വിജയിപ്പിക്കുന്നു. (പട്ടിക4) ഇവിടെ 477 വിദ്യാർത്ഥികളും, 25 അദ്ധ്യാപകരുമുണ്ട് പാഠ്യേതര വിഷയങ്ങളിലും ഇവിടത്തെ വിദ്യാർത്ഥികൾ മികച്ച നിലവാരം പുലർത്തുന്നു. ജില്ലാതലത്തിൽ തന്നെ മുൻപന്തിയിൽ നിൽക്കുന്ന ഒരു ബാൻഡ് ട്രൂപ്പ് ഈ സ്കൂളിനുണ്ട്. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗത്തിലും (പ്രവർത്തനത്തിൽ) ശ്രദ്ധേയമായ സംഭാവന ഈ സ്കൂളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

സെക്കൻറി സ്കൂൾതലം വരെയുള്ള ഔപചാരിക വിദ്യാഭ്യാസത്തിൻറെ കാര്യത്തിൽ പഞ്ചായത്ത് ഏറെക്കുറെ സംതൃപ്തമാണ്. എന്നാൽ പഴയ ആശാൻ പള്ളിക്കൂടങ്ങൾ അന്യംനിന്നതുമൂലമുണ്ടായ കുറവു പരിഹരിക്കുന്നതിന് വേണ്ടത്ര പ്രീ-പ്രൈമറി സ്കൂളുകൾ ഉണ്ടായിട്ടില്ല. അതുപോലെ സെക്കൻറി തലത്തിനു മുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് തീർത്തും ദരിദ്രമാണ്. പഞ്ചായത്തിലെ കുട്ടികൾക്ക് ഉപരി വിദ്യാഭ്യാസത്തിന് ജില്ലാ ആസ്ഥാനത്തുള്ള ഒരു കോളേജാണുള്ളത്. മറ്റു കോളേജുകൾ അതിലും കൂടുതൽ ദൂരത്തിലാണ്. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാകണമെന്ന ആശയത്തിന് പ്രസക്തിയുള്ള ഈ കാലത്തും പഞ്ചായത്തിലെ ഒരു സ്കൂളും വൊക്കേഷണൽ ഹയർ സെക്കൻറിയാക്കിയിട്ടില്ല. പഞ്ചായത്തിലെ ഏക സാങ്കേതിക സ്ഥാപനമായ I.T.I. ആകട്ടേ ആരംഭിച്ചിട്ടു വർഷങ്ങളായെങ്കിലും ഇന്നും ബാലാരിഷ്ടതകൾ പിന്നിട്ടിട്ടില്ല. I.T.I. ക്ക് സ്വന്തമായ പുതിയ കെട്ടിടം അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. പുതിയ ട്രേഡുകളും ആരംഭിക്കണം. നാട്ടിൻപുറങ്ങളിലെ പഴയകാല സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തന്നെ ഇന്ന് പ്രവർത്തനക്ഷമമല്ല. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല.

സർക്കാർ മേഖലയിലും സർക്കാർ നിയന്ത്രണത്തിൽ സഹകാര്യമേഖലയിലുമായി ഈ പഞ്ചായത്തിലാകെയുള്ള 15 സ്കൂളുകളിലും കൂടി മൊത്തം 3042 വിദ്യാർത്ഥികൾ പഠിക്കുന്നു. അദ്ധ്യാപകരുടെ ആകെ എണ്ണം 133 (പട്ടിക 1.എ) LP, UP, HS വിഭാഗങ്ങളിലായി ആകെ 1493 പെൺകുട്ടികളും, 1549 ആൺകുട്ടികളുമാണ് ഉള്ളത് (പട്ടിക. 1. ബി) ഈ മൂന്നു വിഭാഗം സ്കൂളുകളിലായി പട്ടിക ജാതി വിഭാഗത്തിൽ ആകെ 913 വിദ്യാർത്ഥികൾ ഉണ്ട്. ഇവരിൽ 469 ആൺകുട്ടികളും 444 പെൺകുട്ടികളുമാണ് (പട്ടിക. 1. സി). പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലില്ല. പഠനം ഇടയ്ക്കുവെച്ചു നിർത്തുന്നവരുടെ എണ്ണം പൊതുവെ കുറവാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ആകെ 123 വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. (പട്ടിക. 1. ഡി.) സർക്കാർ മേഖലയിൽ ആകെ 4 സ്കൂളുകളാണുള്ളത്. മൊത്തം അദ്ധ്യാപകരിൽ 28.57 ശതമാനവും, വിദ്യാർത്ഥികളിൽ 28.46 ശതമാനവും സർക്കാർ മേഖലയിലാണു ഉള്ളത്. (പട്ടിക II).

പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളുടേയും കുട്ടികളെ പൊതു വിദ്യാലയങ്ങളിലാണ് അയയ്ക്കുന്നത്. എങ്കിലും ആൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസമാണ് വരേണ്യ വർഗ്ഗത്തിൻറെ വിദ്യാഭ്യാസ സമ്പ്രദായമെന്ന ധാരണ താഴേക്കിടയിലേക്കുകൂടി വളരെ വേഗം പടരുകയാണ്. ഇക്കാരണത്താൽ പിഞ്ചുകുഞ്ഞുങ്ങളെ ദൂരസ്ഥലങ്ങളിൽ വിട്ട് 'മികച്ച' വിദ്യാഭ്യാസം നേടി കൊടുക്കുന്നതിനുള്ള വ്യഗ്രത ഈ ഗ്രാമത്തിലും ഒരു പകർച്ചവ്യാധിയായി തീർന്നിട്ടുണ്ട്. പൊതുവിദ്യാഭ്യാസം ഗുണമേന്മയില്ലാത്തതും അതുകൊണ്ടുതന്നെ ഭാവി ഗുണം ചെയ്യാത്തതുമെന്ന വാഗതി ബോധപൂർവ്വംതന്നെ പ്രചരിപ്പിക്കപ്പെടുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. പൊതു വിദ്യാഭ്യാസത്തെക്കുറിച്ച് ഉണ്ടായിപ്പോയിട്ടുള്ള ഈ ധാരണ തിരുത്തുന്നതിന് അടിയന്തിരപ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

വളരെ ചെറിയൊരു ശതമാനം കുട്ടികൾ ഒഴികെയുള്ളവർക്ക്, നിർബ്ബന്ധിതമായ ക്ലാസ്സുകയറ്റം നൽകുന്നതാണ് വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് ഒരു പ്രധാന കാരണം. നിശ്ചിത

പാഠപദ്ധതി അനുസരിച്ചുള്ള സംഗതികൾ പഠിച്ചിട്ടില്ലെങ്കിലും അടുത്ത ക്ലാസ്സിലെ പാഠ്യ പദ്ധതി പ്രകാരം പഠിക്കേണ്ടിവരുന്ന കുട്ടികൾക്ക് തുടർന്ന് ഒന്നും പഠിക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാവുന്നു. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടിക്ക് ക്ലാസ്സുകയറ്റം നൽകുന്നതിന്മുമ്പ് നിർദ്ദിഷ്ട പാഠ്യപദ്ധതി പ്രകാരമുള്ള കാര്യങ്ങൾ ഗ്രഹിച്ചുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഗ്രഹണശക്തിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശ്രദ്ധിക്കുവാൻ അധിക സമയം കണ്ടെത്തുന്നതിന് അദ്ധ്യാപകരെ പ്രേരിപ്പിക്കണം. താഴ്ന്ന ക്ലാസ്സുകളിൽ എങ്കിലും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 എന്നാക്കണം. ഓരോ കുട്ടിയേയും പ്രത്യേകമായി ശ്രദ്ധിക്കുവാൻ ഇത് അവസരംനൽകും.

അദ്ധ്യാപകരെ അദ്ധ്യാപന ബാഹ്യമായ ജോലികൾക്ക് നിയോഗിക്കുവാൻ പാടില്ല. പ്രഥമാദ്ധ്യാപകനെ ക്ലാസ്സ് ചുമതലയിൽ നിന്ന് ഒഴിവാക്കണം. അതുകൊണ്ടുവരുന്ന കുറവ് നികത്തുന്നതിന് അദ്ധ്യാപകരുടെ അധിക തസ്തിക അനുവദിക്കണം. ഇതിലൂടെയൊക്കെ ലഭ്യമാകുന്ന മിച്ചസമയം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി നീക്കിവയ്ക്കണം. അവരെ കൂടി പാഠ്യപദ്ധതിക്കനുസരിച്ച് മുഴുവൻ കാര്യവും ഗ്രഹിപ്പിക്കാൻ പരിപാടിആസൂത്രണം ചെയ്യണം. ആദ്യപടിയായി സ്കൂളുകളിൽ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം. പാഠപുസ്തകം സ്കൂൾ വർഷാരംഭത്തിൽ കിട്ടാത്തത് പഠിപ്പിക്കുവാനുള്ള സമയം നഷ്ടപ്പെടാൻ ഇടയാക്കുന്നുണ്ട്. വേണ്ടത്ര നേരത്തെ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി കർശനമായി സ്വീകരിക്കണം. പാഠോഗങ്ങളെപറ്റി അദ്ധ്യാപകർക്ക് മതിയായ അറിവ് നൽകുന്ന ആധികാരികങ്ങളായ കൈപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കണം.

മുൻകൂട്ടി അപേക്ഷ നൽകി നീണ്ട അവധിയിൽ പ്രവേശിക്കുന്ന സർക്കാർ അദ്ധ്യാപകർക്ക് പകരക്കാരെ നിയമിക്കുന്നതേയില്ല. ഇത് പഠനം നഷ്ടപ്പെടാൻ ഇടയാകുന്നു. ഒഴിവുകൾ ഒരാഴ്ചയ്ക്കകം നികത്തുന്നതിന് സഹായകമാകുംവിധം നിശ്ചിത യോഗ്യതയുള്ളവരുടെ ഒരു സ്ഥിര പട്ടിക അതാത് പഞ്ചായത്തിരാജ് സ്ഥാപനങ്ങളിൽ സൂക്ഷിക്കണം. നീണ്ടകാല അവധിയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർ അതിനു പത്തുദിവസം മുമ്പ് എങ്കിലും അപേക്ഷ സമർപ്പിക്കുകയും, അങ്ങനെ അപേക്ഷ കിട്ടിയാലുടൻ വിവരം പ്രഥമാദ്ധ്യാപകൻ പഞ്ചായത്ത് രാജ് അധികാരികളെ അറിയിക്കേണ്ടതുമാണ്. അറിയിപ്പു കിട്ടിയാലുടൻ മുൻപറഞ്ഞ ലിസ്റ്റിൽ നിന്നും ആളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി എല്ലാ സ്കൂളുകളിലും വേണ്ടത്ര പഠനോപകരണങ്ങൾ ലഭ്യമാക്കണം.

പൊതു വിദ്യാഭ്യാസരംഗത്തെ രണ്ടു പ്രധാന പ്രശ്നങ്ങളാണ്, കുട്ടികളുടെ ഇടയ്ക്കിടെയുള്ള ഹാജരില്ലായ്മയും, ഇടയ്ക്കുവച്ചുള്ള പഠനം നിർത്തലും. താഴ്ന്ന ക്ലാസ്സുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജരില്ലായ്മ, അവരുടെ വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം ഇതിന് ഒരു പരിധിവരെ പരിഹാരമാവുന്നുണ്ട്. എന്നാൽ കൂലിപണിക്കാരായ മാതാപിതാക്കൾ തൊഴിലുമായി ബന്ധപ്പെട്ട് വീടിന് പുറത്തായിരിക്കുന്ന ദിവസങ്ങളിൽ ഇളയ കുട്ടികളുടെ സംരക്ഷണ ചുമതലയേല്പിക്കപ്പെടുന്നു. ആ ദിവസങ്ങളിൽ അവരുടെ ക്ലാസ്സ് നഷ്ടപ്പെടുന്നു. ഇതു പരിഹരിക്കുന്നതിനായി വേണ്ട സ്ഥലങ്ങളിൽ കൂടുതൽ അങ്കണവാടികൾ ആരംഭിച്ചുകൊണ്ട് അങ്കണവാടികളെ മുഴുവൻ ക്രഷുകളായി കൂടി (ശിശുമന്ദിരം) പ്രവർത്തിപ്പിക്കാവുന്നതാണ്. ഇടയ്ക്കുവച്ചുള്ള പഠനം നിറുത്തുന്നത് ഒഴിവാക്കുന്നതിന് ഉച്ചഭക്ഷണപരിപാടി വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനു വേണ്ടിവരുന്ന അരി, പയർ, എണ്ണ തുടങ്ങിയ സാധനങ്ങൾ ശേഖരിക്കുന്നതിനുണ്ടാവുന്ന ബുദ്ധിമുട്ട്, ചിലപ്പോഴെങ്കിലും ഈ പരിപാടിയുടെ താളം തെറ്റിക്കുന്നുണ്ട്. ഇതുകാരണം പ്രഥമാദ്ധ്യാപകനു കുറേയേറെ സമയനഷ്ടവുമുണ്ടാക്കുന്നുണ്ട്. സാധനങ്ങൾ പഞ്ചായത്ത്

രാജ് സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്കൂളുകളിൽ യഥാസമയം എത്തിച്ചുകൊടുത്താൽ ഈ പ്രശ്നം പരിഹരിക്കാം.

വംശനാശം സംഭവിച്ചുകഴിഞ്ഞ ആശാൻ പള്ളിക്കൂടങ്ങളുടെ ധർമ്മം ഏറെറടുക്കാൻ പ്രീ-പ്രൈമറി സ്കൂളുകൾക്കുകഴിയും. ഈ തലത്തിൽ ശാസ്ത്രീയമായ ഒരു സംവിധാനമുണ്ടായാലേ അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള ഒഴുക്കിന് തടയിടാനാകു. വ്യക്തമായ പ്രവർത്തനശൈലിയോടു കൂടി എല്ലാ പ്രൈമറി സ്കൂളിനോടുംചേർന്ന് പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കണം. ആവശ്യമായ കളിപ്പാട്ടങ്ങളും മറന് ഉപകരണങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ലഭ്യമാക്കണം. അതുപോലെതന്നെ അദ്ധ്യാപികമാർക്കും ആയമാർക്കും മാന്യവും ന്യായവുമായ പ്രതിഫലം പഞ്ചായത്തുതന്നെ നൽകണം.

സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനും കുട്ടികളുടെ ആരോഗ്യപൂർണ്ണമായ സ്കൂൾ ജീവിതത്തിനും സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. കുടിവെള്ളം, വൈദ്യുതി, കക്കൂസ്, മൂത്രപ്പുര തുടങ്ങിയ പരമപ്രധാനമായ പല സംഗതികളും ഇന്നും പല പ്രൈമറി സ്കൂളുകളിലുമില്ല. ഈ പോരായ്മ പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമാണ് ഈ പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന ഒരു പ്രശ്നം. പഞ്ചായത്തിലെ ഒരു സ്കൂളിൽ പോലും ഹയർസെക്കണ്ടറി കോഴ്സുകൾ നടത്തുന്നില്ല. നിലവിലുള്ള ഹൈസ്കൂളുകൾ ഹയർസെക്കൻഡറി സ്കൂളുകളായി ഉയർത്തണം. പെന്നീർക്കര S.N GIRI S.N.D.P. H. S..ൽ നിലവിലുള്ള സൗകര്യങ്ങൾ ഹയർ സെക്കൻഡറി തുടങ്ങാൻ പര്യാപ്തമാണ്. തുമ്പമൺ നോർത്ത് ഗവ: ഹൈസ്കൂളിന് ചുറ്റുമതിലുണ്ടാവണം. ഒരു മിനി സ്റേഡിയം സ്കൂളിനോടനുബന്ധിച്ചു നിർമ്മിക്കണം. പഞ്ചായത്തിലെ 8,9,10 വാർഡുകളിൽ ഒരു ഹൈസ്കൂളുമില്ല. 10-ം വാർഡിൽ ഉള്ള യു പി. സ്കൂൾ ഹയർസെക്കൻഡറിയോടുകൂടിയ ഹൈസ്കൂളാക്കി ഉയർത്തുന്നത് ഈ പ്രദേശത്തെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ഗുണകരമാകും. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 8, 9 വാർഡുകളിലെവിടെയെങ്കിലും പഞ്ചായത്തിന്റെ ചുമതലയിൽ ഒരു വനിതാ ഐ. റ്റി. ഐ. സ്ഥാപിക്കുന്നത് പഞ്ചായത്തിലെ വനിതകളുടെ തൊഴിൽ വിദ്യാഭ്യാസത്തിന് നേട്ടമുണ്ടാക്കും. മാത്തൂർ ഗവ: യു.പി.എസ്, ഹൈസ്കൂളായി ഉയർത്തണം. ചുറ്റുമതിൽ കെട്ടണം.

കുട്ടികൾക്കായി കലാ-കായിക മത്സരങ്ങൾ പ്രൈമറിതലം മുതൽക്കേ ഇന്ന് സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ ഈ വിഷയങ്ങളിൽ ആവശ്യമായ അറിവ് കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിന് ഒട്ടുമിക്ക സ്കൂളുകളിലും അദ്ധ്യാപകരില്ല. എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി ഉണ്ടാവേണ്ടതാണ്. കലാ-കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നതിന് ആവശ്യമായ ഉപകരണങ്ങളും സ്കൂളുകളിൽ ഉണ്ടാവേണ്ടതാണ്. ഈ പഞ്ചായത്തിന്റെ പരിധിയിലുള്ള വിശാലമായ മുറിപ്പാറമണ്ണ് മൈതാനം പഞ്ചായത്ത് സ്റേഡിയമാക്കിമാറ്റി ഓപ്പൺ എയർ ആഡിറ്റോറിയവും നിർമ്മിച്ച് പഞ്ചായത്ത് തലത്തിൽ കലാ-കായിക ഉത്സവങ്ങൾ സംഘടിപ്പിക്കണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാൻ ഉതകും.

പട്ടിക 1. എ.

വിദ്യാർത്ഥികൾ - അദ്ധ്യാപകർ

സ്കൂൾ	എയ്ഡഡ് ഗവ./ അൺ എയ്ഡഡ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1. S.N. Giri S.N.D.P. ഹൈസ്കൂൾ ചെന്നീർക്കര	എയ്ഡഡ്	256	221	477	4	19	23
2. S.N.D.P. ഹൈസ്കൂൾ മുട്ടത്തുകോണം	"	293	283	576	2	24	26
3. Govt. ഹൈസ്കൂൾ തുമ്പമൺ നോർത്ത്	ഗവ:	202	222	424	3	17	20
4. C.M S. U.P S. നല്ലാനിക്കുന്ന്	എയ്ഡഡ്	46	50	96	—	8	8
5. M.E.U.P.S. മഞ്ഞനിക്കര	"	85	56	141	—	7	7
6. ഗവ: യു.പി.എസ്. ഏറത്തുമ്പമൺ	ഗവ:	89	122	211	1	9	10
7. M.G U.P.S. പ്രക്കാനം	എയ്ഡഡ്	39	49	88	2	3	5
8. U.P.S. പ്രക്കാനം	"	85	76	161	1	7	8
9. Govt. L.P.S. പ്രക്കാനം	ഗവ:	64	65	129	2	2	4
10. Govt. L.P.G.S. പ്രക്കാനം	ഗവ:	61	41	102	—	4	4
11. C.M.S. L.P.S. പ്രക്കാനം	എയ്ഡഡ്	37	26	63	—	3	3
12. L.P.S. ചെന്നീർക്കര നോർത്ത്	"	43	36	79	—	3	3
13 M.T.L.P.S. ചെന്നീർക്കര	"	77	85	162	—	3	3
14. C.M.S L.P.S. ഏറത്തുമ്പമൺ	"	70	63	133	—	4	4
15. S.N.D.P. L.P.S. മുട്ടത്തുകോണം	"	102	98	200	—	5	5
ആകെ		1549	1493	3042	15	118	133

പട്ടിക. 1 (ബി)

എൽ. പി., യു. പി., എച്ച്. എസ്. വിഭാഗങ്ങളിലെ കുട്ടികളുടെ കണക്ക്

ആകെ വിദ്യാർത്ഥികൾ	L.P.			U.P.			H.S.		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
3042	561	558	1119	515	506	1021	473	429	902

പട്ടിക. 1 (സി)

പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

	L.P.			U.P.			H.S.		
	ആകെ	S.C.	%	ആകെ	S.C.	%	ആകെ	S C.	%
ആകെ	1119	270	24.12	1021	324	31.73	902	319	35.36

പട്ടിക. 1 (ഡി)

പഠനം നിർത്തിയവരുടെ കണക്ക്

	S.C.			മറ്റുള്ളവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ആകെ	36	22	58	39	26	65

പട്ടിക. 2

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ: അദ്ധ്യാപകരുടെ എണ്ണം %	ഗവ; സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
133	38	3042	28.57	866	28.46

പട്ടിക. 3 (പൊതുനിലവാരം)

പരീക്ഷ–മാർക്ക്

ക്ലാസുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30%-നും 40% ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	40%-50% മാർക്ക് ലഭിച്ചവർ	50%-60% മാർക്ക് ലഭിച്ചവർ	60% മേൽ മാർക്ക് ലഭിച്ചവർ
III	38	44	63	53	56
IV	50	57	54	47	87
V	71	66	76	49	83
VI	110	61	57	60	60
VII	94	56	65	62	75
VIII	140	48	37	35	34
IX	172	52	34	42	35
X	113	42	37	28	37

പട്ടിക. 4.

S.S.L.C. വിജയശതമാനം

Name of School	Year				
	91—92	92—93	93—94	94—95	95—96
1. S.N. Giri S N D P H S. ചെന്നീർക്കര	56.5	44	70	48	40
2. S.N.D.P. H.S. മുട്ടത്തുകോണം	67	46	47	21	43
3. ഗവ: ഹൈസ്കൂൾ തുമ്പമൺ നോർത്ത്	70	65.06	53.6	38	95

5.5

കുടിവെള്ളവും, പൊതുജനാരോഗ്യവും.

ചെന്നീർക്കര വളരെ വിസ്തൃതമായ ഒരു പഞ്ചായത്താണ്. 1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 22425 ആണ്. 1960ന് ശേഷമാണ് ആദ്യമായി ഇവിടെ ഡിസ്പെൻസറി സ്ഥാപിയ്ക്കപ്പെട്ടത്. അതിനുമുൻപ് പാരമ്പര്യവൈദ്യന്മാരെയാണ് ഇവിടുത്തെ ആളുകാം രോഗശമനത്തിന് ആശ്രയിച്ചിരുന്നത്. ചെന്നീർക്കര പഞ്ചായത്തിലെ ഡിസ്പെൻസറി നല്ലാനിക്കുന്നിലാണ് സ്ഥാപിച്ചത്. അക്കാലത്ത് സ്ഥിരമായി ഡോക്ടർന്മാരും, രോഗികളും ഉണ്ടായിരുന്നു. ക്രമേണ ഡിസ്പെൻസറി അഭിവൃദ്ധിപ്പെടുകയും 14 കിടക്കയുള്ള മെറേർണിറ്റി വാർഡുംകൂടിയുള്ള ഒരുസ്ഥാപനമായി ഉയരുകയും ചെയ്തു. എന്നാൽ പ്രൈമറിഹെൽത്ത് സെൻററായി മാറിയതോടുകൂടി ഇതിന് ശനിദശയും ആരംഭിച്ചു. 1994-ൽ മഞ്ഞിനിക്കര ദയറയ്ക്ക് സമീപം ഒരു പ്രൈമറിഹെൽത്ത് സെൻറർകൂടി ആരംഭിച്ചു. ഇതിന്റെ ബാലദശ ഇതുവരെയും മാറിയിട്ടില്ല. ഈ രണ്ടു പ്രൈമറി ഹെൽത്ത് സെൻററുകളും പഞ്ചായത്തിന്റെ പടിഞ്ഞാറും കിഴക്കും അതിരുകളിലായതുകൊണ്ട് പഞ്ചായത്തിലെ എല്ലാ പ്രദേശത്തേയും രോഗികാംക്ക് ഇവ പ്രയോജനപ്പെടുന്നില്ല. ഈ പഞ്ചായത്തിലെ രോഗികാം പത്തനംതിട്ട, പന്തളം, കോഴഞ്ചേരി, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിലെ ആശുപത്രികളെയാണ് അഭയം പ്രാപിക്കുന്നത്. കാര്യമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് ആശുപത്രികളും ഇവിടെ ഇല്ലെന്നുതന്നെ പറയാം.

ചെന്നീർക്കര പ്രൈമറി ഹെൽത്ത്സെൻററിലും സബ് സെൻററിലുമായി ഒരു ഡോക്ടർ ഉൾപ്പെടെ 18 ജീവനക്കാർ ഉണ്ട്. 1992 മുതൽ 96 വരെ വിവിധ ഇനം രോഗികളായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പട്ടികചുവടെ ചേർക്കുന്നു.

രോഗങ്ങളം സംബന്ധിച്ച വിവരം പ്രതിവർഷം

വർഷം	ഇൻ പേഷ്യൻറ്	ഔട്ട് പേഷ്യൻറ്	തൊക്ക് രോഗം	വാതരോഗം(എല്ലാ വിഭാഗവും)	പകർച്ച വ്യാധിവാം	വിഷ ചികിൽസ	മറ്റുള്ള രോഗങ്ങളം	ആകെ.
92-93	—	15816	3500	8000	2316	—	2000	15816
93-94	—	4060	368	1423	1219	—	1052	4060
94-95	—	10134	4216	2399	517	—	3000	10134
95-96	—	8361	1182	294	496	—	6389	8361
ആകെ	—	38371	9266	12116	4548	—	12441	38371

ചെന്നീർക്കര പ്രൈമറി ഹെൽത്ത് സെൻറ റിനു സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെ ങ്കിലും നിരവധി പ്രശ്നങ്ങളും ഇപ്പോഴും അവശേ ഷിക്കുന്നു.

(I) വാട്ടർസപ്ലൈ ഇല്ല

(II) കെട്ടിടങ്ങൾക്ക് മെയിൻറൻസ് നടത്താറില്ല

(III) ഇലക്ട്രിക്ക് വയറിംഗ് വളരെ പഴക്കം ഉള്ള താണ്

(IV) Fridge ഇല്ലാത്തതുകാരണം പല മരുന്നുകളും സൂക്ഷിയ്ക്കാൻ കഴിയുന്നില്ല.

(V) ഡോക്ടർക്കും മറ്റു സ്റ്റാഫിനും ക്വാർട്ടേ ഴ്സ് ഇല്ല.

(VI) ആശുപത്രിയിലേക്കുള്ള റോഡ് ടാർചെയ് തിട്ടില്ല ഈ പോരായ്മകൾ അടിയന്തിരമായി പരിഹരിയ്ക്കേണ്ടതാണ്. കൂടാതെ ഈ പ്രൈ മറിഹെൽത്ത് സെൻറർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറായി ഉയർത്തണം.

മഞ്ഞനിക്കര പ്രൈമറിഹെൽത്ത് സെൻറ റിൽ ഡോക്ടർ ഉൾപ്പെടെ 8 ജീവനക്കാർ ഉണ്ട് 94-95, 95-96 എന്നീ വർഷങ്ങളിൽ ഈ P.H.C ലെ രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	ഇൻപേഷ്യൻറ്	രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ					
		ഔട്ട് പേഷ്യൻറ്	തൊക്ക് രോഗം	വാതം	പകർച്ച രോഗം	വിഷ ചികിൽസ	മറ്റുരോഗം	ആകെ
1994-95	3289	160	40	9	—	3080	6578
95-96	4000	200	100	10	—	3690	8000
ആകെ	7289	360	140	19	—	6770	14578

ഇതിനു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഇപ്പോഴുള്ള കെട്ടിടത്തിൽ ആവശ്യമുള്ള ഉപകരണ ങ്ങളും, ലൈറ്റ് ഇവയില്ലാത്തതു കാരണം വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. സ്റ്റാഫിനും രോഗികൾക്കും പ്രാഥമികാവശ്യങ്ങൾ നിറവേ റ്റാൻ കക്കൂസോ, മൂത്രപുരയോ ഇല്ല. സ്വന്തമാ യി സ്ഥലവും കെട്ടിടവും ഉണ്ടാക്കി ഈ പ്രൈമ റി ഹെൽത്ത് സെൻററിൻെറ പ്രവർത്തനം വിപു ലീകരിക്കേണ്ടതാണ്.

രണ്ടു പ്രൈമറി ഹെൽത്ത് സെൻററുകളി ലും വാതരോഗികളുടെ എണ്ണം വളരെ കൂടുതലാ ണ്. അതിനു അലോപ്പതി മരുന്നുകളേക്കാൾ പ്രയോജനം ആയൂർ വേദമാണല്ലോ. ഈ പഞ്ചായ ത്തിലെ വാതരോഗികൾ ഓമല്ലൂർ, പത്തനംതിട്ട തുടങ്ങിയ സ്ഥങ്ങളിലെ ആശുപത്രികളിലാണ് ചികിത്സയ്ക്കു പോകുന്നത്. അതിനാൽ ഈ പഞ്ചായത്തിൽ ഒരു ആയൂർവേദാസ്പത്രി , എത്ര യും വേഗം ആരംഭിക്കണം. അതുപോലെതന്നെ ഒരു ഹോമിയോ ആശുപത്രിയും ഈ പഞ്ചായ ത്തിൽ അനുവദിയ്ക്കണം. ലക്ഷംവീടു കോളനി കളും പട്ടികജാതി കോളനികളും ധാരാളമുള്ള ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കണ മെന്നു എല്ലാ ഗ്രാമ സഭകളും നിർദ്ദേശിച്ചിട്ടു ണ്ട്.

വിഷവൈദ്യന്മാരുടെ എണ്ണം ഈ പഞ്ചാ യത്തിൽ ഇപ്പോഴും വളരെ കുറവാണ്. ഇപ്പോഴുള്ള എല്ലാ വിഷ വൈദ്യന്മാർക്കും ഗ്രാൻറ് അനുവദി ക്കണം. രണ്ടാം വാർഡിലെ വിഷചികിത്സാല യത്തിനുള്ള ഗ്രാൻറ് വർദ്ധിപ്പിക്കണമെന്ന് ഗ്രാമ സഭയിൽ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. 4-ാം വാർഡിലെ സബ്സെൻറർ പ്രൈമറി ഹെൽത്ത് സെൻറർ ആയി ഉയർത്തണം.

ചെന്നീർക്കര പഞ്ചായത്തിൽ ആകെ 3442 വീടുകളും ഉണ്ട്. അതിൽ 1223 വീടുകളിൽ സെപ്റ്റിക് കക്കൂസുകളും, 1078 വീടുകളിൽ E.S.P. കക്കൂസുകളും, 827 വീടുകളിൽ താല്കാ ലിക കക്കൂസുകളും ഉണ്ട്. എല്ലാ വീടുകളിലും കൊതുകുകളും ഉണ്ടാകാത്ത വിധത്തിലുള്ള കക്കൂ സുകളും നിർമ്മിക്കേണ്ടതാണ്. സാമ്പത്തിക സഹാ യം നൽകി എല്ലാവർക്കും കക്കൂസ് എന്ന തത്വം പ്രാവർത്തികമാക്കുവാൻ കഴിയണം.

കൂടാതെ മൂത്തപ്പുരയില്ലാത്ത എല്ലാ സ്കൂളുകളിലും അതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജന സഹകരണത്തോടെ നടത്തണം. എല്ലാ സ്കൂൾ കുട്ടികളേയും വർഷത്തിൽ രണ്ടു പ്രാവശ്യം പരിശോധിച്ച് രോഗം വരാതിരിക്കുവാൻ ശ്രദ്ധിക്കുന്നത് ആരോഗ്യ പരിപാലനത്തിന് വളരെ പ്രയോജനമാണ്.

കുടിവെള്ളം-ചെന്നീർക്കര പഞ്ചായത്ത്

ചെന്നീർക്കര പഞ്ചായത്ത് വിസ്തൃതമായ പഞ്ചായത്ത് ആകുന്നു. ആറുതീരം, പാടങ്ങൾ, കുന്നുകൾ ഇവയെല്ലാം ഉണ്ട്. പൊതുവെ ആറുമാസം ജലദൗർലഭ്യം അനുഭവപ്പെടുന്നു. ആറുതീരത്തെയും പാടങ്ങൾക്ക് സമീപം ഉള്ള സമതലങ്ങളിലെയും കിണറുകൾ വരണ്ടുപോകുന്നു. കിണറിന് ആഴം വർദ്ധിപ്പിക്കാൻ നിവൃത്തിയില്ലാത്ത ഘടനയും മണ്ണിനുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ പാറയും പ്രതികൂല സഹചര്യങ്ങളും ഉള്ളതിനാൽ കുടിവെള്ള ക്ഷാമം അതിരൂക്ഷം. ജലത്തിന്റെ ആവശ്യകത വർദ്ധിക്കയും ലഭ്യത കുറയുകയും ചെയ്യുന്നതിനാലും ഭൂഗർജലം കുറയുന്നതിലും ജനങ്ങൾ ഓരോ വർഷം കഴിയുംതോറും ബുദ്ധിമുട്ട് അനുഭവിക്കുന്നു. ശാശ്വതമായ പരിഹാരം കണ്ടെങ്കിൽ മാത്രമേ ഇത് പരിഹരിക്കുവാൻ സാധിക്കയുള്ളു. 8, 9, 10 എന്നീ വാർഡുകൾക്ക് വേണ്ടി ഒരു പുതിയ പദ്ധതിയും, 1, 2, 3 എന്നീ വാർഡുകൾക്ക് ഇപ്പോഴുള്ള പദ്ധതി വികസിപ്പിച്ച് കാര്യക്ഷമമാക്കിയും, 4, 5, 6, 7 എന്നീ വാർഡുകളിലേക്ക് മറ്റൊരു പുതിയ പദ്ധതി ആവിഷ്കരിച്ചും പരിഹരിക്കണം. അത്യാവശ്യമായ സ്ഥലങ്ങളിൽ പൊതു ടാപ്പും ആവശ്യക്കാർക്കെല്ലാം ഗാർഹീക കണക്ഷനും നൽകണം. ആശുപത്രികൾ, സർക്കാർ ആഫീസുകൾ, പൊതു ജംഗ്ഷനുകൾ എന്നീ ഭാഗങ്ങളിൽ ആവശ്യമായ വെള്ളം എത്തിക്കണം. വാർഡ് തിരിച്ച് വെള്ളം ലഭിക്കേണ്ട സ്ഥലങ്ങൾ നിർദ്ദേശിക്കുന്നു.

വാർഡ്-1

ഗവ ഹൈസ്കൂൾ-പുളിക്കത്തറ റോഡിൽ നീലയ്ക്കലേത്ത് ഭാഗം വരെയും ചന്ദ്രവിലാസം പടി മുതൽ പതിയാൻപടിഭാഗം വരെയും ചെന്നീർക്കര S.N.D.P.H.S ജംഗ്ഷൻ മുതൽ പമ്പുമലവരെയും അമ്പലത്തുംപടി മുതൽ നല്ലാനിക്കുന്ന് റോഡിലൂടെയും പൈപ്പ്ലൈൻ ഇടണം. കല്ലുങ്കൽപടിയ്ക്കൽ എത്തരത്തിൽഭാഗം എന്നീവിടങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കണം.

വാർഡ്-2

കുന്നേൽഭാഗം, മുടക്കേനിയ്ക്കൽ കോളനി, മുകളുംപുറത്തുഭാഗം എന്നിവിടങ്ങളിൽ പൈപ്പുലൈൻ നീട്ടണം. കൂടാതെ നല്ലുക്കാലാപടി- മുറിപ്പാറപ്പാലം റോഡിൽകൂടിയും പൈപ്പുലൈൻ ഇടണം. മുകളുംപുറത്ത് റോണിവില്ല ഭാഗത്തും കല്ലുങ്കൽ ജംഗ്ഷനിലും മറ്റ് പ്രധാനജംഗ്ഷനുകളിലും പൊതു ടാപ്പുകൾ അനുവദിക്കണം. ആവശ്യക്കാർക്ക് ഗാർഹിക കണക്ഷൻ നൽകണം.

വാർഡ്-3

ഗാന്ധിജയന്തി റോഡിൽ ചക്കിട്ട ജംഗ്ഷൻ മുതൽ നെഹ്റു മെമ്മോറിയൽ വായനശാല വരെയും കുറിയ്ക്കാട്ടു ഭാഗം, തൃക്കുന്ന-മുരുപ്പ്, പാല നിൽക്കുന്നതിൽ ഭാഗം, പ്ലാന്തോട്ടത്തിൽ പടി- ചിറയിൽ പടി റോഡ് എന്നിവിടങ്ങളിൽ പൈപ്പു ലൈൻ ഇട്ട് പൊതു ടാപ്പുകൾ അനുവദിക്കുക. കിണർ കുഴിയ്ക്കുന്നതിനും ആഴം കൂട്ടുന്നതിനും സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്ക് സഹായം നൽകണം.

വാർഡ്-4

ഗാന്ധിജയന്തി റോഡിൽ പടിഞ്ഞാറെ മണ്ണിൽ പടി മുതൽ മാത്തൂർ വരെയും, മലമുകളിൽകോളനി, കാലായിൽകുറിയിൽഭാഗം വല്യത്തുഭാഗം, അഴകത്തുകോളനി, മാത്തൂർ-മുറിപ്പാറ റോഡ്, ചൊരിക്കരേത്തുഭാഗം, എന്നിവിടങ്ങളിൽ പൈപ്പു ലൈൻ ഇട്ട് പൊതു ടാപ്പുകൾ അനുവദിക്കുക. മാത്തൂർ ലക്ഷംവീടുകോളനിയിൽ പൈപ്പു ലൈൻ ഇടുകയും ഇപ്പോഴുള്ള കിണറിന്റെ ഇടിഞ്ഞ ഭാഗം കെട്ടുകയും ചെയ്യണം.

വാർഡ്-5

ഊന്നുകൽ പഞ്ചായത്ത് ജംഗ്ഷൻ മുതൽ തെക്കോട്ട് കുന്നത്തേത്തു ലക്ഷം വീട് കോളനി, തുമ്പമൺ ഏറം സബ്സെന്റർ, വെട്ടോലിമല-കല്ലുംകൂട്ടം - മഞ്ഞനിക്കരറോഡ്, മഞ്ഞനിക്കര വെയിറിംഗ് ഷെഡ് മുതൽ താണാമുട്ടം വരെയും പൈപ്പുലൈൻനീട്ടി ജലം എത്തിക്കണം.

PWD യുടേതല്ലാത്ത ടാർ റോഡുകൾ

1	ഊന്നുകൽ	—	ചീക്കനാൽ
2	മഞ്ഞിനിക്കര	—	മാത്തൂർ
3	നിരവേൽപടി	—	അരീക്കൽ
4	നിരവേലിൽപടി	—	മലങ്കാവ്
5	പാലക്കുന്നിൽ	—	നാഗവര
6	മുട്ടത്തുകോണം	—	അയത്തിൽ

ഭാഗീകമായി ടാർ ചെയ്തവ

	റോഡ്	ആകെ നീളം	ടാർ	മെറ്റൽ	മൺ	വീതി
1	കുരിശുംമൂട്—എത്തരം	1.5	200 മീ.	800 മീ.	500	8 മീ
2	മുട്ടത്തുകോണം—പന്നിക്കുഴി	1.5	750 മീ.	750 മീ.	—	6 മീ
3	പ്ലാന്തോട്ടത്തിൽ—ചിറയിൽ	1.3	0.800	500		6 മീ
4	ഓവിൽപീടിക—മണ്ണിൽപടി	1.5	150	—	1.350	6മീ

അടിയന്തിരമായി ടാർ ചെയ്യേണ്ട റോഡുകൾ

1	അമ്പലത്തിൻപാട്ട്	—	നല്ലാനിക്കുന്ന്.
2	S, N. D. P. H. S,	—	കലാവേദി.
3	മുട്ടത്തുകോണം	—	പന്നിക്കുഴി.
4	കുറ്റിപ്പടി	—	പുല്ലാമല — മലമുറ്റം.
5	വെട്ടോലിമല	—	മഞ്ഞിനിക്കര.
6	കൊല്ലൻപടി	—	ചീക്കനാൽ.
7	കത്തോലിക്കാപള്ളി	—	വെട്ടത്തേത്തുപടി.
8	തേപ്പുകല്ലുങ്കൽ	—	തറമലപടി.
9	ഇല്ലത്തുപടി	—	വാര്യാപുരം
10	നല്ലുകാലാപടി	—	മുറിപ്പാറ പാലംറോഡ്
11	കുരിശുംമൂട്	—	എത്തരത്തിൽ റോഡ്.
12	മാത്തൂർ	—	വെലയിനിക്കൽ പൂണത്തുപടി
13	കേശമത്തുപടി	—	മാവനാടിപടി റോഡ്.
14	വഴിയമ്പലം	—	അരീയ്ക്കൽ റോഡ്.
15	മാണിക്കത്തറ	-	പാലോലിൽപടി–പബ്ലിക്ക് സ്ക്കൂൾ

റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 142 കി. മീ. ആണ്. അതിൽ 30 കി. മീ. P. W. D. റോഡുകളാണ്, ഇവ എല്ലാംതന്നെ ടാർ ചെയ്തിട്ടുണ്ട്. 12 കി മീ. പഞ്ചായത്ത് വിവിധ സ്കീമുകളിൽ പെടുത്തി ടാർ ചെയ്തിട്ടുണ്ട്. മെറ്റൽ റോഡുകളും 10 കി. മീ. വരും ബാക്കിവരുന്ന 100 കി. മീ. മൺറോഡുകളാണ്. കോൺക്രീറ്റ് റോഡുകളും ഇല്ല.

പ്രശ്നങ്ങൾ – പരിഹാരമാർഗ്ഗങ്ങൾ

1 റോഡുകൾക്ക് ഓടയില്ല.

2 വളവുകളിൽ ഉയർന്ന മതിലുകളും പണിയുന്നത് നിരോധിക്കണം.

3 ടാർ ചെയ്യുന്ന റോഡുകളും വീതികൂട്ടി ടാർ ചെയ്യണം.

4 അറ്റകുറ്റപണികളും എല്ലാ വർഷവും ചെയ്യണം.

5 റോഡുകൾക്ക് ആവശ്യമായ കലുങ്കുകളും, വെള്ളം ഒഴുക്കുന്നതിനുള്ള സൗകര്യങ്ങളും എന്നിവ ഉണ്ടായിരിക്കണം.

6 റോഡുകൾക്ക് നടപ്പാത പ്രത്യേകം പണിയണം.

7 അമ്പലക്കടവ് പാലം എത്രയും വേഗം പണി ആരംഭിക്കണം.

8 ഓമല്ലൂർ – കുളനട റോഡിന്റെ വീതികൂട്ടുകയും വീതിയിൽ ടാർ ചെയ്യുകയും വേണം.

9 ഇലവുംതിട്ട – മഞ്ഞിനിക്കര, ഇലന്തൂർ ഓമല്ലൂർ റോഡ് എന്നിവ വീതി വർദ്ധിപ്പിച്ച് ടാർ ചെയ്യണം.

10 വലിയിനിക്കൽ കടവിൽ കടത്തുവള്ളം പുനഃസ്ഥാപിക്കണം.

11 മഞ്ഞിനിക്കര തീർത്ഥാടകരുടെ സൗകര്യാർത്ഥം പുതിയ റോഡു പാർക്കിംഗ് സൗകര്യവും ഉണ്ടാക്കണം.

12 റോഡുകളിൽ വെയ്റിംഗ് ഷെഡ്ഡുകളും നിർമ്മിക്കണം.

13 റോഡരികിലുള്ള കെട്ടിടങ്ങളും, കുരിശുംമൂടുകളും, കാര്യാലങ്ങളുംഎന്നിവ ഭാവി റോഡുവികസനത്തിന് ബുദ്ധിമുട്ട് ഉണ്ടാകും എന്നതിനാൽ ഇവ പണിയുന്നതിന് മുമ്പ് പഞ്ചായത്തിന്റെ അനുവാദം തേടേണ്ടതാണ്. 3 മീറർ മാറി മാത്രമേ പണിയാൻ പാടുള്ളൂ.

14 വെള്ളം കയറുന്ന മാത്തൂർ മുതൽ മുറിപ്പാറ വരെയുള്ള റോഡുഭാഗങ്ങളും ഉയർത്തി പണിയേണ്ടതാണ്.

15 റോഡിൽ നിന്നും വീടുകളിലേക്ക് വഴികളും ഉണ്ടാക്കുമ്പോൾ ഓട സംരക്ഷിച്ചുകൊണ്ടു മാത്രമേ വഴികളും നിർമ്മിക്കാവൂ.

16 കലുങ്കുകളും, റോഡുവശങ്ങളും സംരക്ഷണങ്ങളും ഈ ഗ്രാമപഞ്ചായത്തു റോഡുകളിൽ ആവശ്യാനുസരണം ചെയ്യേണ്ടതാണ്.

വികസനത്തിനായി വിവിധ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട റോഡുകൾ

വാർഡ് ക്ര. ന. i	റോഡിന്റെ പേര്	ദൂരം	വീതി
1	കുരിശുംമൂട് –എത്തരം	1548 മീ.	8 മീ.
2	S. N. D. P. H. S. പടി - കലാവേദി	983	8 ,,
3	അമ്പലത്തിൻപാട്ട് - നല്ലാനിക്കുന്ന്	915	8 ,.
4	ഗവ. H. S. പടി – മങ്ങാട്ടുമണ്ണിൽ	480	3 ,,
5	അമ്പലത്തിൻപാട്ട്– എത്തരം	465	3 ,,
6	താമരശ്ശേരിൽ പടി –വെള്ളാപ്പള്ളിൽപടി	700	3.5 ,,
7	ബഥനിപള്ളിപടി –പുലിവാരത്തിൽപടി	500	3 ,.
8	പണ്ടമെടുത്തതിൽ–കയ്യാലക്കൽ	300	3 ,,
9	പുത്തൻപുരയ്ക്കൽപടി–പടിഞ്ഞാറ്റതിൽ പടി	1060	3 ,,
10	കണിയാംകുളം–മാവനാടി	700	3.5 ,,
11	പതിയാന്റെ – ചക്കിട്ട	1170	3.5 ,,
12	മണലടിപടി—മുണ്ടൻകാവിനാൽ	300	3.5 ,,
13	കല്ലുങ്കൽപടി–പരുത്തിപ്പള്ളിൽ	800	3.5 ,,
14	കേശമത്തുപടി–പേഴുംകാട്ടിൽ	715	4 ,,
15	തേക്കാട്ടിൽപടി–അമ്പലക്കടവ്	364	3 ,.

16	ഗവ: H. S. പടി–കുഴിക്കത്തറ	1012	4 ,,
17	കണ്ടൻശ്ശാട്ടിൽപടി–മഠത്തിൽകുഴി	200	3 ,,
18	കേശമത്തുപടി–മൂലേലേത്തുപടി	500	4 ,,

പുതിയതായി പഞ്ചായത്തുലിസ്റ്റിൽ ചേർക്കേണ്ട റോഡ്

1	താമരശ്ശേരിൽ മണ്ണിൽ പടി –മണ്ണിക്കടവ് (500 മീ കൂടുതലായി ചേർക്കണം)	520	3 ,,
2	തുണ്ടിൽ പടി–കല്ലുങ്കൽ പടി	500	3,

വാർഡ് ii ക്രമ.	റോഡിന്റെ പേര്	നീളം	വീതി
1	നല്ലൂർകാലാപടി മുറിപ്പാറ പാലം റോഡ്	1600	4 മീ.
2	നാരുംകാട്ടിൽപടി–മുണ്ടുവരമ്പേൽ പടി	703	6 മീ.
3	എരുത്തിലുനില്ക്കുന്നതൽ–ഉലറുവയൽ	580	3മീ.
4	തേക്കിൻപടി–വായനശാല	462	3 ,,
5	മലേലയ്ത്തുപടി–തെക്കേതിൽകോളനി	652	3 ,,
6	തേക്കിൽ മണ്ണിൽ–തോമ്പിൽകടവ്	1000	3 ,,
7	മാതവീട്ടിൽ പടി–SNDP HS പടി	1600	3 ,,
8	ചെന്നീർക്കര HS പടി–വാഴയിൽ	1000	3 ,,
9	വെട്ടത്തേത്തുപടി –താഴേത്തുണ്ടിൽ റോഡ്	525	3 ,,
10	കാവുങ്കൽ പടി–ഇടക്കൊഴുപ്പിൽ	360	3 ,,
11	MTLPS പടി –കല്ലുങ്കൽ താഴേതിൽ	240	3 ,,
12	മുകളിൽപടി–മഥുരക്കൊമ്പിൽ	200	4 ,,
13	ആലുംമൂട്ടിൽപടി– മഥുരക്കൊമ്പിൽ	300	3.5,,
14	തോമ്പിൽപടി വേമ്പുംകുന്നിൽ കടവ്	400	3,,
15	ഞവരക്കൽ പടി–ചേമ്പാലേത്തുപടി	500	3 ,,
16	അമ്പലത്തിൻപാട്ട്–ഹരിജൻ കോളനി	250	3 ,,
17	തയ്യിൽ പടി പടിപ്പുരയ്ക്കൽ വടക്കേതിൽ പന്നിക്കുഴി—തെക്കേതിൽപടി റോഡിൽ റോഡിന്റെ വശങ്ങൾകെട്ടി ബലപ്പെടുത്തണം.	— അച്ചൻകോവിലാറ്റിൽ തോമ്പിൽ കടവിൽ അക്കരെ കടക്കാൻ നടപ്പാലം നിർമ്മിക്കണം.	—

വാർഡ് iii ക്ര. ന.	റോഡിന്റെ പേര്	നീളം	വീതി
1	പന്നിക്കുഴി — മുട്ടത്തുകോണം	.....	8
2	ചിറയിൽപടി — പ്ലാന്തോട്ടത്തിൽപടി	—	6
3	ഊന്നുകൽ — പൂതേത്തുമുളളൻകുഴിക്കൽ	0.335	3.5

ക്രമ	.റോഡിന്റെപേര്			നീളം	വീതി
4	കച്ചിറപ്പള്ളി	—	ഉടയാന്റെ കിഴക്കേതിൽ	0.440	4
5	ചിറയിൽപടി	—	കുളത്തിൽ കരോട്ട്		4
6	ചിറയിൽപടി	—	അമ്മകണ്ടത്തിനാൽ	0.835	4
7	മുകളുകാലായിൽ	—	കുറ്റിക്കാട്ട്		3
8	L. P. S. പടി	—	കണ്ണൻകര	0.635	3
9	പള്ളിപ്പടി	—	പാലമൂട്		3
10	കുഴിയിൽപടി	—	തൃക്കുന്നമുരുപ്പ്		3
11	പൊരുതല	—	ഉടയാൻപാറയ്ക്കൽ		3
12	മോളുമുറി	—	മുള്ളൻകുഴിയ്ക്കൽ		3
13	പൂതേത്ത്	—	മുള്ളൻകുഴിയ്ക്കൽ	0.335	3.5
14	നെടുംകൂട്ടം	—	കൃഷ്ണഭവൻ	0.350	3.5
15	നല്ലൂർകാലാപടി	—	കണ്ണൻകരപടി	0.400	3.5
16	തെക്കേചെരിവിൽ	—	മുകളുകാലാപിടി	0.115	3.5

വാർഡുകരം വിഭജിച്ചതിനാൽ റോഡുകരം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വാർഡ്.	ക്രമ. ന.	റോഡിന്റെ പേര്	നീളം	വീതി
IV	1	വിരപ്പൻകുഴി–കൊച്ചുവടക്കേത്തറ	0.536 മീ.	3.5 മീ.
	2	ചെറുവള്ളിപടി–വിലയിനിക്കൽ	0.795 മീ.	3.5 മീ.
	3	കണ്ണംപുത്തൂർ–പൂതേത്തുപടി	0.530 മീ.	3
	4	മാത്തൂർ–വിലയിനിക്കൽ	0.850	3.5
	5	പൂതേത്തുപടി–വിലയിനിക്കൽ	0.750	4
	6	വിരപ്പൻകുഴി–പെരുന്താറ്	0.370	3.5
	7	മുകളുമുറിപ്പടി–വലുകാലാപടി	0.500	4
	8	ആവരല്ക്കൽപടി–വിലയിനിക്കൽ	0.375	3.5
	9	തെക്കേതിൽപടി–പെരുവായിക്കാട്	0.419	3
	10	ആശാൻപറമ്പിൽപടി–മടുവക്കരപടി	0.510	3
	11	അഴകത്തുപടി–വിരപ്പൻകുഴി	0.900	7
	12	കുരിശുംമൂട്–മാതിരംപള്ളിപടി	0.700	4
	13	പായിക്കാട്ട്–കുഴിമുറി	0.950	3
	14	വടക്കേതിൽപടി–പള്ളത്തുപടി	0.500	3
	15	വടക്കേക്കോട്ടപടി–എള്ളുംകാലാപടി	0.315	3
	16	വടക്കേതിൽപടി–അരീക്കത്തറപടി	0.750	3
	17	ആശാരിയേത്തുപടി–ചൊരിക്കിരേത്ത്	0.500	3
	18	ഗവ. യു. പി. എസ്. പടി – പൂവത്തുംമണ്ണിൽകടവ്	0. 500	3
	19	കേശമത്തുപടി – മളേക്കൽകടവ്	0.800	3
	20	വടക്കേടത്തുപടി – കുണ്ടുവേലിക്കടവ്	0.500	3
	21	വെട്ടത്തേത്തുപടി – കത്തോലിക്കാപള്ളി	1.600	3

	ക്രമ	.റോഡിന്റെപേര്	നീളം	വീതി
	22	മടുവക്കരപടി _ കണ്ണങ്കരപടി	0.450	4
	23	ചാങ്ങയിൽപടി-കുന്നത്തേത്തുലക്ഷംവീട്	0.600	3
	24	ഊന്നുകൽ - മാത്തൂർ	2.00	6
	25	വിലയിനിക്കൽ കടവിൽ കടത്തുവള്ളം പുനരാരംഭിക്കണം നടപ്പാലം പണിയണം		

വാർഡ്	ക്ര. ന.	റോഡിന്റെ പേര്			നീളം	വീതി
V	1	വെട്ടോലിമല	—	മഞ്ഞിനിക്കര	1.176 കി. മീ.	3.5 മീ.
	2	കൊല്ലന്റെ പടി	—	കുഴിമുറി	0.632 ,,	3.5 ,,
	3	നെടുംകണ്ടത്തിൽപടി	—	താനവട്ടംപടി	1-000 ,,	6 ,,
	4	കേശമറ്റത്തുപടി	—	കല്ലുംകൂട്ടം	0.650 ,,	3 ,,
	5	കൊച്ചുവീട്ടിൽപടി	—	താനവട്ടം	0.450 ,,	4 ,,
	6	വാലുതറ	—	വളളിക്കാവിൽ	0.610 ,,	4 ,,
	7	ഒരിക്കൊമ്പിൽ	—	വാലുതറ	0.500 ,,	3 ,,
	8	തോമയ്ക്കൽപടി	—	പൊടിമണ്ണിൽ	0.500 ,,	3 ,,
	9	തൈപ്പറമ്പിൽ	—	കുരീക്കാട്ടു ഏലാ	0.750 ,,	3 ,,
	10	റീത്തുപളളിപടി	—	പായിക്കാട്ടു ഏലാ	0.758 ,,	4 ,,
	11	ചരിവുകാലാപടി	—	പാലോലിൽ	1.00 ,,	3 ,,
	12	അരീക്കത്തറ	—	F. W. സെൻറർ	.460 ,,	4 ,,
	13	ഊന്നുകൽ	—	താഴേക്കാട്	0.480 ,,	5 ,,
	14	ഊന്നുകൽ മാർക്കറ്	—	കാരാഞ്ചേരി	0.900 ,,	5 ,,
	15	തോട്ടത്തിൽ മലയിൽ	—	കൊച്ചുമുറി	0.360 ,,	4.5 ,,
	16	കച്ചിറപ്പളളി	—	വടക്കേക്കോട്ട	0.800 ,,	4 ,,
	17	മഞ്ഞിനിക്കര	—	മാത്തൂർ		
	18	റീത്തുപളളി	—	കാരാഞ്ചേരി		
	19	പടിപ്പുര	—	പൂങ്കാവ്		
	20	ദയറാ കിഴക്കുഭാഗം	—	പാലോലിഭാഗം		

	വാർഡ്	ക്രമ.ന.	റോഡിന്റെ പേര്		
	VI	1	ഓവിൽപീടിക	—	മണ്ണിൽപടി
		2	മാണിക്കത്തറ	—	പാലേലി-മറ്റപ്പളളി
		3	പബ്ലിക്ക് സ്കൂൾ ഉമ്മിണിക്കാവ്	—	ചേന്നൻകുത്തി-ചീക്കനാൽ
		4	മരോട്ടുങ്കൽ	—	മണ്ണിൽപടി

	5	മണ്ണിൽപടി	—	പനയ്ക്കൽ ഏലാ–ഹരിജൻകോളനി
	6	പനയ്ക്കൽ	—	പ്ലാന്തോട്ടത്തിൽ
	7	മണ്ണിൽപടി	—	പാലോലിൽ
	8	വെട്ടോലിമല	—	പാലോലിൽ ഏലാ
	9	വെട്ടോലിമല	—	ചെരക്കര -കൊച്ചുമുറി–പാലോലിൽ

വാർഡ്	ക്രമ ന:	റോഡിന്റെ പേര്		
VII				
	1	കുറ്റിപ്പടി	—	പുല്ലാമല–മലമുറ്റം
	2	മാമച്ചംകാല	—	അമ്പാട്ടുപടി
	3	പ്രാഥമിക ആരോഗ്യകേന്ദ്രം		
			—	അപ്രോച്ച് റോഡ്
	4	മൂടാമണ്ണിൽ	—	പുറത്തൂട്ടുപടി
	5	പുല്ലാമല	—	അയത്തിൽ
	6	മുണ്ടുവരമ്പേൽ	—	മൃഗാശുപത്രി
	7	വട്ടമണ്ണിൽ	—	തുണ്ടിയത്ത്
	8	മുണ്ടുവരമ്പേൽ	—	നല്ലാനിക്കുന്ന്
	9	മൂടാമണ്ണിൽ	—	തെങ്ങുനിലയ്ക്കുന്നതിൽ
	10	എരുമത്തടം	–	തേക്കുംമൂട്ടിൽ
	11	എരുമത്തടം	–	പോസ്റ്റ് ഓഫീസ്
	12	മൂടാമണ്ണിൽ	–	നെടിയകാലാ

വാർഡ്	ക്രമ ന:	റോഡിന്റെ പേര്		
VIII	1	ഓവിൽപീടിക	—	മണ്ണിൽപ്പടി
	2	ചന്ദ്രമംഗലം	—	ഇളയിടത്തുപടി
	3	കാവുങ്കൽ	—	മൈലമൂട്ടിൽ
	4	അരീക്കത്തറ	—	ഞെട്ടംചിറ
	5	കുഴിക്കാട്ടിൽ	—	പറപ്പള്ളി
	6	മണ്ണിൽപടി	—	കോട്ടേക്കാവിനാൽ
	7	കൊല്ലൻപടി	—	ചീക്കനാൽ
	8	മരോട്ടുങ്കൽ	—	മണ്ണിൽപ്പടി
	9	വലുവട്ടം	—	കോട്ടേക്കാവിനാൽ

വാർഡ്	ക്രമന.	റോഡിന്റെ പേര്		
IX				
	1	പുത്തൻപുരയ്ക്കൽ	—	വാര്യാപുരം
	2	ഇല്ലത്തുപടി	—	നാഗവരപുത്തൻപീടിക
	3	തോട്ടത്തിൽപടി	—	താന്നിമൂട്ടിൽ
	4	നാഗവര	—	കോളനിറോഡ്
	5	തോട്ടത്തിൽപടി	—	നാഗവര
	6	വാക്കയിൽപടി	—	തോട്ടത്തിൽപടി

	7	മുരുപ്പേൽ പടി	—	മറുകര
	8	കൊച്ചുമുറി	—	കൊച്ചുപ്പാമൂട്ടിൽ
	9	തോട്ടുപുറം	—	പള്ളിപ്പടി
	10	വഴിയമ്പലം	—	അരീയ്ക്കൽ
	11	കുഴിയിലേത്തുപടി	—	കിഴക്കേടത്തുതോട്
	12	പ്ലാവേലിൽ	—	ഓമപ്പാറ
	13	വാക്കേൽപടി	—	കൊല്ലാറേത്ത്
	14	പ്ലാവേലിൽ	--	അരീക്കൽ
	15	വലുത്തുപടി	-	മുണ്ടഴിപ്പടി
	16	കൊല്ലനേറത്തുപടി	—	പൊന്മേലിൽ
	17	കൊല്ലനേറത്തുപടി	—	മണ്ണിൽപാറ
	18	വിളയിൽതറ	—	മേലേതിൽ
	19	മണ്ണിൽപാറ	—	വലിയപള്ളിപടി
	20	വലുവട്ടം	—	മുണ്ടഴി

	ക്രമന:	റോഡിന്റെപേര്		
വാർഡ് X	1	കുമ്പഴേത്തുപടി	—	അയ്യാന്തിപടി
	2	മുട്ടുകുടുക്ക	—	തൂക്കുപാലം
	3	തോപ്പുകല്ലുങ്കൽ	—	തറമലപ്പടി
	4	തോട്ടുപുറം	—	ചാങ്ങേപ്പടി
	5	തോട്ടുപുറം	—	പള്ളിപ്പടി
	6	മാർത്തോമ്മാപ്പള്ളി	—	കുഴിമുറിപ്പടി
	7	പുളിമൂട്ടിൽപടി	—	ആലുംപാറ അമ്പലം
	8	ചെറിയകുളം	—	കോടിയാട്ടുമണ്ണിൽ
	9	പാലക്കുന്നിൽ	—	മാമൂട്
	10	കുഴിമുറി	—	കരിമ്പിൻകണ്ടം
	11	ഒരിക്കൊമ്പിൽ	—	വലിയകാല
	12	തട്ടാർപടി	—	പള്ളത്തുറോഡ്
	13	കമ്പാറപ്പടി	—	പൂവണ്ണുനില്ക്കുന്നതിൽ
	14	ഇലവുനില്ക്കുന്നതിൽ	—	കരുവാക്കൂട്ടത്തിൽ
	15	നിരവേൽപടി	—	പുല്ലുപാറപ്പടി
	16	പുളിമൂട്ടിൽപടി	—	വള്ളിക്കാലാപടി

ബസ് സർവ്വീസ്

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഒരു ബസ് സർവ്വീസ് ആരംഭിക്കേണ്ടതാണ്. ഊന്നുകൽ, മുറിപ്പാറ ഒഴികെയുള്ള എല്ലാ P. W. D. റോഡുകളിലൂടെയും ബസുകളും ഓടുന്നുണ്ട്. K.S.R.TC. യും പ്രൈവറ്റും ഇടകലർന്നാണ് സർവ്വീസ് നടത്തുന്നത്. K. S. R. T. C. ഓടിച്ചുകൊണ്ടിരുന്ന മിക്ക ദീർഘദൂര സർവ്വീസുകളും നിർത്തലാക്കിയിരിക്കുകയാണ്. മഞ്ഞിനിക്കര തീർത്ഥാടന കേന്ദ്രവും ജില്ലാതലസ്ഥാനമായ പത്തനംതിട്ടയുമായി ബന്ധിപ്പിച്ചിട്ടുള്ള റൂട്ടുകളാണ് നിർത്തലാക്കിയിരിക്കുന്നത്. അവ താഴെപ്പറയുന്നവയാണ്. എത്രയും വേഗം പ്രസ്തുതബസുകളും പുനരാരംഭിക്കണം.

1 പത്തനംതിട്ട – മഞ്ഞിനിക്കര – ഗവ: ITI പന്തളം–മലയാറ്റൂർ

2 പത്തനംതിട്ട – മഞ്ഞിനിക്കര – ഗവ: ITI പന്തളം – പാറശാല

3 പത്തനംതിട്ട – മാത്തൂർ – പന്തളം – തിരുവനന്തപുരം

4 പത്തനംതിട്ട – പ്രക്കാനം – ഇലവുംതിട്ട – ചെങ്ങന്നൂർ – ആലപ്പുഴ

പുതിയതായി ഗ്രാമസഭകളിൽ ആവശ്യപ്പെട്ട ദീർഘദൂര സർവ്വീസുകൾ

1 പത്തനംതിട്ട – മഞ്ഞിനിക്കര – ചെങ്ങന്നൂർ – കോട്ടയം

2 പത്തനംതിട്ട – മഞ്ഞിനിക്കര – പന്തളം. – ശിവഗിരി

ഗ്രാമസഭകളിൽ ആവശ്യപ്പെട്ട സർക്കുലർ സർവ്വീസുകൾ

1 പത്തനംതിട്ട – മുട്ടുകുടുക്ക – മുട്ടത്തുകോണം – പന്നിക്കുഴി – ഊന്നുകൽ – പത്തനംതിട്ട

2 പത്തനംതിട്ട – തേക്കിൻപടി – പന്നിക്കുഴി – മുട്ടത്തുകോണം – മുട്ടുകുടുക്ക – പത്തനംതിട്ട

3 പത്തനംതിട്ട – മുട്ടുകുടുക്ക പ്രക്കാനം – ചീക്കനാൽ – ഊന്നുകൽ – മുറിപ്പാറ – പന്തളം

4 പത്തനംതിട്ട – മുറിപ്പാറ – കുളനട – ആലപ്പുഴ

ഊർജ്ജം

ഊർജ്ജത്തിന്റെ പര്യായമായി മാറിക്കഴിഞ്ഞിരിക്കുന്ന വൈദ്യുതി ഈ ഗ്രാമപഞ്ചായത്തിൽ എത്തിയിട്ട് നാലു പതിറ്റാണ്ടുകളും കഴിഞ്ഞു. വിരലിൽ എണ്ണാൻ മാത്രം ഉണ്ടായിരുന്ന വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം ഇന്ന് നാലായിരത്തിനുമേൽ ആയിരിക്കുകയാണ്. പത്തനംതിട്ട, ഇലവുംതിട്ട, കൈപ്പട്ടൂർ, കുളനട എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന ഈ ഗ്രാമപഞ്ചായത്തിൽ 82% വീടുകളും വൈദ്യുതീകരിച്ചവയാണ്. ഉപഭോക്താക്കളിൽ 93% ഗാർഹിക ഉപഭോക്താക്കളും 6% വ്യാപാര ഉപഭോക്താക്കളും 1% വ്യാവസായിക കാർഷിക ഉപഭോക്താക്കളും വരും. 16 ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ച് വിതരണം ചെയ്യപ്പെടുന്ന വൈദ്യുതി 19.5 s. q. K. M. വിസ്തീർണ്ണം വരുന്ന ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും എത്തിച്ചേർന്നിട്ടുണ്ട്. എങ്കിലും ഇനിയും വൈദ്യുതി ലൈനുകൾ എത്തിച്ചേരാത്ത കുറച്ചുപ്രദേശങ്ങളും വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികളുംഉണ്ട്.

ശരാശരി ഒരു വാർഡിന് 56 എന്ന തോതിൽ തെരുവു വിളക്കുകൾ ഉണ്ടെങ്കിലും തെരുവു വിളക്കുകൾ ഇല്ലാത്ത പ്രധാന നിരത്തുകൾ ധാരാളം. വൈദ്യുതിയുടെ കാര്യത്തിൽ നിലവിലുള്ള സ്ഥിതിവിവരങ്ങൾ ഇത്രയൊക്കെയാണ്.

മാറ്റു ഊർജ്ജ ശ്രോതസുകളിൽ പ്രാധാന്യം ഇന്നും വിറകിനു തന്നെ. വിറകിന്റെ ലഭ്യത ഏറെ കുറഞ്ഞു വരുന്ന ഈ പഞ്ചായത്തിൽ ഇപ്പോഴും ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമായിട്ടില്ല. പരിമിതം എങ്കിലും പാചക വാതക ഉപഭോക്താക്കൾ ഗ്രാമത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ട്. നാമമാത്രമായി അങ്ങിങ്ങ് കാണപ്പെടുന്ന ബയോഗ്യാസ് പ്ലാൻറുകൾ മാത്രമാണ് മറ്റ് പാരമ്പര്യേതര ഊർജ്ജ ശ്രോതസായി ഇന്ന് നിലവിലുള്ളത്.

പട്ടിക—1

നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥിതിവിവരങ്ങൾ

	പേര്		കപ്പാസിറ്റി
1	പള്ളം	—	100 KVA
2	തോട്ടുപുറം	—	100 KVA
3	വാഴപ്പുള്ളിക്കുഴി	—	100 KVA
4	നല്ലാനിക്കുന്ന്	—	100 KVA
5	ചെന്നീർക്കര	—	100 KVA
6	ഊന്നുകൽ	—	160 KVA
7	പനയ്ക്കൽ	—	100 KVA
8	നെടുംകുളം	—	100 KVA
9	മഞ്ഞിനിക്കര	—	100 KVA
10	മാത്തൂർ 1	—	160 KVA
11	മാത്തൂർ 2	—	100 KVA
12	പതാലിൽ	—	100 KVA
13	പ്രക്കാനം	—	100 KVA
14	തുമ്പമൺനോർത്ത്	—	160 KVA
15	തോമ്പിൽ കടവ്	—	100 KVA
16	ചക്കിട്ട	—	100 KVA

* ഇവയിൽ പലതും ഭാഗീകമായിമാത്രം ഈ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ വൈദ്യുതി വിതരണം നടത്തുന്നവയാണ്.

പ്രശ്നങ്ങൾ

1 നാല് ഇലക്ട്രിക്കൽ സെക്ഷനാഫീസുകളുടെ ഭരണ പരിധിയിൽപെട്ട പ്രദേശമായിട്ടും ഇവയിൽ ഒന്നുപോലും ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ ഇല്ല. വൈദ്യുതി ബിൽ അടയ്ക്കാനും മറ്റ് ആവശ്യങ്ങൾക്കും ഉപഭോക്താക്കൾക്ക് 8–10 കിലോമീറ്ററുകൾ വരെ സഞ്ചരിക്കേണ്ടിവരുന്നു.

2 വോൾട്ടേജ് ക്ഷാമം രൂക്ഷമായി നില നില്ക്കുന്നു.

3 ഇനിയും വൈദ്യുതി എത്താത്ത ചില മേഖലകളും ഹരിജൻ കോളനികളും.

4 ഇന്നും വഴിവിളക്കുകൾ ഇല്ലാത്ത പ്രധാന നിരത്തുകൾ ധാരാളം.

5 അപകടകരമായ നിലയിൽ വഴിയോരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകളും ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകളും

6 ഇന്ധനക്ഷമത ഇല്ലാത്ത വിറക് അടുപ്പുകളുടെ വ്യാപകമായ ഉപയോഗം. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പ്രചാരം ഇല്ലായ്മ.

7 പാചകവാതക വിതരണത്തിലെ പ്രശ്നങ്ങൾ.

സാദ്ധ്യതകൾ

എല്ലാ ഗ്രാമസഭകളിലും ഒന്നുപോലെ ഉയർന്നുവന്ന ഒരാവശ്യമാണ് — ഈ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിലെ ഉപഭോക്താക്കളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ളഇലക്ട്രിക്കൽ ഓഫീസ് എന്നത്,

ഈ പ്രധാന ഓഫീസിന്റെ പരിധിയിൽ മറ്റ് ഓഫീസുകളും ബിൽ കളക്ഷൻ സെന്ററുകളും തുടങ്ങിയാൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും, പ്രവർത്തനങ്ങൾക്ക് സുതാര്യത കിട്ടുവാനും പഞ്ചായത്ത് ഭരണസമിതിക്ക് ബോർഡിന്റെ പ്രവർത്തനങ്ങളുടെ മേൽകാര്യക്ഷമമായി മേൽനോട്ടം നടപ്പാക്കാനും ഗ്രാമപഞ്ചായത്ത് തീരിച്ചുള്ള ഓഫീസ് രൂപീകരണം അത്യാവശ്യമാണ്.

ഗ്രാമത്തിന്റെ എല്ലാഭാഗങ്ങളിലും പൊതുവെ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിന് സത്വര പരിഹാരം ആവശ്യമാണ്. ട്രാൻസ്ഫോർമറുകളുടെയും അനുബന്ധ വിതരണ ശൃംഖലയുടെയും ശേഷി വർദ്ധിപ്പിക്കുക, ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുക, നിർമ്മാണ പണികളിലെ ഗുണമേന്മ ഉറപ്പുവരുത്തുക അറ്റകുറ്റപ്പണികൾ ഉപേക്ഷ കൂടാതെ നടത്തുക, ലൈനുകളിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുക മുതലായ നടപടികൾ വോൾട്ടേജ് ക്ഷാമ പരിഹാരത്തിനായി ചെയ്യേണ്ടതാണ്. പ്രാദേശിക ആവശ്യം അനുസരിച്ച് നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള ട്രാസ്ഫോർമറുകളുടെ പട്ടിക താഴെ ചേർത്തിരിയ്ക്കുന്നു.

പട്ടിക—II

പുതിയതായി സ്ഥാപിക്കേണ്ട ട്രാൻസ്ഫോർമറുകൾ

ക്രമ നം:	സ്ഥാപിക്കേണ്ട സ്ഥലം	വാർഡ്
1	പമ്പുമല	1
2	SNG–SNDPHS നു സമീപം	2
3	മുറിപ്പാറ പാലം	2
4	തൃക്കുന്നാ മുരുപ്പ്	3
5	വെട്ടത്തേത്തുപടി	4
6	വെലയിനിക്കൽ കടവ്	4
7	മഞ്ഞിനിക്കര	5
8	ഊന്നുകൽ (വാലുതറ)	5
9	അമ്പാട്ടുജംഗ്ഷൻ (നല്ലാനിക്കുന്നു മൃഗാശുപത്രിക്കു സമീപം)	7
10	കുഴിക്കാട്ടിൽപടി	8
11	ആത്രപ്പാട്ട് ഹരിജൻ കോളനി	8
12	വഴിയമ്പലം ജംഗ്ഷൻ	9
13	മുളംകുന്നിൽ ഭാഗം	10

5.7

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യവുമായി നമ്മുടെ രാഷ്ട്രം നീങ്ങുമ്പോൾ ആ ലക്ഷ്യം പൂർത്തിയാക്കാൻ നമ്മുടെ പഞ്ചായത്തിനു കഴിയണം. കോടികൾ ചെലവഴിച്ച വീടുകളും ചെറുക്കുടിലുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. സാമൂഹ്യനീതി നടപ്പിലാക്കുമ്പോൾ എല്ലാ കുടുംബങ്ങൾക്കും വീട് അത്യാവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ 'ലക്ഷം വീട് പദ്ധതി മുതൽ അനേകം പദ്ധതികളിലായി ധാരാളം വീടുകൾ ഈ പഞ്ചായത്തിൽ പണികഴിപ്പിച്ചിട്ടുണ്ട്. പുതിയ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ നേട്ടം തുച്ഛമായിട്ടുള്ളതാണ്. പഞ്ചായത്തിലെ 650 ഹെക്ടറിൽ താഴെ മാത്രം വരുന്ന ഭവനനിർമ്മാണയോഗ്യമായ സ്ഥലത്തിൽ 4265 കുടുംബങ്ങൾക്ക് ലഭിക്കാവുന്ന ശരാശരി സ്ഥലം 37 സെൻറ് (15 ആർ) മാത്രമാണ്. പത്തനംതിട്ട ജില്ലയിൽ പട്ടിക ജാതിക്കാർ കൂടുതൽ ഉള്ള ഈ പഞ്ചായത്തിൽ സ്വന്തമായി അധികം ഭൂമിയുള്ള പട്ടികജാതിക്കാർ തുലോം വിരളമാണ്. പാർപ്പിട പ്രശ്നപരിഹാരത്തിനായി ഇവിടുത്തെ വാസയോഗ്യഭൂമിയുടെ പരിമിതി അഥവാ സ്ഥലലഭ്യത ജനങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതിക്കാരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, കെട്ടിട സാമഗ്രികളുടെ വില വർദ്ധന മുതലായവയുടെ പരിഹാരത്തിനായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1 സ്ഥലലഭ്യത

1 പുരവയ്ക്കാൻ ഒരു സെൻറുപോലും ഇല്ലാത്തവർ അനേകരുണ്ട്.

2 ഭൂമി കൈവശമുണ്ടെങ്കിലും ഉടമസ്ഥത തെളിയിക്കാൻ രേഖകൾ ഇല്ലാത്തവർ ധാരാളമുണ്ട്. നിയമ നൂലാമാലകൾ അഴിക്കാൻ കഴിയാത്ത ദുർബല വിഭാഗങ്ങളിൽപ്പെട്ടവരാണ് അധികവും.

3 ഭൂപരിഷ്കാരത്തിൻെറ ആനുകൂല്യങ്ങൾ ലഭിക്കാത്ത കുറെ കുടുംബങ്ങളെങ്കിലും ഈ പഞ്ചായത്തിലുണ്ട്.

4 പഴയ പ്രമാണികളായിരുന്നവരുടെ പിൻതലമുറ ദുരഭിമാനത്തിൻെറ പേരിൽ വീതം വയ്ക്കാതെയും വീടു പണിയാതെയും പണിയാൻ സാമ്പത്തിക ബുദ്ധിമുട്ടിലും, സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റാതെയും കഴിയുന്നുണ്ട്.

5 ലക്ഷം വീടുകളുടെ ശോച്യാവസ്ഥ.

6 പട്ടികജാതികോളനികളിലെ അടുത്ത തലമുറയ്ക്കുള്ള ഭവനങ്ങൾ;

7 പുനരധിവാസകോളനി നിവാസികൾക്ക് ഭവനം ഇല്ലാത്തത്.

8 പാറമുകളിലും, വഴിയില്ലാത്ത മലമടക്കിലും പാടവരമ്പിലും കഴിയുന്നവർ.

9 ദളിത് ക്രൈസ്തവർക്ക് ആനുകൂല്യം ലഭിക്കാത്തത്.

പരിഹാര മാർഗ്ഗങ്ങൾ

1 ഭൂപ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് ദുർബലവിഭാഗങ്ങൾക്ക് വേണ്ട വിദഗ്ദ്ധോപദേശം നൽകുന്നതിനും സഹായിക്കുന്നതിനുമായി കഴിവുള്ള ഒരു ഉപദേശക സമിതി പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് ഇവ പരിഹരിയ്ക്കണം.

2 ഭൂരഹിതർക്ക് ഭൂമിവാങ്ങാൻ സാമ്പത്തിക സൗകര്യം നൽകുന്ന പദ്ധതി തുടരണം.

3 ഭൂപരിഷ്കരണാനുകൂല്യം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കണം.

4 ലക്ഷം വീടുകൾ പുതുക്കി പണിയണം.

5 പുനരധിവാസ കോളനിയിൽ വീടുകൾ പണിയണം.

6 വഴി സഞ്ചാരമില്ലാതെയും പാറമുകളിലും മറ്റും താമസിക്കുന്നവർക്കായി പുതിയ പദ്ധതികൾ ആവിഷ്കരിക്കണം.

7 പുതുതായി ഭവനം നിർമ്മിക്കാൻ സ്ഥലവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കാൻ പദ്ധതികൾ ഉണ്ടാവണം.

8 സാമ്പത്തിക ലഭ്യതയ്ക്കായി സൗജന്യമായും ബാങ്കുവായ്പയായും ദീർഘകാലവായ്പയായും സഹകരണസ്ഥാപനങ്ങളും, സർക്കാർ ഏജൻസികളും പണംനൽകണം. സാമുദായിക സന്നദ്ധ സംഘടനകളുടെ സഹായം ഈ കാര്യത്തിൽ ഉപയോഗിക്കണം.

9 ദളിത് ക്രൈസ്തവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

10 പത്തുലക്ഷത്തിൽ അധികം ചെലവുവരുന്ന കെട്ടിടങ്ങൾ പണിയുന്നതിന് പഞ്ചായത്തിന്റെ പ്രത്യേക അനുവാദം ലഭ്യമാക്കേണ്ടതും ആയതിന് പ്രത്യേക നികുതി ഏർപ്പെടുത്തി ഒരു ഫണ്ട് രൂപീകരിച്ച് ഭവനനിർമ്മാണ പദ്ധതിയേയും ഭൂമി ലഭ്യതയേയും സഹായിക്കാം.

11 ഭവനരഹിതർക്കായി ചെലവുകുറഞ്ഞ ഭവന നിർമ്മാണസാമഗ്രികൾ ഉണ്ടാക്കാനും ലഭ്യമാക്കാനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

മറ്റുപ്രശ്നങ്ങൾ

i വീടുണ്ട് അനുബന്ധ സൗകര്യങ്ങളില്ല
കക്കൂസില്ലാ, കുളിസ്ഥലമില്ലാ.

പഞ്ചായത്തിൽ കക്കൂസില്ലാത്തവരും ഒരു ലിസ്റ്റ് തയ്യാറാക്കി അവർക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടിയിരിക്കുന്നു.

2 കിണറില്ലാ, കുടിവെള്ളമില്ല.

അച്ചൻകോവിലാറിന്റെറജലനിരപ്പനുസരിച്ച് 1, 2, 4 എന്നീ വാർഡുകളിലെ പല കിണറുകളും വറ്റി. കിണർ കുഴിക്കുന്നതിനും ഉള്ള കിണർ ആഴം വർദ്ധിപ്പിക്കുന്നതിനും ചുറ്റുംകെട്ടുന്നതിനും പ്രത്യേകം പദ്ധതികൾ ഉണ്ടാക്കണം. വെള്ളമില്ലാത്ത ഭാഗങ്ങളിൽ ആയവയ്ക്ക് പദ്ധതികൾ ഉണ്ടാക്കണം.

3 ഓലപ്പുരകൾ

സ്വന്തമായി തെങ്ങില്ലാതെ കുടിലുകളിൽ കഴിയുന്നവർക്ക് പുരകെട്ടിമേയാൻ സാമ്പത്തിക സഹായം നൽകണം. നല്ല ഭിത്തിയുള്ള പുരകൾക്ക് മേൽകൂട് മാറ്റി ഓട് ഇടാനുള്ള സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

4 വെള്ളപ്പൊക്കം മൂലം 1, 2, 4 വാർഡുകളിലെ ആറ്റുതീരങ്ങളിലുള്ള വീട്, കിണർ തുടങ്ങിയവയ്ക്കു ഉണ്ടാകുന്ന നാശനഷ്ടത്തിന് അറ്റകുറ്റപ്പണികൾക്ക് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതികൾ ഉണ്ടാകണം.

ധനലഭ്യത

J R Y, United പദ്ധതികൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ ഗവ: ഭവനനിർമ്മാണ ഏജൻസികൾ, പട്ടികജാതി ക്ഷേമഫണ്ടുകൾ സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തുന്ന ഏജൻസികൾ മതസംഘടനകൾ തുടങ്ങിയവരിൽനിന്ന് പണം സൗജന്യമായും കുറഞ്ഞ പലിശനിരക്കിലും ദീർഘകാല വായ്പകളായും ലഭിയ്ക്കത്തക്ക പദ്ധതികൾ ആവിഷ്കരിക്കണം.

കെട്ടിട സാമഗ്രികളുടെ വില വർദ്ധനവ്

1 ദുർബല വിഭാഗങ്ങൾക്ക് വീടുവയ്ക്കാനുള്ള മണൽ സൗജന്യമായി നൽകാൻ മണൽ ലേലം നൽകുമ്പോൾ പ്രത്യേക കരാറുണ്ടാക്കണം.

2 പഞ്ചായത്തിലെ കച്ചവടക്കാരിൽ നിന്ന് സൗജന്യനിരക്കിൽ പാറ നൽകാനുള്ള പദ്ധതികളും ആവിഷ്ക്കരിക്കണം.

3 കുറഞ്ഞ ചിലവിൽ വീടുപണിയാനുള്ള സാങ്കേതിക വിദ്യകളും പഞ്ചായത്തിലെ തൊഴിലാളികളെ പഠിപ്പിക്കാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കണം.

പരിഹാരമാർഗ്ഗങ്ങൾ

1 പഞ്ചായത്തിലെ ഭൂമിയില്ലാത്തവർ, വീടില്ലാത്തവർ, വീടിന് അനുബന്ധ സൗകര്യങ്ങളില്ലാത്തവർ, ഭൂപ്രശ്നത്തിൽ കുടുങ്ങിക്കിടക്കുന്നവർ ഓലമേഞ്ഞവ ഓടിടാൻ താല്പര്യമുള്ളവർ, വഴിയുംവെള്ളവുമില്ലാതെ കഴിയുന്നവർ എന്നിവരുടെ ഒരു സർവ്വേ നടത്തി സ്ഥിതിവിവരകണക്ക് ശേഖരിക്കണം.

2 പഞ്ചായത്തുതലത്തിൽ ഒരു ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുകയോ, നിലവിലുള്ള ഭവന നിർമ്മാണ സംഘത്തിന്റെ സഹായം പഞ്ചായത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യണം.

3 ഭവനനിർമ്മാണത്തിന് സാങ്കേതിക സഹായം, വായ്പാ സൗകര്യങ്ങൾ, പദ്ധതി വിശദീകരണം തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിന് സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ ഉപദേശക സമിതി രൂപീകരിക്കണം.

4 സാമുദായിക സംഘടനകളുടെയും, സാമൂഹ്യസംഘടനകളുടെയും സഹായം സ്വീകരിച്ച് പദ്ധതികൾ ആവിഷ്കരിക്കണം.

നിസ്വാർത്ഥമായ സമർപ്പണ ബോധത്തോടും സമർത്ഥമായ നേതൃത്വ ബോധത്തോടുംകൂടി പരിശ്രമിച്ചാൽ രണ്ടായിരമാണ്ടിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നമുക്ക് കഴിയും.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമം എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് ദുർബലവിഭാഗങ്ങളെ സമൂഹം എത്രമാത്രംകരുതുന്നു. ആശ്വസിപ്പിക്കുന്നു എന്നുള്ളതാണ് ജാതീയമായി ദുർബലരുണ്ട്, സാമൂഹ്യമായി ദുർബലരുണ്ട്, സാമ്പത്തികമായി അവശത അനുഭവിക്കുന്നവരുണ്ട്, ശാരീരികമായി ബലഹീനരായവരുണ്ട് ഇവരൊക്കെയും സമൂഹത്തിന്റെ പ്രത്യേകകരുതലിനും കൈത്താങ്ങലിനും അർഹരാണ്. ഇവർക്ക് നൽകപ്പെടുന്ന സഹായം അടിസ്ഥാനമാക്കിയാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വിജയവും പരാജയവും അളക്കപ്പെടുന്നത്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾ സ്ത്രീകൾ, കുഞ്ഞുങ്ങൾ, വൃദ്ധന്മാർ, വിധവകൾ. വികലാംഗർ, രോഗികൾ, അവശകലാകാരന്മാർ, തൊഴിലാളികൾ ഇവരൊക്കെയും ദുർബലവിഭാഗങ്ങൾ എന്ന പട്ടികയിൽപ്പെടുന്നു. അവരൊക്കെയും സമൂഹത്തിന്റെ കരുതലിന് അർഹരാണ്. അവർക്കുവേണ്ടി രാഷ്ട്രവും സമൂഹവും ചെയ്യുന്ന സഹായ പദ്ധതികളെയാണ് പ്രധാനമായും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്ന് വിവക്ഷിക്കുന്നത്

ഈ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ സാമൂഹ്യക്ഷേമരംഗത്ത് ചെന്നീർക്കര പഞ്ചായത്തിന്റെ നേട്ടങ്ങൾ അധികം ആശാവഹമല്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. ദാരിദ്ര്യരേഖക്കു താഴെക്കഴിയുന്ന ഈ അവശവിഭാഗത്തിന്റെ പൊതുഉദ്ധാരണത്തിന് സമഗ്രമായ എന്തെങ്കിലും ശ്രമങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നടന്നിട്ടുള്ളതായി കാണുന്നില്ല. സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമപദ്ധതികളെകുറിച്ച് ഈ വിഭാഗങ്ങൾക്കുള്ള അറിവില്ലായ്മ, ഈ സഹായങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ, അർഹരായവർക്ക് സഹായം നിഷേധിക്കപ്പെടുക, ആവശ്യത്തിനും സമയത്തിനും ഇവ ലഭിക്കാതിരിക്കുക, ഇവയെക്കെയും പഞ്ചായത്തിലെ പാവപ്പെട്ടവരും സഹായപദ്ധതികളുമായുള്ള അകലം വർദ്ധിപ്പിക്കുന്നു.

ഗവൺമെന്റിൽനിന്നും നൽകുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ, ഇലന്തൂർ ബ്ലോക്കാഫീസുവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ സഹായപദ്ധതികൾ,ഇവയാണ്ഇപ്പോൾ പഞ്ചായത്തിലെ ക്ഷേമപ്രവർത്തനങ്ങൾ. അവയുടെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനു മുൻപ് ഈ പഞ്ചായത്തിലെ ജനസമൂഹത്തെ സംബന്ധിച്ച് അല്പം അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. എങ്കിൽ മാത്രമേ ക്ഷേമപ്രവർത്തനങ്ങൾ എത്രത്തോളം ആവശ്യമെന്നും ഇന്നുള്ളതിന്റെ പോരായ്മ എത്രമാത്രം എന്നു മനസിലാക്കുവാൻ സാധിക്കയുള്ളൂ.

പട്ടിക 1

	ജനസംഖ്യ മൊത്തം	പട്ടികജാതിക്കാർ	പട്ടിക വർഗ്ഗക്കാർ	പൂർണ്ണസമയം തൊഴിലുള്ളവർ	നാമമാത്ര തൊഴിലാളികൾ	തൊഴിൽ രഹിതർ	കർഷകർ	കർഷക തൊഴിലാളികൾ
സ്ത്രീകൾ	10163	1732	14	4234	340	8832	79	448
പുരുഷന്മാർ	9188	1656	13	591	71	4883	1670	1168
ആകെ	19351	3388	27	4825	411	13715	1749	1616

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥിതി വിവരകണക്കുകളിൽനിന്നും സ്ത്രീകൾക്ക് ഭൂരിപക്ഷമുള്ള പഞ്ചായത്താണിതെന്നും സ്ത്രീകളിൽ ബഹുഭൂരിപക്ഷം യാതൊരു തൊഴിലുമില്ലാത്തവരാണെന്നും, തൊഴിലില്ലാത്തവരോ നാമമാത്ര തൊഴിലുള്ളവരും കർഷക തൊഴിലാളികളുമായി വലിയ ഒരു വിഭാഗം അധിവസിക്കുന്ന പഞ്ചായത്താണിതെന്നും മനസിലാക്കാം. ദാരിദ്രരേഖയ്ക്കുതാഴെ കഴിയുന്ന ഈ വലിയ വിഭാഗത്തിന്റെ ഉദ്ധാരണത്തിന് കൂട്ടായക്കുന്നമാണ് ആവശ്യം.

ഇപ്പോഴും പ്രധാനമായും ക്ഷേമപ്രവർത്തന ഭാഗമായി ലഭിച്ചുകൊണ്ടിരിക്കുന്ന വിവിധ പെൻഷനുകൾതന്നെ ആദ്യം വിശകലനം ചെയ്യാം. ഈ പഞ്ചായത്തിൽ വിവിധക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളുടെ സ്ഥിതിവിവരകണക്കാണ് അടിയിൽ കൊടുത്തിരിക്കുന്നത്.

പട്ടിക 2

സാമൂഹ്യപെൻഷൻ ഗുണഭോക്താക്കൾ - ചെന്നീർക്കര പഞ്ചായത്ത്

വാർദ്ധക്യ കാലപെൻഷൻ	വിധവ പെൻഷൻ	വികലാംഗ പെൻഷൻ	കാൻസർ പെൻഷൻ	ക്ഷയ രോഗ പെൻഷൻ	അവശകലാകാര പെൻഷൻ	അവശകായികതാര പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ
17	67	47	6	12	—	—	262

കോഴഞ്ചേരിതാലൂക്കിൽ431 പേർ വാർദ്ധക്യകാല പെഷനും 1227 പേർ വിധവപെൻഷനും 953 പേർ വികലാഗപെൻഷനും ..... പേർ കർഷക തൊഴിലാളി പെൻഷനും വാങ്ങുമ്പോഴും ജനസംഖ്യയിലും ദുർബലരുടെ എണ്ണത്തിലും വളരെ മുൻപന്തിയിൽ നിൽക്കുന്ന ചെന്നീർക്കര പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം ഇപ്രകാരം ഒതുങ്ങിപ്പോയത്, അർഹതയുള്ളവർ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ടോ, ആർഹതപ്പെട്ടവരുടെ ആനുകൂല്യം ആരെങ്കിലും തടസപ്പെടുത്തിയിട്ടുള്ളതുകൊണ്ടോ അല്ല. മുഖ്യമായും അർഹതയുള്ളവർ സമയത്തിന് യഥാസ്ഥാനങ്ങളിൽ അപേക്ഷകൾ കൊടുക്കുവാൻ പരാജയപ്പെടുകയും കൊടുത്ത അപേക്ഷകളിൽ തന്നെ പിൻ നടപടികൾ ശ്രദ്ധിക്കാതിരിക്കയും ചെയ്യുന്നതു കൊണ്ടുതന്നെ സാധാരണക്കാരായ ഗ്രാമവാസികൾക്ക് ഈ പദ്ധതികളെ സംബന്ധിച്ചും അവയുടെ നടപടിക്രമങ്ങളെക്കുറിച്ചും ഉള്ള അറിവുകുറവും അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള ആളുകളുടെ കുറവും നിമിത്തം സർക്കാർ ഉദാരമായിനൽകുന്ന ഇതുപോലെയുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിലെ ബഹുശതം പാവപ്പെട്ടവർക്ക്നഷ്ടമാകുന്നു.

IRDP, DWCRA, TRISM മുതലായ ക്ഷേമ പദ്ധതികളുടെ ആനുകൂല്യവും ചെന്നീർക്കര പഞ്ചായത്തിൽ അർഹമായ തോതിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗങ്ങം കൂടുതലുള്ള ഈ പഞ്ചായത്തിൽ പട്ടികജാതി വികസന കോർപ്പറേഷന്റെ സഹായ പദ്ധതികളും കാര്യമായി എത്തിക്കാണുന്നില്ല. ഗവൺമെന്റ് ഓഡിനൻസു ഡിപ്പാർട്ടുമെന്റ് വഴിയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന മറെറാരു സഹായ പദ്ധതിയാണ് നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹസഹായം. ഇതും ഇവിടെ കാര്യമായിലഭിച്ചിട്ടില്ല.

കർഷകതൊഴിലാളി പെൻഷന് അർഹരായ എത്രയോപേർ അതുകിട്ടുന്നതിനുള്ള വഴിയറിയാതെ സഹായം ലഭിക്കാതെകഴിയിന്നു.

കയർതൊഴിലാളിക്ഷേമനിധി, ആഭരണത്തൊഴിലാളിക്ഷേമനിധി, കൈത്തൊഴിലാളി ക്ഷേമനിധി എന്നിങ്ങനെ അനേകം ക്ഷേമ പദ്ധതികളും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഇന്നും അന്യമായി കഴിയുന്നു.

തൊഴിലില്ലായ്മവേതനത്തിന്റെ ആനുകൂല്യവും അർഹരായ എത്രയോയുവതിയുവക്കൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു.

അറിവില്ലായാമ, നടപടിക്രമങ്ങളിലെ നൂലാമാലകം, മാർഗ്ഗനിർദേശം നൽകുവാനുള്ള ആളുകളുടെ കുറവ് ഇവയൊക്കേയും ഈ പരാജയത്തിന് കാരണങ്ങളായി ചൂണ്ടികാണിക്കപ്പെടുന്നു

സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളാണല്ലോ അംഗൻവാടിയും ബാലവാടിയും. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നുള്ളതാണ് ഐ. സ്. ഡി, എസി ന്റെ ലക്ഷ്യം 20,900 ത്തോളം ജനസംഖ്യയുള്ള ചെന്നീർക്കര പഞ്ചായത്തിൽ ഒരു അംഗൻവാടിപോലുമില്ല. നാലോ അഞ്ചോ നാമമാത്ര ബാലവാടികം നടക്കുന്നുണ്ട്, അതിന് തന്നെ സ്ഥലമില്ല, സൗകര്യങ്ങളില്ല.

പഞ്ചായത്തിലെ വൃദ്ധജനങ്ങളാണ് ഏറ്റവും പ്രയാസമനുഭവിക്കുക്കുന്ന മറെറാരു വിഭാഗം. പോറെറാനാളില്ലാതെ ഒരു വിഭാഗം, സംരക്ഷിക്കേണ്ടവർ ജീവിത മാർഗ്ഗം അന്വേഷിച്ച്, അന്യപ്പെട്ടുപോയി അനാഥരായിരിക്കുന്ന മറെറാരു വിഭാഗം പ്രായാധിക്യത്താലും രോഗാധിക്യത്താലും ബലഹീനരായി നിരാശരായികഴിയുന്ന ആലംബഹീനരായ അനേകം ഹതഭാഗ്യർ നമ്മുടെ പഞ്ചായത്തിലുണ്ട് ആരും സംരക്ഷിക്കാനില്ലാതെ, സഹായിക്കാനില്ലാതെ.

എന്താണ് പരിഹാരമാർഗ്ഗങ്ങം ?


ഏറെറവും ലളിതവും ഫലവത്തുമായ പരിഹാരമാർഗ്ഗം ഗ്രാമസഭകം അർത്ഥവത്താക്കുക എന്നുള്ളതാണ്. ഗ്രാമീണ ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്നതിനും അവരുടെ പ്രശ്നങ്ങം യഥാസ്ഥിതി മനസിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങം അവിടെവെച്ചുതന്നെ കണ്ടെത്തുന്നതിനുമുള്ള സുതാര്യമായ വേദിയായി ഗ്രാമസഭകം ഉയരണം. ഒരിക്കൽ വിശ്വാസം ആർജ്ജിച്ചു കഴിഞ്ഞാൽ ജനങ്ങം അവരുടെ ആവശ്യങ്ങളും ആവലാതികളുമായി ഈ വേദികളിലെത്തുമെന്നുള്ളതിന് സംശയമില്ല. സഹായഹസ്തങ്ങളും അവിടേക്ക് നീളുമെന്നുള്ളതും ഉറപ്പാണ്. ഇതുതന്നെയാണ് പഞ്ചായത്തുരാജ് സംവിധാനത്തിന്റെ ലക്ഷ്യവും.

ഗ്രാമത്തലവനും കുറെ അനുയായികളുമാത്രം കൂടിയിരുന്ന് ഗ്രാമസഭ നടത്തുന്നപഴയസമ്പ്രദായം ഇന്ന് പ്രായോഗികമല്ല. ജനങ്ങളുടെ പ്രശ്നങ്ങം അത്രമാത്രം സങ്കീർണ്ണങ്ങളാണ്. അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും നാനാമുഖങ്ങളാണ്.

ഗ്രാമീണജനതയുടെ ഫലവത്തായ ബോധവൽകരണമാണ് പരിഹാരമാർഗ്ഗങ്ങളിൽ ആദ്യപടി. വിവിധ പ്രശ്നങ്ങം സംബന്ധിച്ച് അറിവും പ്രവർത്തനപരിചയവുമുള്ള ഒരു വിദഗ്ധസംഘം ഇതിനായി പഞ്ചായത്തിൽ പ്രവർത്തിക്കേണ്ടതാവശ്യമാണ്. ഗ്രാമസഭകം കൂടുമ്പോം സർക്കാരിന്റെയും സാമൂഹ്യക്ഷേമഏജൻസികളുടേതുമായ വിവിധസഹായപദ്ധതികളെക്കുറിച്ചും അവയ്ക്ക് അപേക്ഷിക്കേണ്ട സമയം, സ്ഥലം, നടപടിക്രമങ്ങം, അതിനാവശ്യമായ ഫാറങ്ങളുംസർട്ടിഫിക്കറുകളും ലഭിക്കുന്ന സ്ഥലം മുതലായവ സംബന്ധിച്ച് വിശദമായ ബോധനം നൽകണം. ഉദാഹരണത്തിന് പാർപ്പിടപ്രശ്നം. ഇതുസംബന്ധിച്ച്

അറിവുള്ള ഒരാൾ ഗ്രാമസഭയിൽ ഉണ്ടായിരുന്നാൽ പാർപ്പിടം ലഭിക്കുന്നതിനുള്ള വിവിധ പദ്ധതികളെക്കുറിച്ചും അതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും വേണ്ട ഉപദേശം കൊടുക്കുവാൻ അദ്ദേഹത്തിന് സാധിക്കും. അതുപോലെതന്നെ സർക്കാരിന്റെ വിവിധ പെൻഷൻ പദ്ധതികളും, വികസനപദ്ധതികളും, ക്ഷേമപദ്ധതികളും ഭൂപ്രശ്നങ്ങളും, നടപടിപ്രശ്നങ്ങളും, കാർഷിക പ്രശ്നങ്ങളും, തൂടങ്ങി വിവിധ വിഷയങ്ങളംസംബന്ധിച്ച് അറിവുള്ള ആളുകളംപഞ്ചായത്തിലുണ്ട്. ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നത് പ്രശ്നപരിഹാരത്തിന് വളരെ വേഗത വർദ്ധിപ്പിക്കും. അതുപോലെതന്നെ അംഗൻവാടികളം, ബാലവാടികളം, വൃദ്ധസദനങ്ങളം മുതലായവ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പഞ്ചായത്തിൽനിന്നും നടപടികളെടുക്കണം.

സാമൂഹ്യക്ഷേമപ്രവർത്തനരംഗത്ത് പഞ്ചായത്തിനു വന്നുപോയിട്ടുള്ള കുറവുകളം പരിഹരിച്ച് അർഹരായ എല്ലാ ദുർബലവിഭാഗങ്ങൾക്കും അർഹമായ എല്ലാ ക്ഷേമ സഹായങ്ങളും എത്തിച്ചു കൊടുക്കുവാൻ ഒരു തീവ്രയത്നം ഇന്നാവശ്യമാണ്. ഗ്രാമസഭകളം അതിന് വേദിയായിത്തീരും എന്ന് പ്രതീക്ഷിക്കാം.



5.8

സംസ്കാരം

പ്രകൃതിരമണീയതകൊണ്ടും സാംസ്കാരിക പൈതൃകംകൊണ്ടും അനുഗ്രഹിക്കപ്പെട്ട പ്രദേശമാണ് ചെന്നീർക്കര ഗ്രാമപഞ്ചായത്ത്. കൊടുമൺ ആസ്ഥാനമായി ചെന്നീർക്കര സ്വരൂപം എന്നൊരു രാജവംശംതന്നെ നിലനിന്നിരുന്നു. എന്നാണ് ചരിത്രം. A. D. 7-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശക്തിഭദ്രൻ എന്ന സംസ്കൃത നാടകകൃത്ത് ഈ രാജവംശത്തിലെ പ്രതിഭാധനനായ ഒരു നാടുവാഴിയായിരുന്നു. ഇദ്ദേഹം രചിച്ച "ആശ്ചര്യ ചൂഡാമണി" എന്ന നാടകം സംസ്കൃത സാഹിത്യ ഭണ്ഡാഗാരത്തിലെ കനത്ത ഈടുവയ്പാണ്. ചെന്നീർക്കര സ്വരൂപത്തിലെ നാടുവാഴികളും പണികഴിപ്പിച്ച തുമ്പമൺ വടക്കുംനാഥ ക്ഷേത്രത്തിലെ ചുമർ ചിത്രങ്ങളും ദാരുശിൽപ്പങ്ങളും ക്ഷേത്രത്തിന്റെ വാസ്തുകലാ ഭംഗിയും ചെന്നീർക്കരയുടെ സാംസ്കാരിക പൈതൃകത്തിന്റെ മികവുറ്റ തെളിവുകളാണ്. പച്ചിലച്ചാറ്, നിറമുള്ള കല്ല്, കരിക്കട്ട തുടങ്ങി പ്രകൃതിയിൽനിന്നു നേരിട്ടെടുത്ത വസ്തുക്കൾ ഉപയോഗിച്ചു രചിച്ച ചുമർ ചിത്രങ്ങൾ ഇക്കാലമത്രയും കേടുപാടു കൂടാതെ നിലനിൽക്കുന്നു എന്നത് ചിത്രകലാ സങ്കേതങ്ങളുടെ വികാസത്തെയാണ് സൂചിപ്പിക്കുന്നത്.

ഈ പ്രദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലം നിർണ്ണയിക്കുമ്പോൾ രാഷ്ട്രാന്തരീയ പ്രശസ്തിതന്നെ നേടിയിട്ടുള്ള മഞ്ഞിനിക്കരയിലെ ക്രിസ്തീയ തീർത്ഥാടന കേന്ദ്രം അദ്വതീയ സ്ഥാനമർഹിക്കുന്നു. നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഇഗ്നാത്യോസ് ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവായുടെ കബറിടം സ്ഥിതിചെയ്യുന്ന ഈ തീർത്ഥാടനകേന്ദ്രമടങ്ങുന്ന മഞ്ഞിനിക്കര ദയറ, ശതാബ്ദി ആഘോഷിച്ച തുമ്പമൺ ബഥേൽ മാർത്തോമ്മാ ഇടവക, തുമ്പമൺ കദീസ്താ ഓർത്തഡോക്സ് പള്ളി എന്നീ ക്രിസ്തീയ ദേവാലയങ്ങളും ഈ പഞ്ചായത്തിന്റെ സാംസ്കാരിക മേഖലയെ സംപുഷ്ടമാക്കുന്നു.

നാനാജാതി മതസ്ഥർ ഇടകലർന്നു ജീവിക്കുന്ന ഈ ഗ്രാമപ്രദേശം മതമൈത്രിയുടെ കാര്യത്തിൽ ഉത്കൃഷ്ട മാതൃകയാണ്. നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന ഭാരത സംസ്കാരത്തിന് ഈ പഞ്ചായത്തിൽ ആഴത്തിൽ വേരോട്ടമുണ്ട്. എല്ലാ മതത്തിന്റെയും അന്തസത്ത ഒന്നുതന്നെയെന്ന ശ്രീനാരായണ ഗുരുദേവ ദർശനം ഉയർത്തിപ്പിടിക്കുന്ന പ്രസ്ഥാനങ്ങൾക്കും ഈ പഞ്ചായത്തിൽ വളരെ പ്രാമുഖ്യം ഉണ്ട്. എല്ലാ ജാതി മതസ്ഥരുടെയും ആചാരാനുഷ്ഠാനങ്ങളിലും, ആഘോഷങ്ങളിലും സമസ്ത ജനവിഭാഗങ്ങളും കൈയ്മെയ് മറന്ന് പരസ്പരം സഹകരിക്കുന്ന സാംസ്കാരികത്തികവ് ഈ പഞ്ചായത്തിന് ഇന്നും കൈമോശംവന്നിട്ടില്ല.

ഈ നാടിന്റെ കാലോചിതമായ പുരോഗതിക്ക് ത്യാഗപൂർണ്ണമായ സംഭാവനകൾ നൽകിയ ആദരണീയരായ പല വ്യക്തികളും മൺമറഞ്ഞു കഴിഞ്ഞു. വിദേശ ആധിപത്യത്തിൽനിന്നും മോചനം നേടുന്നതിനായി ഭാരതത്തിൽ അങ്ങോളമിങ്ങോളം അലയടിച്ചുയർന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലും ഈ ഗ്രാമം എളിയ പങ്ക് വഹിച്ചിട്ടുണ്ട്. കണ്ണമ്പാറ മാനേജർ എന്നറിയപ്പെട്ട അമ്പലത്തുംപാട്ട് രാജവിലാസത്ത് പരേതനായ ശ്രീമാൻ നാരായണൻ, മേലേക്കുറ്റിയിൽ കെ. ആർ. ഗൗരിക്കുട്ടിയമ്മ എന്നിവർ ഈ ഗ്രാമത്തിൽ നിന്നും സ്വാതന്ത്ര്യസമരത്തിൽ അണിചേർന്നവരാണ്. മലയാള സാഹിത്യ നിരൂപണ രംഗത്ത്

പ്രശ്നങ്ങൾ

1 പഞ്ചായത്തു പ്രദേശത്തുള്ള ആളുകളുടെ കലാ കായിക വാസനകളെ വികസിപ്പിക്കുന്നതിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും ഇന്നില്ല.

2 നാടൻ കലാരൂപങ്ങളും പ്രചാരം കുറഞ്ഞ് അന്യം നിന്നുപോകുന്ന പ്രവണത കണ്ടുവരുന്നു.

3 സ്ത്രീകളുടെ വായനാശീലമില്ലായ്മ

പരിഹാര നിർദ്ദേശങ്ങൾ

1 തുമ്പമൺ നോർത്ത് ഗവ: ഹൈസ്കൂളിന്റെ 2 ഏക്കർ സ്ഥലത്ത് ഒരു നല്ല സ്റ്റേഡിയവും ഓപ്പൺ എയർ തീയേറ്ററും പണികഴിപ്പിക്കുക.

2 പ്രക്കാനത്തെ പഞ്ചായത്ത് സ്റ്റേഡിയം പണി പൂർത്തീകരിച്ച് ഉപയോഗ്യമാക്കുകയും ഓപ്പൺ എയർ തീയേറ്റർ സ്ഥാപിക്കുകയും ചെയ്യുക.

3 മുറിപ്പാറമ്പൻ മൈതാനത്തിന്റെ പൂർണ്ണാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കി അവിടെ ഒരു സ്റ്റേഡിയവും ഓപ്പൺ എയർ തീയേറ്ററും സ്ഥാപിക്കുക.

4 പഞ്ചായത്ത് ആസ്ഥാനത്ത് റഫറൻസ് ഇൻഫർമേഷൻ ഗൈഡൻസ് സൗകര്യങ്ങളുള്ള വിപുലമായ ലൈബ്രറി പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സാംസ്കാരിക നിലയമായിക്കൂടി ഉപയോഗിക്കത്തക്ക നിലയിൽ പണികഴിപ്പിക്കുക.

5 സംഗീതോപകരണങ്ങളും വാദ്യോപകരണങ്ങളും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യമുള്ള കലാസമിതികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സമിതികൾക്ക് മുൻഗണന നൽകുക.

6 സ്വന്തമായി ഭൂമിയുള്ള സമിതികൾക്ക് കെട്ടിടം പണിയുന്നതിനും ഉള്ള കെട്ടിടം വിപുലീകരിക്കുന്നതിനും ധനസഹായം നൽകുക.

പരിഹാരം

നാടൻ കലാരൂപങ്ങളിൽ പ്രാവീണ്യമുള്ളയാളുകളെ കണ്ടെത്തി അവരുടെ സേവനത്തോടുകൂടി പുതിയ തലമുറയിൽപെട്ടവരെ പരിശീലിപ്പിക്കുന്നതിന് കലാ സാംസ്കാരിക സംഘടനകളെ പ്രേരിപ്പിക്കുക.

സർക്കാർ ധനസഹായത്തോടുകൂടി പ്രവർത്തിക്കുന്ന വനിതാസമാജങ്ങളും അതതുപ്രദേശത്തെ വായനശാലകളിൽനിന്നും പുസ്തകം ഏറ്റുവാങ്ങി സ്ത്രീകൾക്ക് വിതരണംചെയ്യുകയും തിരികെ വാങ്ങി ഗ്രന്ഥാലയത്തിന് മടക്കി കൊടുക്കുകയും ചെയ്യുക. ഈ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്ന സമാജങ്ങൾക്കുമാത്രമേ ധനസഹായം നൽകുകയുള്ളുവെന്ന് കർശന വ്യവസ്ഥ ചെയ്യുംവിധം ബന്ധപ്പെട്ട ചട്ടങ്ങളും ഭേദഗതി ചെയ്യുക.

പൊതു നിർദ്ദേശങ്ങൾ

1 പഞ്ചായത്തിനുള്ളിലുള്ള കലാ സാംസ്കാരിക പ്രവർത്തനങ്ങളും നടത്തുന്ന സമിതികൾക്കും കായിക -- വിനോദ പ്രവർത്തനങ്ങളും നടത്തുന്ന സമിതികൾക്കും, വനിതാ സമാജങ്ങൾക്കും പ്രത്യേകം പ്രത്യേകം പഞ്ചായത്തുതല അസോസിയേഷൻ രൂപീകരിക്കുക. മുഴുവൻ സമിതികളെയും അതത് അസോസിയേഷനുമായി അഫിലിയേറ്റുചെയ്ത് പ്രവർത്തിപ്പിക്കുക. അഫിലിയേറ്റഡ് സമിതികളുടെ ത്രൈമാസ പ്രവർത്തന റിപ്പോർട്ട് വിശകലനംചെയ്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക. പ്രവർത്തനം മന്ദീഭവിക്കുന്ന ഘട്ടങ്ങളിൽ യുക്തമായ ഇടപെടലുകളിലൂടെ സമിതികളെ പുനരുജ്ജീവിപ്പിക്കുക. അഫിലിയേഷനുള്ള സമിതികൾക്കു മാത്രമേ ധനസഹായവും അംഗീകാരവും നൽകുകയുള്ളുവെന്ന് നിഷ്കർഷിക്കുക.

2 ഇപ്പോൾ ലൈബ്രറി കൗൺസിലിൽനിന്നും ലൈബ്രറികൾക്ക് നൽകുന്ന ലൈബ്രേറിയൻ അലവൻസ് ഒരുമിച്ച് പഞ്ചായത്തിന് ലഭ്യമാക്കിക്കൊണ്ട് കെട്ടിട നികുതിയോടൊപ്പം പിരിക്കുന്ന ലൈബ്രറി സെസ്കൂടി ചേർത്ത് ലൈബ്രേറിയന്മാർക്ക് മെച്ചപ്പെട്ട പ്രതിഫലം നൽകുക.

3 ലൈബ്രറികൾ ഇല്ലാത്ത സ്ഥലങ്ങളിൽ വാർഡു മെമ്പറൻമാരുടെ നേതൃത്വത്തിൽ അവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ധനസഹായം നൽകുക.

4 L. P. സ്കൂളുകൾ കേന്ദ്രീകരിച്ച് ബാലസംഘം സ്ഥാപിച്ച് കേരളാ ശാസ്ത്രസാഹിത്യ പരിഷത്തിനെപ്പോലെയുള്ള പ്രസ്ഥാനങ്ങളുടെ സഹകരണത്തോടുകൂടി കുട്ടികളിൽ സാമൂഹ്യ-സാംസ്കാരികബോധം വളർത്തിയെടുക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുക.

5.9

വനിതാ ക്ഷേമം

ഒരു ഗ്രാമത്തിന്റെ എല്ലാ സജീവതയും ചെന്നീർക്കര പഞ്ചായത്തിൽ ദൃശ്യമാണെങ്കിലും സ്ത്രീകളുടെ സ്ഥിതി ഇന്നും മാറ്റമില്ലാതെ തുടരുന്നു. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തന മേഖലകളിൽ വളരെ കുറച്ചു വനിതകൾ മാത്രമേ ഭാഗഭാക്കുകളാകുന്നുള്ളൂ. എന്നാൽ ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ പ്രക്ഷോഭണങ്ങളിൽ സജീവമായി പങ്കെടുത്ത ഒരു വനിത ഈ പഞ്ചായത്തിലുണ്ട് എന്നത് അഭിമാനാർഹമാണ്. ചെന്നീർക്കര വൃന്ദാവനത്തിൽ ശ്രീമതി സി. കെ. ഗൗരിക്കുട്ടിയാണ് ആ ബഹുമാന്യവനിത. ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ശ്രീ. റ്റി. കെ. മാധവന്റെയും ശ്രീ മൂലൂർ എസ്. പത്മനാഭപണിക്കരുടേയും ആഹ്വാനപ്രകാരം ശ്രീനാരായണ മഹിളാപ്രസ്ഥാനം, സന്മാർഗ പ്രകാശിനി എന്നീ പേരിൽ ചെന്നീർക്കരയിൽ പ്രവർത്തിച്ചിരുന്ന സംഘടനകൾക്ക് പൊട്ടാഞ്ഞിലിനിൽക്കുന്നതിൽ ശ്രീമതി കൊച്ചുമ്മിണി, ശ്രീമതി സി. കെ. ഗൗരിക്കുട്ടി തുടങ്ങിയവർ നേതൃത്വം നൽകിയിരുന്നു. മലങ്കര മർത്തോമാ സഭയുടെ മഹിളാ വിഭാഗമായ സുവിശേഷസേവികാസംഘം ആരംഭിക്കുകയും ദീർഘകാലം സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്ത ചെറുതുരുത്തിൽ അന്തരിച്ച ശ്രീമതി കാന്തമ്മ വർഗീസ് നമ്മുടെ പഞ്ചായത്തിൽപെട്ട പ്രശക്തയായ ഒരു വനിതയാണ്. മുട്ടത്തുകോണത്തിന്റെയും പ്രക്കാനത്തിന്റെയും ഭാഗങ്ങളിലുള്ള എല്ലാ വിഭാഗം വനിതകളും ചേർന്ന് ബ്ലോക്കുതലത്തിൽ അംഗീകാരമുള്ള മഹിളാസമാജം പ്രവർത്തിച്ചിരുന്നു. പ്രക്കാനം കേന്ദ്രമാക്കി ബ്ലോക്കുടിസ്ഥാനത്തിൽ ക്യാമ്പുകളും മറ്റും ഈ മഹിളാ സമാജത്തിന്റെ പേരിൽ നടന്നിട്ടുണ്ട്. ഇന്നും സംഘടിതപ്രസ്ഥാനങ്ങൾ വിരളമായി ഉണ്ട്.

ഗ്രാമത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിന് സാദ്ധ്യത കൂടുതലാണ്. മൂന്ന് ഹൈസ്കൂളുകളും നാല് യു. പി സ്കൂളും, ഏഴ് ഒപ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. എന്നാൽ ഇന്ന് പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. എങ്കിലും മിക്ക സ്കൂളുകളിലും പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് എണ്ണത്തിൽ കുറവാണ്. ഈ കുറവ് മുകളിലേക്കു വരുംതോറും വർദ്ധിച്ചുവരുന്നതായി കാണാം.
പട്ടിക കാണുക.

L. P.		U. P.		H. S.	
ആൺ.	പെൺ	ആൺ.	പെൺ	ആൺ.	പെൺ
561	558	515	506	473	423

ഈ കുറവിന് കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടിയിരിക്കുന്നു.

ഏതാനും മഹിളാസമാജങ്ങളും മഹിളാസംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീ പീഡനങ്ങൾ, സ്ത്രീകളുടെ ജനാധിപത്യാവകാശ ധ്വംസനങ്ങൾ എന്നിവയ്ക്കെതിരെ പ്രചാരണം നടത്താറുണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജനാധിപത്യമഹിളാ അസോസിയേഷന്റെ (AIDWA) യൂണിറ്റുകൾ വാർഡടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

മാത്തൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സന്തോഷ് മഹിളാ സമാജം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

വനിതാ വ്യവസായ യൂണിറ്റുകളും നാമമാത്രമായി പ്രവർത്തിക്കുന്നു. കായിക മത്സരങ്ങളിൽ ഈ പഞ്ചായത്തിലെ പെൺകുട്ടികളും വളരെ ഉന്നത നിലവാരം പുലർത്തുന്നവരാണ്. പെൺകുട്ടികളുടെ സ്റ്റേറ്റ് ലവൽ വോളിബോളും മത്സരത്തിൽ പത്തനംതിട്ട ജില്ലയെ പ്രതിനിധീകരിച്ച് വിജയം വരിച്ചത് ഈ പഞ്ചായത്തിലെ മുട്ടത്തുകോണം SNDP സ്കൂളിലെ ടീം ആണ്.

പൊതുവെ നോക്കിയാൽ ഗ്രാമത്തിൽ വനിതകളുടെ അവസ്ഥ ശോചനീയമാണ്. സ്ത്രീകളും പിന്നോക്കാവസ്ഥയിലാണ്. കുടുംബത്തിന്റെ കെട്ടുപാടുകളിൽ ഒതുങ്ങിക്കൂടാനാണ് സ്ത്രീകളും അധികവും ഇഷ്ടപ്പെടുക. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അവർക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടത് പുരുഷന്മാരാണ്. സ്ത്രീ എപ്പോഴും തന്റെ അടിമയായിരിക്കണമെന്ന വ്യഗ്രതയാണ് പുരുഷന്മാരിൽ കാണുന്നത്. കുടുബത്തിലെ അധ്വാനഭാരം കൂടുതലും വഹിക്കുന്നത് സ്ത്രീകളാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥ കുടുംബത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നു. കുടുംബത്തിന്റെ ചുമതലകളധികവും ഒരു നല്ല ശതമാനം കുടുംബങ്ങളിൽ സ്ത്രീകളുടെ ഉത്തരവാദിത്വത്തിൽ നടക്കേണ്ടിയിരിക്കുന്നു. എല്ലാ മേഖലകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള വ്യത്യാസം കണ്ടുവരുന്നു. പുരുഷമേധാവിത്വമാണ് എവിടെയും ഉണ്ടാകുന്നത്.

സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും ഇന്ന് സ്ത്രീകളും ജോലിചെയ്യുന്നു. സ്ത്രീകൾക്ക് രാഷ്ട്രീയമായ ബോധനമോ രാഷ്ട്രീയ പങ്കാളിത്തമോ വേണ്ടത്ര ലഭിക്കുന്നില്ല. പൊതു രംഗങ്ങളിലും ഗൃഹാന്തരീക്ഷത്തിലും സ്ത്രീകളും പീഡിപ്പിക്കപ്പെടുന്നു. കുടുംബസംവിധാനത്തെക്കുറിച്ച് ശരിയായ അറിവില്ലായ്മ, സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മ എന്നിവയും സ്ത്രീകളുടെ പ്രശ്നങ്ങളാണ്. സ്ത്രീകളും സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നു. ബലാൽസംഗം ചെയ്യപ്പെടുന്നു. സപത്നീദുഃഖം അനുഭവിക്കേണ്ടിവരുന്നു. മതിയായ കാരണമില്ലാതെ ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെടുന്നു. മദ്ധ്യപാനന്മാരായ പുരുഷന്മാരുടെ ധനദുർവ്യയം മൂലം പട്ടിണി അനുഭവിക്കേണ്ടിവരുന്നു. ആരോഗ്യ പരിപാലനങ്ങളിൽ വേണ്ടത്ര അറിവോ സൗകര്യങ്ങളോ ലഭിക്കുന്നില്ല. മാതൃശിശു സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ പരിപാലന കാര്യങ്ങളും വേണ്ടത്ര നടക്കുന്നില്ല. ഇവയൊക്കെയും സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണങ്ങളാണ്.

കൃഷിഭൂമി അധികവും ദീർഘകാല വിളകളാക്കി മാറിയിരിക്കുന്നു. ഇതു സ്ത്രീകളുടെ തൊഴിലവസരങ്ങളും കുറയുവാൻ കാരണമായി. ഇന്നു സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖലകളും കൃഷി, കെട്ടിട നിർമ്മാണം, മരാമത്തുപണികളും, തയ്യൽ തുടങ്ങിയവയാണ്. ചുരുക്കം ചില സ്ത്രീകളും ടാപ്പിംഗ് മേഖലയിൽ തൊഴിൽ ചെയ്യുന്നു. തൊഴിൽ രംഗത്ത് കൂലി നിരക്കിലുള്ള വിവേചനം–ഒരേ ജോലിക്ക് പുരുഷനേക്കാളും കൂലി കുറവാണ്. സ്ത്രീകൾക്ക് മിക്ക തൊഴിൽ രംഗത്തും ഈ പ്രവണത കണ്ടുവരുന്നു. തൊഴിലിൽ ഏർപ്പെട്ടുപോകുമ്പോൾ കുട്ടികളെ സുരക്ഷിതമായി ഏൽപ്പിച്ചു പോകാനുള്ള യാതൊരു മുതലായ സ്ഥാപനങ്ങളും ഇല്ല. മെച്ചപ്പെട്ട തൊഴിൽ പരിശീലനം ലഭിക്കുന്നില്ല. വ്യവസായിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. അദ്ധ്യാപക വൃത്തിയിൽ സ്ത്രീകളും എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. സ്ത്രീകളുടെ നേതൃത്വത്തിൽ തുടങ്ങിയ സഹകരണ തൊഴിൽ സംരംഭങ്ങളും കാര്യക്ഷമമായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സർക്കാരിന്റെ തൊഴിൽ പദ്ധതികളും, സംരംഭങ്ങളും എന്നിവ എന്തൊക്കെയാണെന്നുള്ള അറിവ് ലഭിക്കുന്നില്ല. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്കു വേണ്ടത്ര അറിവു ലഭിക്കുന്നില്ല. പൂസ്തക വായനയിലും പത്രപാരായണത്തിലും സ്ത്രീകളും വ്യഗ്രത കാണിക്കുന്നില്ല. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധൈര്യം സ്ത്രീകളിൽ കുറവാണ്.

സാദ്ധ്യതകൾ.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സ്ത്രീകളെ കരുത്തരാക്കേണ്ടിയിരിക്കുന്നു. ഇതിനായി സാമൂഹ്യ രംഗത്തും പൊതു

രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടതുണ്ട്. രാഷ്ട്രീയ സാംസ്കാരിക സംഘടനകളും സജീവമാകുകയും സ്ത്രീകളെ നേതൃസ്ഥാനത്തേക്ക് എത്തിക്കുവാൻ ശ്രദ്ധിക്കുകയും വേണം. ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ മാതൃകാപരമായ നേതൃത്വം കൊടുത്ത് മറ്റു സ്ത്രീകളെ പൊതു പ്രവർത്തനത്തിലേക്ക് ആകർഷിക്കണം. അദ്ധ്യാപികമാർക്കും ഉന്നതവിദ്യാഭ്യാസം ലഭിച്ചവർക്കും ഈ കാര്യത്തിൽ വളരെയേറെ സംഭാവനകൾ നൽകാൻ കഴിയും. നാട്ടിൽ നടക്കുന്ന പൊതുയോഗങ്ങളിലും പൊതു പരിപാടികളിലും സ്ത്രീകൾ പങ്കെടുക്കാൻ വേണ്ട പ്രോത്സാഹനം ഉണ്ടാകണം.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചുള്ള തൊഴിൽ യൂണിറ്റുകൾ തുടരേണ്ടതാണ്. അസംഘടിതരായ സ്ത്രീകളെ സംഘടിപ്പിച്ച് സഹകരണ സംരഭങ്ങൾ തുടങ്ങണം. തൊഴിൽ പരിശീലനം ലഭിച്ച യുവതികൾക്ക് ഉദാരവ്യവസ്ഥയിൽ പണം കടം കൊടുത്ത് ചെറുകിട തൊഴിൽ യൂണിറ്റുകൾ തുടങ്ങുവാൻ സാധിക്കണം. കൃഷിരോല്പാദക യൂണിറ്റുകൾ, കാലിത്തീറ്റ യൂണിറ്റ്, കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റ്, അച്ചാറുയൂണിറ്റ്, ലതർവർക്സ്, സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി യൂണിറ്റുകൾ, കോഴിവളർത്തൽ, ഗാർമെന്റ് മുതലായവയ്ക്ക് സാധ്യതകളുണ്ട്. പച്ചക്കറിത്തോട്ടം, അലങ്കാര സസ്യങ്ങൾ വളർത്തൽ, ഔഷധ സസ്യങ്ങൾ വളർത്തൽ, പുൽക്കൃഷി ഇവ പ്രോത്സാഹിപ്പിക്കണം.

സ്ത്രീകളുടെ പ്രശ്നങ്ങൾ പരഹരിക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

തൊഴിൽ സാദ്ധ്യതകളെപ്പറ്റിയുള്ള വിവരങ്ങൾ സ്ത്രീകൾക്കു നൽകുക.

സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അറിവ് നൽകുക.

ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കുക.

അവകാശങ്ങൾ, ചൂഷണതലങ്ങൾ, ഇൻഡ്യൻ ശിക്ഷാ നിയമങ്ങൾ, നഷ്ടപരിഹാരം ഇവയെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകളും ചർച്ചാ ക്ലാസുകളും ഉണ്ടാവണം.

സ്ത്രീകളും ബഹുജന മാധ്യമങ്ങളും തൊഴിലും തൊഴിലില്ലായ്മയും സ്ത്രീകൾക്കിടയിൽ സ്ത്രീകളും ഗാർഹിക വൃദ്ധിയും, ആരോഗ്യവും പുനരുല്പാദവും, സ്ത്രീകളും പുത്തൻസാമ്പത്തികനയങ്ങളും, സ്ത്രീകളും വികസനനയങ്ങളും, വനിതാപ്രസ്ഥാനങ്ങൾ, സ്ത്രീകൾ വനിതാപ്രസ്ഥാനങ്ങളിൽ, എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവർക്കരണം പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാവണം.

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിയമങ്ങൾ നടപ്പാക്കാൻ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുകയും പ്രത്യേക കമ്മീഷനെ നിയമിക്കുകയും ചെയ്യണം. സ്ത്രീകൾക്ക് സൗജന്യ നിയമസഹായം നൽകുക. വേതന സംരക്ഷണ നിയമങ്ങൾ അസംഘടിത മേഖലകളിലേക്ക് വ്യാപിപ്പിക്കുക.

മദ്യത്തിനും മയക്കു മരുന്നിനും എതിരെ പ്രതികരിക്കുവാൻ സ്ത്രീകൾ ശക്തിയാർജ്ജിക്കണം. എയ്ഡ്സ് തുടങ്ങിയ മാരകരോഗങ്ങളെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക, സ്ത്രീകളിൽ സന്മാർഗ്ഗവും സദാചാരമൂല്യവും വളർത്തുവാൻ ഉതകുന്ന ബോധവൽക്കരണ സെമിനാറുകൾ നടത്തുക. അഗതി പെൻഷൻ, വിധവാ പെൻഷൻ ഇവ വർദ്ധിപ്പിക്കണം.

ഉന്നത വിദ്യാഭ്യാസാനുകൂല്യങ്ങളും, വിവാഹാനുകൂല്യങ്ങളും ഇവ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ലഭ്യമാകണം. ഗർഭിണികളായ സ്ത്രീകൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ആരോഗ്യ പരിപാലനത്തിനായി മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും വാർഡടിസ്ഥാനത്തിൽ ഉണ്ടാവണം. വനിതകൾക്കായി ബാങ്ക്, സഹകരണ പ്രസ്ഥാനങ്ങളും ഇവ ഉണ്ടാവണം.

വനിതാ വായനശാലകളും വാർഡടിസ്ഥാനത്തിൽ ഉണ്ടാവണം. ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ റേഷൻവിതരണം നടപ്പാക്കേണ്ടതുണ്ട്.

കൈത്തറി ഉല്പന്നങ്ങളും ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നതിനും പ്രോത്സാഹനം നൽകണം.

നൂൽനൂൽപ്പ്, നെയത്ത് തുടങ്ങിയ വ്യവസായ യൂണിറ്റുകളും സാർവ്വത്രികമാക്കണം.

സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് പാർപ്പിട സൗകര്യമുണ്ടാക്കിക്കൊടുക്കണം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും, വിവേചനം, പീഡനം ഇവയ്ക്ക് പരിഹാരങ്ങളും കണ്ടെത്തണം.

സമ്പൂർണ്ണ സ്ത്രീധന നിരോധനം ഉണ്ടാവണം. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തണം.

പഞ്ചായത്തടിസ്ഥാനത്തിൽ പാചക വാതക ഏജൻസികളും ഉണ്ടാവണം.

5.10

സഹകരണം

കേരളത്തിൽ സഹകരണ പ്രസ്ഥാനം നാനാതുറകളിലും ജനോപകാരപ്രദമായി പ്രവർത്തിച്ചു വരുന്നു. സംഭരണം, വിപണനം, വ്യാപാരം, ഉൽപാതനം, ധനവരം, സേവനം എന്നീ രംഗങ്ങളിൽ വിലപ്പെട്ട സേവനത്തിലൂടെ ശ്രദ്ധേയമായ നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. ഈ വിധപ്രവർത്തനങ്ങളിൽ കേരളം ഇൻഡ്യയ്ക്കുതന്നെ മാതൃകാപരമാണ്.

സഹകരണപ്രസ്ഥാനം നമ്മുടെ ഗ്രാമത്തിൽ 75 വർഷങ്ങൾക്കുമുമ്പു തന്നെ പ്രവർത്തനം ആരംഭിച്ചു. ''പരസ്പര സഹായസംഘം'' എന്ന 5 സ്ഥാപനങ്ങളും ഈ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. അംഗങ്ങൾ മിച്ചമുള്ള പണം സംഘത്തിൽ നിക്ഷേപിക്കുകയും, വായ്പ ആവശ്യമുള്ള അംഗങ്ങൾക്ക് പണം കടമായി നൽകുകയും ചെയ്തിരുന്നു. കൃഷിക്ക് ആവശ്യം വരുന്ന വിത്ത്, വളം എന്നിവ ഈ സംഘത്തിൽകൂടി വിതരണം ചെയ്തിരുന്നു. ഈ സംഘങ്ങളുടെ പിൻതുടർച്ചയാണ് സർവ്വീസ് സഹകരണ രംഗത്ത് ഇന്ന് പ്രവർത്തിച്ചു വരുന്ന S.C.B. 96-ചെന്നീർക്കര, S.C.B, 677-പ്രക്കാനം എന്നീ സഹകരണ സ്ഥാപനങ്ങളും.

ക്രഡിറ്റ് സംഘങ്ങൾ

I S.C.B. 96 ചെന്നീർക്കര സർവ്വീസ് സഹകരണ ബാങ്ക്.

മലയാളവർഷം 1-2-1095 ൽ പരസ്പരസഹായ സംഘമായി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 3700 അംഗങ്ങളും 532600 രൂപ ഓഹരി മൂലധനവും, 12258000 രൂപ നിക്ഷേപവും 8300245 രൂപ വായ്പയും ഉള്ള സർവ്വീസ് സഹകരണ ബാങ്കായി വളർന്നിരിക്കുന്നു. ചെന്നീർക്കര പഞ്ചായത്തിൽ ഒന്ന് മുതൽ ഏഴു വരെ വാർഡുകളും പ്രവർത്തന പരിധിയായിട്ടുള്ള ഈ സ്ഥാപനം ചിട്ടി കാർഷിക വിളസംഭരണം, പൊതുവിതരണം, വ്യവസായം എന്നീ തുറകളിൽ കാര്യമായി സേവനം നടത്തി വരുന്നു.

II S. C. B. 677 പ്രക്കാനം സർവ്വീസ് സഹകരണ ബാങ്ക്.

മലയാളവർഷം 1099 ൽ പരസ്പരസഹായ സംഘമായി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 4369 അംഗങ്ങളും 413545 രൂപ ഓഹരി മൂലധനവും, 8600000 രൂപ നിക്ഷേപവും 6120000 രൂപ വായ്പയും ഉള്ള സഹകരണ ബാങ്കായി പ്രവർത്തിച്ചുവരുന്നു. ചെന്നീർക്കര പഞ്ചായത്തിൽ ഏഴു മുതൽ പത്തുവരെയുള്ള വാർഡുകളാണ് ഇതിന്റെ പ്രവർത്തന പരിധി. പണംഇടപാടുകളും, ചിട്ടി കാർഷികവിളകളുടെ സംഭരണം, വ്യവസായം എന്നിവ കാര്യക്ഷമമായി നടത്തി വരുന്നു.

കാർഷീക വികസന ബാങ്ക് നമ്പർ Q 390 പത്തനംതിട്ട

ചെന്നീർക്കര പഞ്ചായത്ത് പത്തനംതിട്ട കാർഷികവികസന ബാങ്കിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ചെന്നീർക്കര പഞ്ചായത്തിൽ നിന്നും 340 കർഷകർ ഈ ബാങ്കിൽ അംഗങ്ങളായിട്ടുണ്ട്. ഭൂവികസനം, റബർകൃഷി, ഡയറി ഡവലപ്പ്മെന്റ്, ചെറുകിട വ്യവസായം, ഭവനനിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി2529000രൂ വായ്പഎടുത്തിട്ടുണ്ട്. കൂടുതൽ അംഗങ്ങൾക്ക് ഈ ബാങ്കുമായി ഇടപാടുകൾ നടത്തുന്നതിന് അവസരം ഉണ്ടാക്കേണ്ടതാണ്.

ഹരിജൻ സർവ്വീസ് സഹകരണസംഘം Q 859-ചെന്നീർക്കര

ഈ സംഘം ചെന്നീർക്കര പഞ്ചായത്തിൽ എല്ലാവാർഡുകളെയും പ്രതിനിധാനം ചെയ്യുപ്രവത്തിക്കുന്നു. 647 അംഗങ്ങളും 23070 രൂപാ ഓഹരി മൂലധനവും സർക്കാർ ഗ്രാൻറായി 300000 രൂപയും പ്രവർത്തനമൂലധനമായി ഈ സംഘം, വായ്പയും മറ്റ് ക്ഷേമപ്രവത്തനങ്ങളും നടത്തിവരുന്നു. ഇതിനെ സ്വന്തമായി കെട്ടിടവും മറ്റ് പ്രവർത്തനവും ഇനിയും ഉണ്ടാകേണ്ടതാണ്.

ബറർ ഫാമിങ്ങ് സഹകരണസംഘം PT 67 ചെന്നീർക്കര

ചെന്നീർക്കര പഞ്ചായത്ത് പ്രവർത്തനപരിധിയായി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സംഘത്തിൽ 99 അംഗങ്ങളും 9900 രൂപ ഓഹരിമൂലധനവും ഉണ്ട്. ഈ സംഘം പ്രവർത്തനരഹിതമാണ്. കഷ്കക്ക് പ്രയോജനം ലഭിക്കത്തക്കവിധം ഈ സംഘം പുനരുദ്ധരിക്കേണ്ടതാണ്.

ക്ഷീരോല്പാദന സഹകരണസംഘങ്ങൾ

I ചെന്നീർക്കര ക്ഷീരോല്പാദന സഹകരണ സംഘം PT 26 ചെന്നീർക്കര

ഈ സംഘത്തിൽ 226 അംഗങ്ങളും 10000രൂപ ഓഹരിമൂലധനവും ഉള്ളതാണ്. പാൽസംഭരണം, വിപണനം, കൃഷിക്കാർക്കാവശ്യമായ സേവനവും ഈ സംഘം നടത്തിവരുന്നു. പ്രവർത്തനപരിധി ചെന്നീക്കര പഞ്ചായത്തിൽ 1,2,3 വാർഡുകളാണ്.

II ചെന്നീർക്കര നോർത്ത് ക്ഷീരോല്പാദന സംഘം PT 23 ഊന്നുകൽ

ഈ സംഘം ചെന്നീർക്കര പഞ്ചായത്തിൽ 3, 4,5 എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്നു. 203 അംഗങ്ങളും, 10000 രൂ. മൂലധനവും ഉള്ള ഈ സ്ഥാപനം പാൽസംഭരണം, വിപണനം, കൃഷിക്കാർക്ക് ക്ഷേമപ്രവർത്തനം എന്നിവ നടത്തിവരുന്നു.

III തോട്ടപുറം ക്ഷീരോല്പാദന സഹകരണസംഘം പ്രക്കാനം

പാൽ സംഭരണവും വിപണനവും നടത്തിവരുന്നു.

സ്കൂൾ സഹകരണസംഘങ്ങൾ

I ഗവ: U.P. സ്കൂൾ സഹകരണസംഘം P.T. II മാത്തൂർ

II ഗവ: ഹൈസ്ക്കൂൾ മുട്ടത്തുകോണം നോർത്ത് സഹകരണ സംഘം

III എസ്സ് എൻ ഡി പി ഹൈസ്ക്കൂൾ സഹകരണസംഘം P.T. 149 ചെന്നീർക്കര

VI പ്രക്കാനം യു. പി. സ്കൂൾ സഹകരണ സംഘം പ്രക്കാനം

V എസ്. എൻ. ഡി. പി. ഹൈസ്ക്കൂൾ സഹകരണ സംഘം മുട്ടത്തുകോണം സൗത്ത്

ഈ സഹകരണ സംഘങ്ങൾ അദ്ധ്യാപകർ പൂണ്ണ ഓഹരിക്കാരും വിദ്യാർത്ഥികൾ നോർമൽ ഓഹരിക്കാരുമായി പ്രവർത്തിക്കുന്നു. അദ്ധ്യാപകരിൽനിന്നും തിരഞ്ഞെടുക്കുന്ന ആറം ചുമതലക്കാരനായി പ്രവർത്തിക്കുന്നു. പഠനോപകരണങ്ങളും അത്യാവശ്യ സാധനങ്ങളും വിതരണം ചെയ്യുന്നു. ഈ സംഘങ്ങൾക്ക് സർക്കാർ ഗ്രാൻറ് നൽകിവരുന്നു.

കേരവികസനസമതി P. 711 ചെന്നീർക്കര

ചെന്നീർക്കര പഞ്ചായത്തിൽ കേരകർഷകരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നു. എ ക്ലാസ്സ് അംഗഫീസ് 25 രൂപാ ബി ക്ലാസ്സ് അംഗഫീസ് 5 രൂപ സി ക്ലാസ്സ് അംഗഫീസ് 1 രൂപ ഇങ്ങനെയുള്ള 800 അംഗങ്ങൾ ഈ സമതിയിലുണ്ട് കൃഷി ഡിപ്പാർട്ട്മെൻറിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഈ സമതിയിൽ കൂടി വിതരണം ചെയ്യുന്നു.

അഗ്രോ സർവ്വീസ് സെൻറർ P 316 എന്തരം ചെന്നീർക്കര

1992-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 49 അംഗങ്ങളും 490 രൂപ ഓഹരി മൂലധനവും ഉണ്ട്. സർക്കാറിൽ നിന്നും ലഭിച്ച 270000 രൂപ വിലയുള്ള ട്രാക്ടറും, 240000 രൂപ ചിലവുള്ള കെട്ടിടവും ആസ്തി ആയിട്ടുണ്ട്. ചെന്നീർക്കര പഞ്ചായത്തിലെ കൃഷിക്കാരുടെ ആവശ്യത്തിനു കൂടി നൽകിയിട്ടുള്ള ഈ ട്രാക്ടർ ഇവിടയുള്ള കൃഷിക്കാർക്ക് പ്രയോജനം ചെയ്യുന്നില്ല.

ഈ വീഴ്ച പരിഹരിക്കുന്നതിന് കൃഷി ഡിപ്പാർട്ട്മെന്റ് ശ്രദ്ധിക്കേണ്ടതാണ്.

റബർ പ്രൊഡക്ഷൻ സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ 4 റബർ പ്രൊഡക്ഷൻ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. റബർ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുകയും റബർബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും വിജ്ഞാനങ്ങളും ഈ സംഘങ്ങളിൽ കൂടി കൃഷികാർക്ക് ലഭിച്ചുവരുന്നു.

പാടശേഖരസമതികൾ

നെൽകൃഷിക്കാരുടെ ഉന്നമനത്തിന്. ഈ പഞ്ചായത്തിൽ ഏഴ് (7) പാടശേഖരസമതികൾ പ്രവർത്തിച്ചുവരുന്നു. ആധുനിക കൃഷിരീതികൾ, കൂട്ടായ കൃഷിപ്രവർത്തനങ്ങൾ, കൃഷി യന്ത്രങ്ങളുടെ ഉപയോഗം എന്നിവലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. രണ്ടു സമതികൾക്ക് സർക്കാർ സബ്സിഡിയോടുകൂടി "ട്രില്ലർ" നൽകിയിട്ടുണ്ട്. ഈ സമതികളുടെ പ്രവർത്തനം കർഷകർക്ക് വേണ്ട പ്രയോജനം ചെയ്യുന്നില്ല.

ആവശ്യങ്ങളും നിർദ്ദേശങ്ങളും

ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപങ്ങൾക്ക് പൂർണ്ണമായും, സക്കാർ ഗ്രാരൻറി ഏർപ്പെടുത്തണം. എൻ. ആർ. ഇ. അക്കൗണ്ടുകൾ, സ്വീകരിക്കുന്നതിന് സഹകരണബാങ്കുകളെ കൂടി അധികാരപ്പെടുത്തണം. ഐ. സി. ഡി. പി., നബാഡ്, റിസർവ്ബാങ്ക് മുതലായ ധനകാര്യ ഏജൻസികൾ വിതരണത്തിനു നൽകുന്ന തുകകൾ പ്രാഥമീകബാങ്കുകളെ നേരിട്ട് ഏല്പിക്കണം. സഹകരണ ബാങ്കുകളിൽ നിന്നും വസ്തു ഈടിൻമേൽ വായ്പ എടുക്കുന്ന അംഗങ്ങൾ ഈടാധാരം രജിസ്റ്റർ ചെയ്യുന്നതിന് ഇരട്ടിതുക അടക്കേണ്ടിവരുന്നു. ഒഴുകുറി ആധാരം നടത്തുന്നതിന് മുതലും പലിശയും ചേർത്തു രജിസ്റ്റർ ഫീസ്സ് നൽകേണ്ടിവരുന്നു. ഇതു വായ്പക്കാരനു വമ്പിച്ച ധനനഷ്ടം ഉണ്ടാക്കുന്നു. ഇത് അവസാനിപ്പിക്കണം. ഷെഡ്യൂൾഡ് ബാങ്കുകൾ വസ്തുവിൻെറ അവകാശരേഖ (ആധാരം) ജാമ്യമായി സ്വീകരിക്കുന്നു. ഈ വ്യവസ്ത സഹകരണസംഘങ്ങളിലും നടപ്പിൽ വരുത്തണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കു തൻചിലവിന് അനുസരണമായി ഗ്രാൻറ് ഏർപ്പെടുത്തണം. സഹകരണ ബാങ്കുകൾ കൺകറണ്ട് ആഡിറ്റ് ചെയ്യുന്നതിന് ചുമത്തിയിരിക്കുന്ന ഭീമമായതുക കുറവുചെയ്യണം. സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നുതിന് സഹകാരികൾക്കും, ജീവനക്കാർക്കും പരിശീലനം ഏർപ്പെടുത്തണം.

സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പക്കുള്ള ഷെയറും വായ്പതുകയും തമ്മിലുള്ള അനുപാതം വർദ്ധിപ്പിക്കണം. ഗ്രാമത്തിൻെറ സമഗ്രവികസനത്തിന് നിലവിലുള്ള എല്ലാ സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമാക്കണം. പുതുതായി കാർഷികവിഭവങ്ങളുടെ സംഭരണവും വിതരണവും നടത്തുന്ന സംഘങ്ങൾ എല്ലാ വാർഡിലും ആരംഭിക്കണം. ക്ഷീരോല്പാദന സംഘങ്ങൾ എല്ലാ വാർഡിലും ആരംഭിക്കണം. പഞ്ചായത്തിൻെറ രണ്ടുപ്രദേശങ്ങളിൽ കരകൗശല സംഘങ്ങൾ ആരംഭിക്കണം. ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, പാൽകേടുകൂടാതെ സൂക്ഷിക്കുന്നതിനും സ്ഥാപനങ്ങൾ ആരംഭിക്കണം. റബർ അധിഷ്ടിത വ്യവസായ സഹകരണസംഘം ആരംഭിക്കണം. ലേബർ കോൺട്രാക്റ്റ് സഹകരണസംഘം, ഹൗസിങ്ങ് സഹകരണസംഘം, പത്തനംതിട്ട ഭൂവികസന സഹകരണ സംഘത്തിൻെറ ബ്രാഞ്ച് എന്നിവയും ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

5.11

പട്ടികജാതി - പട്ടികവർഗ ക്ഷേമം

ചെന്നീർക്കര പഞ്ചായത്തിലെ ജനജീവിതത്തെ സംപുഷ്ടമാക്കുന്ന കാർഷിക മേഖലയെ നിർണ്ണായകമായി സഹായിച്ചുവന്ന അടിസ്ഥാന വർഗമായി നിലനിന്നിരുന്നവരാണ് ഇവിടുത്തെ പട്ടികജാതി-പട്ടികവർഗജനവിഭാഗം. ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ 4265 കുടുംബങ്ങളിൽ 1190-ഉം പട്ടികജാതി-പട്ടികവർഗ ഭവനങ്ങളാണ്. ഇതിൽനിന്നും മൊത്തം ഭവനങ്ങളുടെ 27.9% വരുന്നു എന്ന് കണക്കാക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ 1185 പട്ടികജാതി കുടുംബങ്ങളാണ് താമസിക്കുന്നുണ്ട്. 5 പട്ടികവർഗ കുടുംബങ്ങളും ഈ പഞ്ചായത്തിൽ താമസിക്കുന്നു. ഇതിൽ 1100 കുടുംബങ്ങളാണ് പല കോളനികളിലായും ബാക്കിയുള്ളവർ ഒറ്റപ്പെട്ട സ്ഥലങ്ങളിലുമായിട്ടാണ് താമസിക്കുന്നത്. ഈ പഞ്ചായത്തിൽ 25 അംഗീകൃത കോളനികളും 5 അംഗീകാരമില്ലാത്തകോളനികളും ഉണ്ട്. പല പദ്ധതികളിൽ കൂടി സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള വീടുകൾക്കുപുറമെ സഹായത്തോടെ നിർമ്മിച്ച വീടുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്യുന്നവർ മുതൽ, മേസ്തിരി പണി, മെയ്ക്കാടുപണികാർ, റബ്ബർ ടാപ്പിംഗ് മുതലായ ജോലികളും ചെയ്യുന്നവരുണ്ട് ജീവിതനിലവാരത്തിൽ ചില്ലറ മാറ്റങ്ങളും വന്നിട്ടുണ്ടെന്നുള്ളത് ഒഴിച്ചാൽ കാര്യമായ പുരോഗതി പട്ടികജാതികളിൽ കാണുന്നില്ല. വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ നേരിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഇനിയും മെച്ചപ്പെട്ട എന്നുപറയാൻ നിവൃത്തിയില്ല. രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവ് ഇതിനൊരു കാരണമാകുന്നു. പട്ടികജാതികുട്ടികളോടുള്ള അദ്ധ്യാപകരുടെ പെരുമാറ്റവും ഇതിനുകാരണമാകുന്നുണ്ട്. എസ്. എസ്. എൽ. സി. വരെ പഠിച്ച് പഠിത്തം നിർത്തി കൂലിവേലക്കു പോകുന്ന ഹരിജൻ കുട്ടികളെ ഈ പഞ്ചായത്തിൽ ധാരാളം കാണാം. കൂലിപ്പണികൊണ്ടുലഭിക്കുന്ന വരുമാനം അവരെദുർമാർഗത്തിലേക്കു നയിക്കുന്നു. അറിവില്ലായ്മയാണ് ഇതിന്റെ കാരണം. അതിനാൽ പട്ടികജാതി-പട്ടികവർഗത്തിൽനിന്നും വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരുടെയും, ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിഞ്ഞുവന്നിട്ടുള്ളവരുടെയും സേവനം പ്രയോജനപ്പെടുത്തി ഹരിജൻ കുട്ടികളെ ബോധവൽക്കരിക്കേണ്ടതാണ്.

ഉപരിപഠനത്തിൽ നിൽക്കുന്ന കുട്ടികളെ വിളിച്ചുവരുത്തി പൊതുവേദികളിൽ അനുമോദിക്കുകയും പാരിതോഷികം നൽകുകയും ചെയ്താൽ മറ്റുകുട്ടികൾക്ക് അതൊരു പ്രോൽസാഹനമായിരിക്കും.

വിദ്യാഭ്യാസത്തിൽ ഉയർന്ന നിലവാരം പുലർത്താതെ പട്ടികജാതി-പട്ടികവർഗത്തിന്റെ പുരോഗതി സാദ്ധ്യമല്ല. ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. ഹോസ്റ്റലുകളിൽ ഹരിജൻ കുട്ടികളെ ശ്രദ്ധിക്കാൻ ഹരിജനങ്ങളിൽനിന്നും കഴിവുള്ളവരെ നിയമിക്കണം.

പട്ടികജാതി-പട്ടികവർഗ കുട്ടികളുടെ രക്ഷകർത്താക്കളെ മാസത്തിൽ ഒരിക്കൽ സ്കൂളുകളിൽ വരുത്തി കുട്ടികളുടെ വിദ്യാഭ്യാസ-സ്വഭാവ നിലവാരം ചർച്ച ചെയ്യണം. കോളേജുതലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും സൗജന്യ യാത്രയും അനുവദിക്കണം.

ഇപ്പോൾ നടത്തുന്ന സ്പെഷ്യൽ ട്യൂഷൻ മെച്ചപ്പെട്ട നിലയിൽ നടത്തണം.

പ്രശ്നങ്ങൾ

സർക്കാരിൽനിന്നും നിരവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും കാര്യമായ പുരോഗതി സാമൂഹ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കൈവരിക്കാൻ ഈ വിഭാഗത്തിൽപെട്ടവർക്കു കഴിഞ്ഞിട്ടില്ല. ജീവിതരീതിയിൽ അൽപമാറ്റം വന്നിട്ടുണ്ടെങ്കിലും മറ്റുവിഭാഗങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഈ വിഭാഗത്തിന്റെ സാമൂഹ്യനിലവാരം മോശം തന്നെയാണ്. സർക്കാരിൽനിന്നുള്ള ധനസഹായത്താൽ തീർത്തിട്ടുള്ള വീടുകൾതന്നെ പൂർണ്ണതയിൽ എത്തിക്കാൻ കഴിയാത്തവരുണ്ട്. വേണ്ടരീതിയിലുള്ള പ്ലാനിംഗ് ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

ഹരിജനങ്ങളുടെ താവളങ്ങൾ അധികവും മലമുകളിലും വഴിസൗകര്യമില്ലാത്തിടത്തും ആകുന്നു. അതുകൊണ്ടുതന്നെ കുടിവെള്ളം, വൈദ്യുതി, വഴി എന്നിവ ലഭിക്കുന്നില്ല. അടിയന്തിരമായി പട്ടികജാതി-പട്ടികവർഗ കോളനികളിലും, കോളനികൾ അല്ലാത്ത സ്ഥലങ്ങളിലും കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുകയും, വഴിയില്ലാത്തിടത്ത് വഴി ഉണ്ടാക്കുകയും, ഉള്ള വഴി സഞ്ചാരയോഗ്യമാക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്.

മിക്കവാറും കുടുംബങ്ങൾക്ക് 5 – സെന്റോ അതിൽ കുറവുസ്ഥലമോ മാത്രമാണ് കൈവശത്തിൽ ഉള്ളത്. ഒരു വ്യക്തി മരിച്ചാൽ മറവുചെയ്യാനുള്ള സ്ഥലംകാണുന്നില്ല. ആയതിനാൽ പഞ്ചായത്തിൽ അവിടവിടെയായി 4 പൊതുശ്മശാനങ്ങൾ അനുവദിച്ചു കൊടുക്കേണ്ടതാണ്. പട്ടികജാതി – പട്ടികവർഗ കുടുംബങ്ങളിലെ ആരോഗ്യസംവിധാനം മെച്ചപ്പെട്ടതല്ല. ആയതിനാൽ പകർച്ചവ്യാധികൾ പെട്ടെന്നു പിടിപെടുന്നു.

നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിൽസയും, പെൺകുട്ടികളുടെ വിവാഹത്തിനും വേണ്ടത്ര ധനസഹായം ലഭിക്കുന്നില്ല. ഐ. ആർ. ഡി. പി. പദ്ധതികളും മറ്റ് പദ്ധതികളുംമൂലമുള്ള പ്രയോജനം വേണ്ടരീതിയിൽ ലഭിക്കുന്നില്ല. പട്ടികജാതി-പട്ടികവർഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെകുറിച്ചുള്ള അറിവു വേണ്ടത്രയില്ല.

പാർപ്പിടം

പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 172 വീടുകൾ പുതിയതായി അനുവദിക്കുകയും 500 വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കുകയുംവേണം

വൈദ്യുതി

പഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത മേഖലകളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുകയും ഇല്ലാത്ത ഭവനങ്ങളിൽ വൈദ്യുതികണക്ഷൻ നൽകുകയുംവേണം.

റോഡുകൾ

ഒന്നാം വാർഡിൽ ഹരിജൻ കോളനിയിലും പമ്പുമല ചൂരവേലിക്കുറ്റി എന്നീ കോളനികളിലും ഉള്ള വഴികൾ ഗതാഗതയോഗ്യമാക്കണം.

രണ്ടാം വാർഡിൽ അമ്പലത്തുംപാട്ട് ഹരിജൻ സെറ്റിൽമെന്റ് കോളനിയിലുള്ള 500 മീറ്റർ റോഡ് മെറ്റൽ ചെയ്തു ടാറിടണം. നാരുംകാട്ടിൽ പടി മുണ്ടുചരമ്പേൽപടി റോഡ് മെറ്റൽ ചെയ്തു ടാറിടണം.

മൂന്നാം വാർഡിൽ കണ്ണംകര കോളനിയിൽ വഴിസൗകര്യം ഇല്ലാത്തിടത്ത് വഴി ഉണ്ടാക്കണം തൃക്കുന്നാമുരുപ്പേൽ ഹരിജൻ കോളനിയുടെ മദ്ധ്യഭാഗത്തുകൂടിയുള്ള റോഡിന്റെ പണി പൂർത്തീകരിക്കണം. നെടുംകുളത്തു കിഴക്കേക്കര മുള്ളൻകുഴി, കണ്ണൻകര ഈ മൂന്നു കോളനികളിലും വഴിസൗകര്യം ഉണ്ടാക്കണം.

നാലാം വാർഡിൽ പട്ടികജാതി കോളനികളുമായി ബന്ധപ്പെട്ട റോഡുകൾ ടാർ ചെയ്തു, വൈദ്യുതിലൈനുകൾ സ്ഥാപിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കണം.

5-ാം വാർഡിൽ പുങ്കാവിൽ പടിഞ്ഞാറെ കരയിലേക്ക് [കോളനിയിൽ] ഉള്ള വഴിയുടെ അറ്റകുറ്റപ്പണി തീർക്കണം.

6-ാം വാർഡിൽ മണ്ണിൽ വല്യമുറിപ്പടി-പനയ്ക്കൽ പന്നിക്കുഴി [ഏരുത്തിപ്പാട്ട് പട്ടികജാതി

കോളനി] റോഡ് പ്രത്യേക ഘടകപദ്ധതിയിൽ ചേർത്തു് ഗതാഗതയോഗ്യമാക്കണം.

6-ാം വാർഡിൽ പുലിതുരുത്തുഭാഗത്തു് വഴി സൗകര്യമില്ലാത്തിടത്തു് വഴി ഉണ്ടാക്കണം.

8-ാം വാർഡിൽ മരോട്ടുങ്കൽ മണ്ണുപടി റോഡു ഗതാഗതയോഗ്യമാക്കണം.

2) പാറപ്പാട്ട പാലത്തിക്കാകുഴിപടി റോഡു ഗതാഗതയോഗ്യമാക്കണം

3) മണ്ണിൽപടി ആതുപ്പാട്ട റോഡു് ഗതാഗതയോഗ്യമാക്കണം.

9-ാംവാർഡിൽ മുരുപ്പേൽപടി നാഗവരമുരുപ്പ് വഴി വാഴപ്പള്ളിക്കുഴിയിൽവഴി കടന്നു പോകുന്ന പട്ടികജാതി കോളനി റോഡു് സഞ്ചാരയോഗ്യമാക്കണം.

പാലം

മുടക്കേനിക്കൽ കോളനി വാസികളുടെ ആവശ്യത്തിനായി ഭൂതേത്തുപടിയിൽ ഒരു പാലം പണിയണം.

കുടിവെള്ളം

കുടിവെള്ളക്ഷാമം പരിഹരിക്കാൻ അടിയന്തിര ശ്രദ്ധ പതിയണം.

ഒന്നാം വാർഡിൽ എത്തരം ഹരിജൻ കോളനിയിൽ കിണർ കുഴിയ്ക്കുന്നതിനും കെട്ടുന്നതിനും സഹായം നൽകണം. കൂടംവെച്ചതിൽ കോളനിയിൽ 10 കിണറുകൾ അനുവദിക്കണം. മെഴുവേലി-ചെന്നീർക്കര വാട്ടർ സപ്ലൈ സ്കീമിൽ എത്തരം പടിക്കൽ, ആലുംകുറ്റി കൂടംവെച്ചതിൽ, കണ്ണങ്ങാട്ടിൽ എന്നിവിടങ്ങളിൽ ടാപ്പുകൾ ഫിറ്റുചെയ്യണം. പമ്പുമല ഭാഗത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കിണറുകൾ അനുവദിക്കണം. ഉള്ള കിണറുകൾ നന്നാക്കാനും തുക അനുവദിക്കണം. ചൂരവേലി കോളനിയിൽ കുടിവെള്ളം എത്താൻ വേണ്ടതു് ചെയ്യണം.

2-ാം വാർഡിൽ അമ്പലത്തുംപാട്ട് ഹരിജൻ സെറ്റിൽമെന്റ് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മുറിപ്പാറ-പന്നിക്കുഴി വാട്ടർലൈനിൽനിന്നും കോളനിയിലേക്കു പൈപ്പുകണക്ഷൻ നടത്തി കോളനിയുടെ വിവിധ ഭാഗങ്ങളിൽ 5 ടാപ്പുകൾ ഫിറ്റു ചെയ്തുകൊടുക്കണം.

3-ാം വാർഡിൽ കണ്ണംകര - അമ്മകണ്ടത്തിനാൽ ഭാഗത്തു് കുടിവെള്ളക്ഷാമം പരിഹരിക്കാൻ പൈപ്പുകണക്ഷൻ ഏർപ്പെടുത്തണം.

4-ാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കിണറുകൾ അനുവദിക്കണം.

9-ാം വാർഡിൽ അരീക്കൽപടി ഭാഗത്തേക്കു പോകുന്ന വാട്ടർ ലൈനിൽ വാഴപ്പള്ളിക്കുഴി കോളനിഭാഗത്തുകൂടി വെള്ളം ലഭിക്കാൻ വാൽവു ഫിറ്റു ചെയ്തു് വെള്ളം ക്രമീകരിച്ചുകൊടുക്കണം.

നാഗവര സെറ്റിൽമെന്റു കോളനി വൈദ്യുതീകരിക്കണം.

പൊതുജനാരോഗ്യം

2-ാംവാർഡിൽ അമ്പലത്തുംപാട്ട് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പി. എച്ച്. സെൻറിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് ശുചീകരണ ഔഷധങ്ങൾ വിതരണംചെയ്യണം.

പഞ്ചായത്തിലെ സർക്കാർ ആശുപത്രിയായ നല്ലാനിക്കുന്നിൽ രോഗികളെ കിടത്തിചികിത്സിക്കാൻ വേണ്ട സൗകര്യം ഉണ്ടാക്കുകയും കൂടുതൽ ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫിനെയും നിയമിക്കുകയും ചെയ്യണം.

മഞ്ഞനിക്കര തീർത്ഥാടന കേന്ദ്രമായതിനാൽ അവിടെയുള്ള പി. എച്ച്. സെൻറർ വിപുലീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭിക്കാൻ വേണ്ടതു ചെയ്യണം. മറ്റു പി. എച്ച്. സെൻറുകളുടെ പ്രവർത്തനവും വിപുലീകരിക്കണം.

കക്കൂസ്

പഞ്ചായത്തിൽ 1 മുതൽ 10 വരെ വാർഡുകളിലായി 717 കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല. ആയതിനാൽ 717 കക്കൂസുകൾ പഞ്ചായത്തിൽ അനുവദിക്കണം. വാർഡുതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

വാർഡ്	വേണ്ടകക്കൂസിന്റെ എണ്ണം
1	55
2	25
3	122
4	50
5	60
6	100
7	200
8	40
9	25
10	50
	ആകെ 727

മണ്ണുസംരക്ഷണം

പഞ്ചായത്തിലെ 1 മുതൽ 10 വരെ വാർഡുകളിലുള്ള പട്ടികജാതി കുടുംബങ്ങളുടെ വസ്തുക്കൾ അതിരുകയ്യാലകളില്ലാതെ കാലാകാലങ്ങളായി നശിച്ചുകൊണ്ടിരിക്കുന്നു. സ്വന്തമായി പണം മുടക്കി അതിരുകയ്യാലകൾ ഉണ്ടാക്കാൻ നിവൃത്തിയില്ലത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ആയതിനാൽ മുഴുവൻ പട്ടികജാതി കുടുംബങ്ങളിലുള്ള വസ്തുക്കൾ അതിരുകയ്യാലകൾ കെട്ടികൊടുക്കണം. ലക്ഷംവീട് കോളനികളിലെ വസ്തുക്കൾ അതിരു കയ്യാലകൾ തീർത്തുകൊടുക്കണം.

സഹകരണരംഗം

പഞ്ചായത്തിൽ പ്രക്കാനം കേന്ദ്രമാക്കി ഒരു ഹരിജൻ സഹകരണസംഘം സ്ഥാപിക്കണം.

പെൻഷൻ

വിവിധ രീതികളിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം പട്ടികജാതി വിഭാഗത്തിന് ഇപ്പോൾ ലഭ്യമല്ല. കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ യഥാസമയം അർഹതപ്പെട്ടവർക്ക് ലഭിക്കാനുള്ള നടപടിസ്വീകരിക്കണം.

ഉച്ചഭക്ഷണം

സ്കൂളുകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഉച്ചഭക്ഷണപദ്ധതി കൂടുതലും പട്ടികജാതി കുട്ടികളാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആയത് മെച്ചപ്പെട്ട രീതിയിൽ കൊടുക്കുവാൻ പഞ്ചായത്ത് ഇടപെടണം.

തൊഴിലവസരം

സംസ്ഥാന സർവ്വീസിൽ ഇപ്പോൾ ഒഴിവുള്ള സ്ഥാനങ്ങൾ പൂർണ്ണമായും നികത്തിയാൽ അർഹതപ്പെട്ട പട്ടിജാതി കുട്ടികൾക്ക് തൊഴിൽകിട്ടാൻ സാധ്യത ഉള്ളതുകൊണ്ട് മൊത്തം ഒഴിവുകളിലേക്കും നിയമനംനടത്തേണ്ടതാണ്.

പ്രൈവറ്റു മേഖലകളിൽ (സ്കൂൾ, ഫാക്ടറി കൾ) സംവരണ തത്വത്തിൽ പട്ടികജാതിക്കാരെക്കൂടി നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ചെറിശയില്ലാത്ത വായ്പകൾ നൽകുക. ചെറുകിട വ്യവസായം, കുടിൽ വ്യവസായം, ഓട്ടോറിക്ഷാ മുതലായവ പട്ടികജാതിക്കാർക്കു നൽകുക. സഹകരണസംഘങ്ങളിലെ ആഫീസ് സ്റ്റാഫിൽ പട്ടികജാതിക്കാരെ നിയമിക്കുക.

സാമൂഹിക സാംസ്ക്കാരിക രംഗം

ഹരിജൻ കോളനികളിൽ ബോധവൽക്കരണത്തിനായി റേഡിയോ കിയോസ്കുകൾ സ്ഥാപിക്കുക പോസ്റ്റൽ സൗകര്യമില്ലാത്തിടത്ത് ലെറ്റർ ബോക്സുകൾ സ്ഥാപിക്കുക. കോളനികളിൽ അംഗനവാടികൾ സ്ഥാപിക്കുക. 2-ാംവാർഡിൽ അമ്പലത്തുംപോട്ട് ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കണം. നിർത്തിവച്ചിട്ടുള്ള പത്തനംതിട്ട-ഓമല്ലൂർ-മഞ്ഞനിക്കര-ചെന്നീർക്കര മൈ. റേ. മൈ.-പന്തളം വഴിയുള്ള ഫാസ്റ്റ് പാസഞ്ചർ സർവ്വീസും, പത്തനംതിട്ട-ഓമല്ലൂർ-മഞ്ഞനിക്കര-ചെന്നീർക്കര മൈ. റേ. മൈ.-പന്തളം വഴിയുള്ള പെരുമ്പാവൂർ ഫാസ്റ്റ് പാസഞ്ചർ സർവീസും പുനരാരംഭിക്കുക. കോളനികളിൽ സൗകര്യമുള്ളിടത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക. അതോടനുബന്ധിച്ച് വായനശാലകൾ സ്ഥാപിക്കുക. കലാ - സാംസ്ക്കാരിക ക്ലബുകൾ രൂപീകരിക്കുക. അവർക്ക് സംഗീതോപകരണങ്ങൾ സൗജന്യമായി നൽകുക. പഞ്ചായത്തിൽ കളിസ്ഥലങ്ങൾ സ്ഥാപിച്ച് കളികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക.

5.12

ടൂറിസം


ടൂറിസവികസന സാദ്ധ്യത വളരെയേറെയുള്ള പഞ്ചായത്തിലെ രണ്ട് സ്ഥാപനങ്ങളാണ് മഞ്ഞിനിക്കര ദയറായും തുമ്പമൺ ശ്രീവടക്കുംനാഥ ക്ഷേത്രവും. പിൽഗ്രിം ടൂറിസവികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഈ രണ്ടു സ്ഥാപനങ്ങളുടെ ലഘുവിവരണം താഴെചേർക്കുന്നു.

1 മഞ്ഞിനിക്കര മാർ ഇഗ്നാത്യോസ് ദയറായും കബറിടവും.

കേരളത്തിലെ പ്രസിദ്ധമായ ഒരു തീർത്ഥാടനകേന്ദ്രമായ മഞ്ഞിനിക്കര സ്ഥിതി ചെയ്യുന്നത് ചെന്നീർക്കര പഞ്ചായത്തിലെ അഞ്ചാം വാർഡിലാണ്. പത്തനംതിട്ട ടൗണിൽനിന്നും 6 കിലോമീറ്റർ പടിഞ്ഞാറുമാറി ഓമല്ലൂർ-ഇലവുംതിട്ട റോഡിലാണ് മഞ്ഞിനിക്കര ദയറായും പരിശുദ്ധ ഏലിയാസ്ത്രതീയൻ പാത്രിയർക്കീസ് ബാവായുടെ കബറിടവും.

മലങ്കര യാക്കോബായ ക്രൈസ്തവരുടെ പ്രധാനപ്പെട്ട ഈ തീർത്ഥാടനകേന്ദ്രം ജാതിമതഭേദമന്യേ ആയിരക്കണക്കിന് ഭക്തൻമാരെ ആകർഷിക്കുന്ന ഒരു സ്ഥലമാണ്. മലങ്കര സുറിയാനി സഭാംഗങ്ങളിൽ സൗഹാർദ്ദം സ്ഥാപിക്കാൻ എഴുന്നള്ളിയ അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസായിരുന്ന മോറാൻ മാർ ഇഗ്നാത്യോസ് ഏലിയാസ് പാത്രിയർക്കീസ് ത്രിതീയൻബാവ 1931-ൽ മലങ്കരയിൽ എത്തി. ഇൻഡ്യയുടെ വിവിധഭാഗങ്ങളും സന്ദർശിച്ച് 1932 ഫെബ്രുവരി 11-ാംതീയതിമഞ്ഞിനിക്കരമാർസ്തേഫാനോസ് പള്ളിയിൽ എത്തുകയും അവിടെവച്ച് ആകസ്മികമായി 13-ാം തീയതി കബറടങ്ങുകയുംചെയ്തു. ഈ പരിശുദ്ധന്റെ തിരുശേഷിപ്പ് മഞ്ഞിനിക്കര മാർ ഇഗ്നാത്യോസ് ദയറായിൽ കബറടക്കിയിരിക്കുന്നു. മദ്ധ്യപൗരസ്ത്യ ദേശത്തിനപ്പുറത്ത് സ്ഥിതിചെയ്യുന്ന ഏകപാത്രീയർക്കാ കബറിടമാണ് ഇത്.

എല്ലാ വർഷവും ഫെബ്രുവരിമാസത്തിൽ വിപുലമായ പരിപാടികളോടെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഓർമ്മപ്പെരുന്നാൾ കൊണ്ടാടാറുണ്ട്. വിശുദ്ധ കബറിൽനിന്നും അനുഗ്രഹം പ്രാപിപ്പാനായി വ്രതം എടുത്ത് പ്രാർത്ഥനയോടെ ഇൻന്ത്യയുടെ പ്രത്യേകിച്ച് കേരളത്തിന്റെ വടക്കൻ ജില്ലകളിൽനിന്ന് നടന്നുനീങ്ങുന്ന ഭക്തൻമാരുടെ സംഘങ്ങൾ മൈലുകൾ താണ്ടി മഞ്ഞിനിക്കരയിൽ എത്തുമ്പോൾ ജാതിമത ഭേദമന്യേ നാട്ടുകാർ ഭക്ഷണപൊതികളും ദാഹജലവും നൽകി സ്വീകരിക്കുകപതിവാണ്. ലക്ഷക്കണക്കിന് ഭക്തജനങ്ങൾ "മഞ്ഞിനിക്കരയുടെ അധിപതിയേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ" എന്ന അപേക്ഷയോടെ മഞ്ഞിനിക്കര സിംഹാസനപ്പള്ളി (ദയറ) യിലെ മൂന്നിന്മേൽ കുർബ്ബാന കൈക്കൊണ്ട് കബറിങ്കൽ പ്രാർത്ഥിച്ച് യാത്രയാകുന്നു. വർഷത്തിന്റെ എല്ലാ ദിവസങ്ങളിലും ധാരാളം ഭക്തജനങ്ങൾ ഈ കബറിടം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കാറുണ്ട്. ലോകപ്രസിദ്ധരായ ആത്മീക നേതാക്കൻമാർ ഈ സ്ഥലം സന്ദർശിക്കാറുണ്ട്.



ചിത്രം 1

മാർ ഇഗ്നാത്യോസ് ദയറാപള്ളി

പെരുനാളുകൾക്ക് മൂന്നുലക്ഷത്തിലധികം ജനങ്ങൾ വന്നുചേരാറുണ്ട്. പിൽഗ്രീം ട്യൂറിസ കേന്ദ്രമായ മഞ്ഞനിക്കരയുടെ വികസനത്തിന് സർക്കാർ ചുരുങ്ങിയ ആനുകൂല്യങ്ങളെ നൽകിയിട്ടുള്ളൂ. താഴെപ്പറയുന്നവയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

1 കേന്ദ്രഗവൺമെൻറ് പിൽഗ്രീം ടൂറിസത്തിനായി അനുവദിയ്ക്കുന്ന തുകയിൽനിന്നും മഞ്ഞിനിക്കര തീർത്ഥാടകരുടെസൗകര്യത്തിനായി പ്രത്യേക പദ്ധതിയും തുകയും അനുവദിക്കണം.


2 മഞ്ഞിനിക്കരയിൽ ''യാത്രീ നിവാസ്'' പണിയുന്നതിനായി ഒരേക്കർ സ്ഥലം വാങ്ങിയിട്ടുള്ളതിനാൽ അതുടനേ പണിയുന്നതിന് പദ്ധതികൾ ഉണ്ടാക്കണം.

3 യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ പത്തനംതിട്ട – മഞ്ഞിനിക്കര – മുറിപ്പാറ വഴി പന്തളത്തിനും, ഇലവുംതിട്ടവഴി ചെങ്ങന്നൂരിനും സ്ഥിരം ഷട്ടിൽ ബസുകളും തിരുവനന്തപുരം കോട്ടയം എറണാകുളം എന്നീ സ്ഥലങ്ങളിലേക്ക് ദീർഘദൂര ബസുകളും അനുവദിക്കണം.

4 മഞ്ഞിനിക്കര തീർത്ഥാടന കേന്ദ്രത്തെക്കുറിച്ചുള്ള വിവരണങ്ങളും പടങ്ങളും കേരള കേന്ദ്ര ടൂറിസ ഭൂപടത്തിൽ ഉൾപ്പെടുത്തണം.

5 മഞ്ഞിനിക്കരയിലെ തിരക്കൊഴിവാക്കാൻ പുതിയ വഴികളും പാർക്കിംഗ് സൗകര്യങ്ങളും ഉണ്ടാക്കണം.

6 തീർത്ഥാടകരുടെ സൗകര്യാർത്ഥം കക്കൂസുകൾ, കുളിമുറികൾ, താമസസൗകര്യങ്ങൾ കേഷ്ണം എന്നിവയ്ക്കായി പ്രത്യേകപദ്ധതികൾ ആവിഷ്ക്കരിക്കണം.



ചിത്രം 2


പരിശുദ്ധ ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവയുടെ കബറിടം

തുമ്പമൺ ശ്രീവടക്കുംനാഥക്ഷേത്രം

ചെന്നീർക്കര പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ കോണിൽ ഓമല്ലൂർ - കുളനട റോഡിൽ ഓമല്ലൂരിനും കുളനടയ്ക്കും മദ്ധ്യേ 6-ാം കിലോമീറ്ററിൽ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന പുരാതനവും പ്രശസ്തവുമായ ഒരു ക്ഷേത്രമാണ് തുമ്പമൺ ശ്രീ വടക്കുംനാഥക്ഷേത്രം. ചെന്നീർക്കര സ്വരൂപം എന്ന രാജവംശം കൊടുമൺ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നതായും അവരാൽ പണികഴിപ്പിച്ചതാണീക്ഷേത്രം എന്നും പറയപ്പെടുന്നു. അനശ്വര സംസ്കൃതനാടകമായ ആശ്ചര്യചൂഡാമണിയുടെ കർത്താവായ മഹാകവി ശക്തിഭദ്രൻ ഈ രാജവംശത്തിലെ പ്രതിഭാശാലിയായിരുന്നു. അച്ചൻകോവിലാറിന്റെ തീരത്തുള്ള ഈ ക്ഷേത്രം തൃശൂർ വടക്കുംനാഥക്ഷേത്രമല്ലാതെ കേരളത്തിലുള്ള ഏക വടക്കുംനാഥക്ഷേത്രമാണിത്. തിരുവതാംകൂറിലെ രണ്ടാം സ്ഥാനത്ത് പ്രശോഭിച്ചിരുന്ന ഒരു കാലഘട്ടവും ഇതിനുണ്ട്.

രണ്ട് ശ്രീകോവിലുള്ള അപൂർവ്വ ക്ഷേത്രങ്ങളിലൊന്നാണിത്. സുബ്രമണ്യന്റെ പ്രതിഷ്ഠയാണ് രണ്ട് കോവിലിലും ഉള്ളതെന്ന് വിശ്വസിക്കുന്നു. ഉപപ്രതിഷ്ഠകളും പഞ്ചലോഹവിഗ്രഹങ്ങളും ധാരാളം ഉള്ള ഈ ക്ഷേത്രത്തിൽ നൂറ്റാണ്ടുകളായി നടക്കുന്ന ശാന്തിപൂജ ഒരിയ്ക്കലും മുടങ്ങിയിട്ടില്ല. രണ്ടുകോവിലുകളുടെയും വാസ്തുശില്പഭംഗിയും വർണ്ണച്ചുവർചിത്രങ്ങളുമാണ് ഈ ക്ഷേത്രത്തെ അത്യാകർഷകമാക്കുന്നത്. കൈലാസത്തിലെ ഉത്സവം, ശ്രീരാമപട്ടാഭിഷേകം, ഗോപസ്ത്രീകളുടെ വസ്ത്രാപഹരണം, ശ്രീരാമഭക്തഹനുമാൻ തുടങ്ങിയ പുരാണഇതിഹാസങ്ങളിലെസുപ്രധാനമുഹൂർത്തങ്ങളും ആലേഖനം ചെയ്തിരിക്കുന്ന ദാരു ശില്പങ്ങളും മനോഹരങ്ങളാണ്. തെക്കേ ശ്രീകോവിലിന്റെ പുറംഭിത്തിയിൽ പച്ചിലച്ചാറും നിറമുള്ള കല്ലും കരിക്കട്ട ഇവയുടെ മിശ്രിതത്താൽ വരച്ചിട്ടുള്ള ചുവർചിത്രങ്ങളും അനേകം സഞ്ചാരികളെയും കലാകാരന്മാരെയും ആകർഷിച്ചിട്ടുണ്ട്. മാർത്താണ്ഡപുരംകൊട്ടാരത്തിലേയും കൃഷ്ണപുരംകൊട്ടാരത്തിലേയും ചുവർചിത്രങ്ങളും മുറിയ്ക്കുള്ളിലായിട്ടുപോലും മങ്ങിമാഞ്ഞു തുടങ്ങിയപ്പോഴും നൂറ്റാണ്ടുകളായി നിലനില്ക്കുന്ന ഈ പുരാതന വർണ്ണച്ചുവർചിത്രങ്ങളും വെയിലും മഴയുമേറ്റ് നിറവ്യത്യാസമില്ലാതെ ഇന്നും ചാരുതയോടെ പ്രശോഭിക്കുന്നു. ഈ ചിത്രങ്ങളും പരിരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പുരാവസ്തുവകുപ്പിന്റെ ചുമതലയുമാണ്.

തച്ചുശാസ്ത്രത്തിലെ പുരാതന മികവുകളും ദർശിയ്ക്കാവുന്ന ഒരു സ്ഥലംകൂടിയാണിത്. ചുറ്റമ്പലത്തിനു പുറത്തുള്ള പിരിവള, കവിത തുളുമ്പുന്ന മണ്ഡപത്തിലെ കൊത്തുപണികളും, കേരള വാസ്തുശില്പ ഭംഗിവിളിച്ചോതുന്ന മനോഹര ഗോപുരം എന്നിവ ആകർഷകമാണ്. നാലമ്പലത്തിനു ചുറ്റുമുള്ള തറ ഏഴുനിരയിൽ ഭംഗിയായി കരിങ്കല്ലിൽ പണിതിരിയ്ക്കുന്നു. മനോഹരമായ രണ്ട് വട്ട ശ്രീകോവിലുകളും ചെമ്പു



ചിത്രം 3

തുമ്പമൺ ശ്രീവടക്കുംനാഥൻ ക്ഷേത്രം

പാളികളും കൊണ്ടാണ് മേഞ്ഞിരിക്കുന്നത്. വിശാലമായ സദ്യാലയം, തിരുമുറ്റത്തു കാണിക്കവഞ്ചി കരിങ്കൽപാകിയ മുറ്റവും ഈ ക്ഷേത്രത്തെ മഹാക്ഷേത്രങ്ങളുടെ ഗണത്തിൽപ്പെടുത്തുന്നു.



ചിത്രം 4

കൽക്കിഅവതാരം


തുമ്പമൺ താഴം, മുട്ടത്തുകോണം, ചെന്നീർക്കര, തുമ്പമൺ ഏറം, എന്നീ നാലുകരകളും വടക്കും. നരിയാപുരം, മാമ്പിലാലി, നടുവേലിമുറി, മുട്ടം, എന്നീ നാലുകരകളും തെക്കും. അച്ചൻകോവിലാറിന്റെ എട്ടുകരകളെ ബന്ധിപ്പിക്കുകയും പ്രതിനിധാനം ചെയ്യുകയും ചെയ്യുന്ന ഈ ക്ഷേത്രം ഇരുകരകളിലെയും ജനങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. അമ്പലക്കടവിലും ആറ്റുതീരത്തുമായി ഉത്സവദിവസമുള്ള കെട്ടുകാഴ്ചകളും നയനമനോഹരമാണ്. ഭക്തജനങ്ങളുടെ തിരക്കും വർഷകാലത്ത് വെള്ളം ഉയർന്നുകഴിഞ്ഞാൽ ആറിന് അക്കരെ ഇക്കരെ പോകാനുള്ള ബുദ്ധിമുട്ടും ധാരാളമുണ്ട്.

സാദ്ധ്യതകൾ

1 തുമ്പമൺകരയെ തമ്മിൽ ബന്ധിപ്പിയ്ക്കാൻ ഉദ്ദേശിച്ചുള്ള 'തുമ്പമൺ–അമ്പലക്കടവ്പാലം' ഭരണാനുമതിയും ടെക്നിക്കൽ അനുമതിയും ലഭിച്ച് സ്പെഷ്യൽ ഉത്തരവിനായി കാത്തുകെട്ടികിടക്കുകയാണ്. റോഡിന്റെ സ്ഥലമെടുപ്പ് നടപടികളും പാലം പണിയുവാൻ പണവും അടിയന്തിരമായിനൽകി ഗവൺമെന്റ് ഈ പാലം പൂർത്തിയാക്കേണ്ടതുണ്ട്. ഈ പാലംമൂലം പന്തളം–അടൂർ എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള ദൂരം 10 കിലോമീറ്റർ കുറഞ്ഞുകിട്ടും.

2 പിൽഗ്രിം ടൂറിസത്തിന്റെ വകുപ്പിൽ നിന്ന് വടക്കൻനാഥക്ഷേത്രം ബന്ധിപ്പിച്ചുള്ള വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിയ്ക്കണം.

3 കേരളാ പുരാവസ്തു വകുപ്പ് ഈ ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങളും വാസ്തുശില്പങ്ങളും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കണം.



ചിത്രം 5

ശ്രീരാമപട്ടാഭിഷേകം

(ദാരുശില്പം)

4 കേരള ടൂറിസം ഭൂപടത്തിൽ രുന്നമൺ ശ്രീവടക്കുംനാഥക്ഷേത്രം ഉൾപെടുത്തണം.

5 തൃശൂർ വടക്കുംനാഥക്ഷേത്രവും തുമ്പമൺ ശ്രീവടക്കുംനാഥക്ഷേത്രവും തമ്മിൽ ബന്ധിപ്പിക്കാൻ ബസ് സർവ്വീസ് ആരംഭിക്കണം.

6 ശബരിമലതീർത്ഥാടകർ ധാരാളം ഈ ക്ഷേത്രം സന്ദർശിക്കാറുള്ളതിനാൽ പന്തളം – കുളനട ഓമല്ലൂർ – പത്തനംതിട്ട റൂട്ടിൽ ബസ് സർവ്വീസുകൾ ആരംഭിയ്ക്കണം.

7 ശബരിമല റോഡ് വികസനത്തിന്റെ ഭാഗമായി കുളനട ഓമല്ലൂർ റോഡ് വീതികൂട്ടി വികസിപ്പിയ്ക്കണം.





5. 13

വിഭവ സമാഹരണം.

സമാഹരിക്കുതക്ക വിഭവങ്ങളുടെ പരിമിതി ഈ പഞ്ചായത്തിന്റെ വികസനത്തെ എന്നും കാര്യമായി ബാധിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ പഞ്ചായത്തിന്റെ ഭരണനേതൃത്വം വഹിച്ചിരുന്ന പ്രസിഡന്റുമാരും, മെമ്പർമാരുടേയും ശ്രമഫലമായി ലഭിച്ച സ്ഥലങ്ങളിലാണ് പഞ്ചായത്തിലെ നെല്ലാനിക്കുന്ന് (ചെന്നീർക്കര) പ്രൈമറി ഹെൽത്ത് സെന്റർ, നെല്ലാനിക്കുന്ന് മൃഗാശുപത്രി എന്നിവ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഈ പഞ്ചായത്തിലെ (തുമ്പമൺ നോർത്ത്) ഗവ: യൂ. പി. സ്ക്കൂൾ. ഹൈസ്ക്കൂളാക്കി ഉയർത്തിയപ്പോൾ ആവശ്യമായ സ്ഥലവും, പ്രാരംഭ കെട്ടിടവും പ്രസ്തുത സ്ക്കൂൾ, പി. റ്റി. എ. യുടെ വകയായി നാട്ടുകാർ സമ്മാദിച്ചു നൽകിയതാണ്.

പഞ്ചായത്തിന്റെ സ്ഥാവര സ്വത്തുക്കളും സംബന്ധമായ വിവരണവും കാലഘട്ടവും വിവരിക്കുന്ന പട്ടിക.

ക്രമ നമ്പർ	വിവരം	വിസ്തീർണ്ണം	കാലഘട്ടം (പഞ്ചായത്ത് ഭരണസമിതി)
1	പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം	പത്തുസെന്റ് (10 സെന്റ്)	1963—1979
2	അമ്പലത്തുംപാട്ട് പബ്ലിക് മാർക്കറ്റ്. (പൊതുസ്ഥലം)	ആറര സെന്റ്. (6½ സെന്റ്)	1963—1979
3	ഊന്നുകൽ പബ്ലിക് മാർക്കറ്റ്	ഇരുപത്തിയഞ്ച് സെന്റ് (25 സെന്റ്)	1979—1984
4	ശിശുവിഹാർ (പുല്ലാമല. വാർഡ് 7)	മുപ്പതു സെന്റ്. (30 സെന്റ്)	1988—1995
5	മിനി സ്റ്റേഡിയം പ്രക്കാനം	അറുപത്തിയാറു സെന്റ് (66 സെന്റ്)	1988—1995
6	സാംസ്ക്കാരിക നിലയം മുട്ടു കുടുക്ക	നാല് സെന്റ് (4 സെന്റ്)	1988—1995
7	പബ്ലിക്ക് മാർക്കറ്റ് പ്രക്കാനം	മുപ്പത്തിനാല് സെന്റ് (34 സെന്റ്)	1988—1995

പഞ്ചായത്തിന്റെ ഇപ്പോഴത്തെ തനതു വരുമാന വിവരങ്ങൾ.

1.	കെട്ടിട നികുതി	378567__50
2.	തൊഴിൽ നികുതി	97990__00
3.	പന്തയും മറ്റ് ലേലങ്ങളും	42070__00
4.	ലൈസൻസ് ഫീസ്	6675__00
5.	വസ്തുകൈമാറ്റ നികുതികൾ	125062__00
6,	സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റ് വരവുകൾ	316614__00
7.	ഡിപ്പോസിറ്റുകൾ	1770__00
	ആകെ.	968748__50

വിവിധ ഗ്രാന്റ് ഇനങ്ങളിലായി 967663. രൂപയും ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ.

	വകുപ്പ്	തുക.
1.	മൃഗസംരക്ഷണം	1000
2.	ആരോഗ്യം	38590
3.	കൃഷി	91625
4.	പി. ഡബ്ല്യൂ. ഡി. (P. W D)	35770
5.	ഹരിജനക്ഷേമം	6000
6.	മറ്റുള്ളവ	950
	ആകെ.	173935

പഞ്ചായത്തിന്റെ വരുമാനത്തിന്റെ 50.25% ഭരണ ചെലവായി വിനിയോഗിയ്ക്കുന്നു.

വീട്ടുകരം.

നിലവിലുള്ള വീട്ടുകരം ഇട്ടതിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ അപാകതകൾ പരിഹരിക്കേണ്ടതാണ്. വീട്ടുകരമാണ് മുഖ്യവരുമാനം. വീട്ടുകരം പിരിയ്ക്കുന്നതിനുള്ള സത്വരനടപടി പഞ്ചായത്ത് എടുക്കേണ്ടതാണ്. പഞ്ചായത്ത് ആഫീസുമായി ബന്ധപ്പെടുന്നതിന് വാഹനസൗകര്യമില്ലാത്തതിനാൽ എല്ലാ വാർഡിലും കുറഞ്ഞത് മൂന്നു സ്ഥാനത്തെങ്കിലും നോട്ടീസ് നൽകി കരം പിരിയ്ക്കാനുള്ള സംവിധാനം വർഷം രണ്ടു തവണയെങ്കിലും ചെയ്യേണ്ടതാണ്.

2. തൊഴിൽക്കരം

കാർഷിക മേഖലയിൽ നിന്നും തൊഴിൽ കരം പിരിയ്ക്കാവുന്നതാണ്. റബ്ബർ ആദായം ഉള്ള മരങ്ങൾക്ക് 50 Ps. നിരക്കിൽ ഒരു തൊഴിൽ കരം ഈടാക്കാവുന്നതാണ്. തൊഴിൽ ചെയ്യുന്ന എല്ലാ തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

3. മണൽ ലേലം

പഞ്ചായത്തിൽ നിന്നും 2_ാം വാർഡിൽ മുറിപ്പാറക്കടവും 4_ാം വാർഡിൽ വെലയിനിക്കൻ കടവും ലേലത്തിൽ നൽകിയിരുന്നു. 95_96 വർഷം ലഭിച്ച പണത്തിലുപരി പരിസ്ഥിതി പ്രശ്നങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഇവയുണ്ടാക്കി. അച്ചൻ കോവിലാറിലെ മണൽ മുഴുവനും വാരി ആറ്റിൽ ചളളയും പാറയുമായി ശേഷിച്ചു, ആറിന്റെ തിട്ടകൾ മുഴുവനും ഇടിഞ്ഞു. അച്ചൻ കോവിലാറ്റിലെ വെള്ളത്തിന്റെ ലെവലിൽ വെള്ളമുണ്ടായിരുന്ന സമീപ പ്രദേശങ്ങളിലെ കിണറുകൾ മുഴുവൻ വറ്റി. കുടിവെള്ളപ്രശ്നം രൂക്ഷമായി. മുറിപ്പാറക്കടവിൽ അളുകൾക്ക് ആറുകടന്ന് നടന്നു പോകാമായിരുന്നത് ഇന്ന് അസാദ്ധ്യമായി. മണൽ വാരൽ തടഞ്ഞപ്പോൾ പലരും മണൽ മോഷ്ടിക്കുക സാധാരണമാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. ആറിന്റെ തിട്ടകെട്ടാൻ മേജർ ഇറിഗേഷന് ശുപാർശ ചെയ്യണം.

2. മണൽ വാരുന്നത് ആറിന്റെ നടുക്കു നിന്നും മാത്രമാണെന്ന് ഉറപ്പു വരുത്തുക.

3. മണലിന്റെ വില പഞ്ചായത്ത് നിശ്ചയിച്ചിട്ട് ലേലം നടത്തണം. അമിതമായ വില ഈടാക്കുന്നത് ഇതുമൂലം തടയാം.

4. തടയണകൾ തീർത്ത് ജലവിതാനം ഉയർത്തണം.

4. ലൈസൻസുകൾ

വ്യവസായത്തിനും കച്ചവടത്തിനും പുതിയ ലൈസൻസുകൾ നൽകാൻ പഞ്ചായത്തിൽ താമസമുണ്ടെന്ന പരാതി നിലവിലുണ്ട്. ലൈസൻസുകൾ വേഗം നൽകുകയും ആയതിന് പുതുക്കിയ നിരക്കുകൾ നടപ്പിലാക്കുകയും വേണം.

5. വളർത്തുനായ്ക്കളെ കുത്തിവയ്ക്കുന്നതിന് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് എല്ലാവാർഡിലും 4 ക്യാമ്പുകളും വയ്ക്കുകയും എല്ലാ വളർത്തുനായ്ക്കളേയും കുത്തിവയ്പ്പിയ്ക്കുകയും ആയതിന് 10 രൂപാ വാർഷിക ലൈസൻസ് ഫീസ് ഈടാക്കുകയും ലൈസൻസ് ഉടനെ ലഭിയ്ക്കുന്നതിനുള്ള നടപടിയുണ്ടാവുകയും വേണം. ലൈസൻസില്ലാത്ത നായ്ക്കളെ വളർത്തുന്നത് നിരോധിയ്ക്കുകയും ശിക്ഷാർഹവും ആക്കണം,

6. പഞ്ചായത്തിലെ തൊഴിലില്ലായ്മാ വേതനം വാങ്ങുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കണം, അവർക്ക് പഞ്ചായത്തിലെ റോഡുകളുടെ ചുമതല നൽകണം. വലിയ കുഴികളും, അപകടം ഉണ്ടാക്കാവുന്ന സ്ഥലങ്ങളും, ഓടകളും തുടങ്ങിയവ ഇവരുടെ മേൽനോട്ടത്തിൽ ഉടൻതന്നെ ശരിയാക്കേണ്ടതാണ്.

7. പാടങ്ങളിൽ നിലവിലുള്ള തോടുകളും കൈവശപ്പെടുത്തിയിരിയ്ക്കുന്നവർ പൊതു ഉപയോഗത്തിന് അവ വിട്ടുകൊടുക്കുന്നില്ലായെങ്കിൽ കൈവശമിരിയ്ക്കുന്ന ഓരോ സെൻറിനും 5000 രൂപാ വീതം പിഴ പഞ്ചായത്തിലേയ്ക്ക് ഈടാക്കേണ്ടതാണ്.

8. 5 ലക്ഷം രൂപയിൽ കവിഞ്ഞ നിർമ്മാണ ചെലവുള്ള കെട്ടിട ഉടമസ്ഥരിൽ നിന്നും നികുതിയും ലൈബ്രറി സൈഡിനും പുറമേ സർചാർജ് ഈടാക്കാവുന്നതാണ്.

9. ഇന്ദിരാ വികാസ് പത്രയിൽ നിക്ഷേപിയ്ക്കുന്ന 20% പഞ്ചായത്തിന്റെ ലഭിയ്ക്കും എന്നതിനാൽ പഞ്ചായത്തിൽ നിന്നും പരമാവധി തുക ഈ പദ്ധതിയിൽ നിക്ഷേപിക്കാനാവശ്യമായ പ്രവർത്തനം നടത്തുക.

10. മനുഷ്യാധ്വാനം സൗജന്യമായി സമാഹരിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കണം. ക്ലബുകൾ, സ്കൂൾ വിദ്യാർത്ഥികൾ, ചാരിറ്റബിൾ സംഘങ്ങൾ, മത സംഘടനകൾ എന്നിവയുടെ സേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്തുക.

11. പഞ്ചായത്തിലെ എല്ലാ ആളുകളും പഞ്ചായത്തിന്റെ ഏതെങ്കിലും വികസന പദ്ധതികൾക്ക് സംഭാവനയോ, മനുഷ്യാധ്വാനമോ നൽകി വികസന പ്രക്രിയയിൽ പങ്കെടുക്കേണ്ടതാണ്.

12. പട്ടികജാതി, വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയും അവർക്ക് സൗജന്യമായി ട്യൂഷൻ നൽകാൻ സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്.

13. പഞ്ചായത്തിലെ വിദഗ്ധ തൊഴിലാളികളെയെല്ലാം. (പ്ലംബർ, ഇലക്ട്രീഷ്യൻ, T. V. റിപ്പയർ, ആശാരി) സംഘടിപ്പിയ്ക്കുകയും അവരുടെ സേവനം പഞ്ചായത്തിന് ആവശ്യമാകുമ്പോൾ ലഭിയ്ക്കത്തക്കവിധം ക്രമീകരിയ്ക്കുകയും ചെയ്യുക.

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. കെ. ആർ. ബോധേശപ്പണിയ്ക്കർ

ശ്രീ. എൻ. സജികുമാർ

പ്രൊഫ: കെ. ജെ. ബേബി

പ്രൊഫ: എസ്. എസ്. നായർ

ശ്രീ. കെ. എൻ. സഹദേവൻ

ശ്രീ. പി. ഉണ്ണികൃഷ്ണൻനായർ

ശ്രീ. കെ. കെ. ശശിധരൻനായർ

ശ്രീ. എ. ജെ. കോശി

ശ്രീ. റവ. എൻ. രാമചന്ദ്രൻ

ശ്രീമതി. വി. എൻ. കുഞ്ഞമ്മ

ശ്രീ. വി. വി. ഫിലിപ്പ്

ശ്രീ. റവ. എൻ. തങ്കപ്പൻ

ശ്രീ. കെ. ആർ. സഖറിയ

ശ്രീ. ഒവ. പി. കോശി

ശ്രീ. വി. കെ. തോമസ്

6
അവസാന വാക്ക്.....

പഞ്ചായത്തിന്റെ സമഗ്രവികസനരേഖ വിനയപൂർവ്വം ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ജനങ്ങളും മുമ്പാകെ സമർപ്പിക്കുകയാണ്. നമ്മുടെ ഗ്രാമത്തിലെ മുഴുവൻ പ്രശ്നങ്ങളും അവതരിപ്പിച്ചിരിക്കുന്നു എന്ന അവകാശവാദമൊന്നുമില്ല. എങ്കിലും പഞ്ചായത്തുകളുടെ ആസൂത്രണാധികാരത്തിന്റെ പരിധിയിൽ വരുന്ന ഏതാണ്ടെല്ലാവിഷയങ്ങളും പരിശോധിയ്ക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്.

എന്തായാലും ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനാഭിലാഷങ്ങളും ഏതാണ്ടെല്ലാംതന്നെ പ്രതിഫലിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണു വിശ്വാസം.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള സ്ഥിതി, പ്രശ്നങ്ങളും, സാദ്ധ്യതകളും എല്ലാം ഇതിൽ ഉൾക്കൊള്ളിയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ രേഖ നമ്മുടെ പഞ്ചായത്തിന്റെ ഭാവിവികസനത്തിന്റെ മാർഗ്ഗരേഖയാണ്. ഈ രേഖയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന വികസന പ്രൊജക്ടുകളാണ് ഇതിന്റെ വിജയവും പരാജയവും നിശ്ചയിക്കുന്നത്. പദ്ധതികളും പ്രാവർത്തികമാക്കണമെങ്കിൽ മുഴുവൻ ജനങ്ങളും ജാതി, മത,രാഷ്ട്രീയപരിഗണനകൾക്കതീതമായി സഹകരിച്ചേമതിയാവൂ. പദ്ധതിയുടെ ആസൂത്രണത്തിൽ മാത്രമല്ല നടത്തിപ്പിലുംജനപങ്കാളിത്തമുണ്ടാവേണ്ടിയിരിക്കുന്നു.ജനശക്തി പൂർണ്ണമായും കൈയ്യൊഴിച്ചുവിട്ടെങ്കിൽ മാത്രമേ വികസനം മുരടിച്ചുനില്ക്കുന്ന നമ്മുടെ ഗ്രാമത്തിനു മോചനമുള്ളൂ.

വികസന റിപ്പോർട്ട്, പദ്ധതി രൂപീകരണത്തിന്റെ ഒരു ഘട്ടംമാത്രമാണ്. വികസനസെമിനാർ രൂപം നൽകുന്ന കർമ്മസമിതികളും റിപ്പോർട്ടിലുള്ള വികസനാവശ്യങ്ങളും പ്രോജക്ടുകളായിമാറിയെങ്കിൽ മാത്രമേ നമ്മുടെ ഒമ്പതാം പദ്ധതി നിർദ്ദേശങ്ങളായി ഇവ അംഗീകരിക്കപ്പെടുകയുള്ളൂ. ജനകീയാസൂത്രണപദ്ധതിക്ക് ഇതുവരെ ജനങ്ങളിൽനിന്നുണ്ടായ നിർലോപമായ സഹകരണം തുടർന്നുള്ള കർമ്മസമതികളുടെ പ്രവർത്തനങ്ങളിലും പദ്ധതിനടത്തിപ്പിന്റെ ഘട്ടത്തിലും ഉണ്ടാവുമെന്നു പ്രതീക്ഷിക്കട്ടെ.

നിരവധിപേരുടെ നിരന്തരപ്രയത്നത്തിന്റെ പരിണിതിയാണ് ഈ രേഖ. കവർഡിസൈൻ ചെയ്തുതന്നുസഹായിച്ച ആർട്ടിസ്റ്റ് ശ്രീ രാജൂ മറ്റു ഡിസൈനുകളും വരച്ചുതന്നു സഹായിച്ച ആർട്ടിസ്റ്റ് ശ്രീ ഉണ്ണി, അച്ചടി സ്തുത്യർഹമായിചെയ്തുതീർത്ത ഭാഷാ പ്രിന്റേഴ്സ് മാനേജർ ശ്രീ. തോമസ്, ശ്രീ മോഹൻ, പ്രസിലെ മറ്റു ജീവനക്കാർ തുടങ്ങിയവരോട് ഞങ്ങൾക്കുള്ള നന്ദി നിസീമമാണ്.

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ നാം പരീക്ഷണത്തിലാണ്. ഈ പരീക്ഷണത്തിൽ നാം വിജയവൈജയന്തിപാറിയ്ക്കുമെന്ന് ഉത്തമ വിശ്വാസത്തോടെ മാറ്റത്തിന്റെ പുതിയ പടവുകൾ ചവിട്ടിക്കയറി പരോഗതിയുടെ വെള്ളിവെളിച്ചത്തിലേക്ക് ഒരുമയോടെ മുന്നേറാൻ ഒത്തു ശ്രമിക്കാം.

സവിനയം

പ്രൊഫ: **ടി. കെ. ജി. നായർ**

(ചീഫ്. എഡിറ്റർ)



നാട്ടിലെ ഓരോ വീടും ഓരോ വിദ്യാലയമാണ്,

മാതാപിതാക്കൾ അദ്ധ്യാപകരും

....മഹാത്മാഗാന്ധി



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ചെന്നീർക്കര ഗ്രാമ പഞ്ചായത്ത്

Cover Printed at Cejo Offset Printers, Changanassery